

പിണ്ടിമന ഗ്രാമപഞ്ചായത്ത്
വികസന റിപ്പോർട്ട്
— 1996 —







എം.എം. ജോസഫ്
(പ്രസിഡണ്ട്)



എൻ.എം. ഉമ്മാനി
(വൈസ് പ്രസിഡണ്ട്)



സണ്ണി പൗലോസ്
(സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ)

77-3



പിണ്ടിമന ഗ്രാമ പഞ്ചായത്ത് വികസന റിപ്പോർട്ട് 1996

(30—11—1996 ന് മുത്തംകുഴി അത്താണിക്കൽ യു.പി. സ്കൂളിൽ വച്ച് നടത്തുന്ന വികസന സെമിനാറിൽ അവതരിപ്പിക്കുന്നത്)

ആമുഖം

ജനകീയ ശക്തിയിലധിഷ്ഠിതമായ സാമൂഹ്യ—സാമ്പത്തിക പുരോഗതിക്ക്, ആസൂത്രണം താഴ്ന്ന തലത്തിൽ നിന്നു തുടങ്ങുന്ന, കേരള സംസ്ഥാനത്തിന്റെയും ആസൂത്രണ പ്രക്രിയയുടെയും ചരിത്ര സംഭവമായി മാറുന്ന പുതിയ അനുഭവത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തും പങ്കാളിയാവുകയാണ്. പുത്തൻ വികസന രാഷ്ട്രീയ സംസ്കാരത്തിന്റെ ഭാഗമായി അധികാരം ജനങ്ങളിലേക്കെത്തിക്കുന്ന 9—ാം പദ്ധതിയിലേക്ക് വികസന വ്യഗ്രതയുമായി നാം മുന്നേറുകയാണ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉത്ഘാടനം 1996 ആഗസ്റ്റ് 17 (1172 ചിങ്ങം 1)ന് നടത്തപ്പെടുകയും തുടർന്ന് ജില്ലാതല പരിശീലനം, 1996 സെപ്തംബർ 10, 11, 12 തീയതികളിൽ കോതമംഗലത്തു വച്ചും നടത്തപ്പെട്ടു. പിണ്ടിമന പഞ്ചായത്തുതല പരിശീലനം 1996 സെപ്തംബർ 19—ാംതീയതി മുത്തംകുഴിയിൽ വച്ച് നടന്നു. 87 പേർ ഈ പരിശീലന പരിപാടിയിൽ പങ്കെടുത്തു.

6—10—1996 മുതൽ 13—10—1996 വരെ തീയതികളിൽ പഞ്ചായത്തിലെ 9 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിച്ചു. അതേ തുടർന്ന് ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു.

1996 നവംബർ 5,6,7 തീയതികളിലായി രണ്ടാംഘട്ട ജില്ലാതല പരിശീലനം കോതമംഗലത്തു വച്ചു നടന്നു. 8—11—1996ൽ പഞ്ചായത്തുതല രണ്ടാംഘട്ട പരിശീലനം മുത്തംകുഴിയിൽ വച്ചു നടന്നു. പരിശീലന പരിപാടിയിൽ പങ്കെടുത്തവരുടെ എണ്ണം 48.

1996 നവംബർ 9, 10 തീയതികളിലായി പഞ്ചായത്ത് പഠന പര്യടനം നടത്തി. 12—11—1996ൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചു ചേർത്ത് നടപ്പു പദ്ധതികളെക്കുറിച്ചുള്ള അവലോകനം നടത്തി.

പിണ്ടിമന ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹകരിച്ച ഓരോരുത്തരോടുമുള്ള നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

പിണ്ടിമന ഗ്രാമപഞ്ചായത്തിനു വേണ്ടി

(ഒപ്പ്)

പിണ്ടിമന — എം.എം. ജോസഫ്

30—11—1996 — പ്രസിഡണ്ട്

ഭരണസമിതിയംഗങ്ങൾ

1. എം.എം. ജോസഫ്	(പ്രസിഡണ്ട്)
2. എൻ.എം. ഉമ്മാനി	(വൈസ് പ്രസിഡണ്ട്)
3. സണ്ണി പൗലോസ്	(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. സി.സി. ഭാസി	(ഭരണസമിതിയംഗം)
5. അമ്മിണിയമ്മ	(ഭരണസമിതിയംഗം)
6. മാത്യു സ്കറിയ	(ഭരണസമിതിയംഗം)
7. സുശീല പുരുഷോത്തമൻ	(ഭരണസമിതിയംഗം)
8. എം.ബി. ഗോപിനാഥൻനായർ	(ഭരണസമിതിയംഗം)
9. മുഹമ്മദ് ഖാദർ	(ഭരണസമിതിയംഗം)

സെക്രട്ടറി
ടി.പി. ചാക്കോച്ചൻ

കോഴ്സ് കോ—ഓർഡിനേറ്റർ
ജോയി അബ്രാഹം

ആർറ്റിസ്റ്റ്: വേണു മാലിപ്പാറ

ഉള്ളടക്കം

ആമുഖം

ഭാഗം 1 സാമൂഹിക–സാംസ്കാരിക ചരിത്രം

ഭാഗം 2 ഭൂപ്രകൃതി, ഭൂവിനിയോഗം, ജലസ്രോതസുകൾ

ഭാഗം 3 വികസന മേഖലകൾ

1. പ്രാഥമിക മേഖല

എ. കൃഷിയും ജലസേനചവും

ബി. മൃഗസംരക്ഷണവും മത്സ്യബന്ധനവും

2. ദ്വിതീയ മേഖല

1. വ്യവസായം

2. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്

3. പാർപ്പിടം

3. ത്രിതീയ മേഖല

(സേവനങ്ങളും ക്ഷേമ പ്രവർത്തനങ്ങളും)

1. ആരോഗ്യം

2. കുടിവെള്ളം

3. വിദ്യാഭ്യാസം

4. സംസ്കാരം

5. പട്ടികജാതി പട്ടിക വർഗ ക്ഷേമം

6. സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി

7. സാമൂഹ്യ ക്ഷേമം

8. സഹകരണ മേഖല

9. വിഭവ സമാഹരണം

പഞ്ചായത്തിന്റെ പേര്	—	പിണ്ടിമന ഗ്രാമ പഞ്ചായത്ത്
ജില്ലാ പഞ്ചായത്തിന്റെ ഡിവിഷൻ		നേര്യമംഗലം
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ		പിണ്ടിമന
ബ്ലോക്ക് പഞ്ചായത്ത്	—	കോതമംഗലം
താലൂക്ക്	—	കോതമംഗലം
അസംബ്ലി മണ്ഡലം	—	കോതമംഗലം
ലോകസഭാ മണ്ഡലം	—	മൂവാറ്റുപുഴ
വിസ്തീർണ്ണം	—	25.77 ച.കി.മീ.
ജനസംഖ്യ	—	14,951 (1991)
വാർഡുകളുടെ എണ്ണം		— 9

അതിരുകൾ

—കിഴക്ക് : പെരിയാർ, കീരംപാറ പഞ്ചായത്ത്

തെക്ക് : കോതമംഗലം മുനിസിപ്പാലിറ്റി, നെല്ലിക്കുഴി പഞ്ചായത്ത്

പടിഞ്ഞാറ് : നെല്ലിക്കുഴി, കോട്ടപ്പടി പഞ്ചായത്തുകൾ

വടക്ക് : പെരിയാർ, വേങ്ങൂർ, കുട്ടമ്പുഴ, കോട്ടപ്പടി പഞ്ചായത്തുകൾ

ഭാഗം 1
സാമൂഹിക സാംസ്കാരിക ചരിത്രം

പിണ്ടിമന ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെടുന്ന ഭൂപ്രദേശം ഒരു കാലത്ത് ഒരു മനയുടെ കീഴിലായിരുന്നു എന്നും പിൽക്കാലത്ത് പ്രസ്തുത മനയിലെ കർത്താക്കന്മാർ ഈ ഭൂവിഭാഗങ്ങൾ പലർക്കായി വിഭജിച്ച് നൽകുകയാണുണ്ടായതെന്നും പറയപ്പെടുന്നു.

പിണ്ടിമനയിൽ മാത്രമായി ഒരു സാംസ്കാരിക ചരിത്രം കേന്ദ്രീകരിക്കുന്നില്ല. ഈ പഞ്ചായത്തിന്റെ തെക്കേ അതിരിനോട് ചേർന്നുള്ള തൃക്കാരിയൂരും കിലോമീറ്ററുകൾ മാത്രം ദൂരത്തിലുള്ള താലൂക്ക് ആസ്ഥാനം കൂടിയായ കോതമംഗലവും ചരിത്രം പേറുന്ന സ്ഥലങ്ങളാണ്. പിണ്ടിമന പഞ്ചായത്തിലുൾപ്പെടുന്നതും വടക്കേ അതിരുമായ ഭൂതത്താൻകെട്ട് ഐതിഹ്യത്താൽ സമ്പുഷ്ടവുമാണ്.

തുറമുഖ പട്ടണമായ മുസിരിസിനെപ്പറ്റി പറയുന്ന ടോളമി (എ.ഡി. 100—170) അതിനടുത്ത് ഉള്ളോട്ടു മാറിക്കിടക്കുന്ന 'കരൗര' എന്ന സ്ഥലം കേരോബോത്രോസ് (കേരളപുത്രൻ)ന്റെ തലസ്ഥാന നഗരമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. "സ്വസ്തിശ്രീ തിരുപുവന ചക്കരവർത്തികൾ ഈഴമും (ശ്രീലങ്ക) മതുരൈയും പാണ്ടിയൻ മുടിത്തലൈയം കരവൂരും. കൊണ്ടരുളിന" എന്ന് ചോളശാസനത്തിലും ഒരു 'കരവൂർ' പറഞ്ഞു കാണുന്നു. 'കരൗര' തന്നെയാണ് കരവൂർ എന്ന നിഗമനത്തിൽ ചരിത്ര ഗവേഷകന്മാർ കരവൂരിന്റെ സ്ഥാനം കണ്ടെത്താനുള്ള ശ്രമത്തിലേർപ്പെട്ടു. പശ്ചിമഘട്ടത്തിനപ്പുറം കോയമ്പത്തൂരിലെ ഒരു കരവൂർ ആണെന്ന് ധരിച്ചെങ്കിലും അന്വേഷണം അവിടെ വഴിമുട്ടി. പിന്നീട് അവരുടെ ശ്രദ്ധ കോതമംഗലത്തിനടുത്തുള്ള തൃക്കാരിയൂരിലെത്തി. ബുദ്ധമത വിശ്വാസിയായ ഒരു കേരളചക്രവർത്തിയുടെ ആസ്ഥാനമായിരുന്നു തൃക്കാരിയൂർ എന്ന് 'ഇൻഡ്യൻ ആൻറിക്വയറി'ലെ 'കേരളോൽപത്തി'യിൽ പരാമർശമുണ്ട്. ഈ പരാമർശത്തിന്റെ ചുവടു പിടിച്ചാണ് വികനകസഭൈ എന്ന ചരിത്ര പണ്ഡിതൻ ടോളമി പറയുന്ന കരവൂർ തൃക്കാരിയൂരാണെന്ന് വാദിച്ചത്. (കരവൂർ എന്ന സ്ഥലപ്പേര് ക്ഷേത്രസ്ഥാപനത്തോടുകൂടി 'തിരുകരവൂർ' എന്നും പിന്നീട് 'തൃക്കാരിയൂർ' എന്നും രൂപാന്തരപ്പെടുകയാണുണ്ടായത്) , തന്നെയുമല്ല കോതമംഗലം വില്ലേജിലുൾപ്പെട്ട കരൂർ എന്ന പ്രദേശവും പഴയ കരവൂരിന്റെ ഭാഗമായിക്കൂടെന്നില്ല. എന്നാൽ കരവൂർ എന്ന തലസ്ഥാനനഗരം കൊടുങ്ങല്ലൂരിനടുത്തുള്ള 'കരൂപ്പടന്ന'യാണെന്നും അതല്ല കൊടുങ്ങല്ലൂർ തന്നെയാണെന്നും ഉള്ള നിഗമനത്തിലാണ് ഗവേഷകർ എത്തിപ്പെട്ടത്. വാസ്തവത്തിൽ കൊടുങ്ങല്ലൂരിൽ പ്രധാന രാജധാനിയും കോയമ്പത്തൂരിലെ കരവൂരിലും തൃക്കാരിയൂരിലും കരൂപ്പടന്നയിലും ഉപരാജധാനികളുമാണുണ്ടായിരുന്നത്.

തമിഴ്നാട്ടിലെ തിരുനെൽവേലി, ദിണ്ഡിക്കൽ എന്നീ വാണിജ്യ നഗരങ്ങളെയും കോതമംഗലത്തിനെയും തലസ്ഥാന നഗരമായിരുന്ന തൃക്കാരിയൂരിനെയും ബന്ധിപ്പിച്ചുകൊണ്ട് ഒരു നടപ്പാതയുണ്ടായിരുന്നതും ഈ വസ്തുതയിലേക്കാണ് വെളിച്ചം വീശുന്നത്. തട്ടേക്കാടു വഴി പെരിയാർ കടന്ന് മൂന്നാറിലെത്തി 'കുരങ്കണി ഇറക്കം'എന്ന ചുരം കടന്ന് തമിഴ്നാട്ടിലെത്തി ബോഡിനായ്ക്കന്നൂർ വഴിയാണ് ഈ മലമ്പാത പോയിരുന്നത്. ഈ കാട്ടുപാതയുടെ ലക്ഷണങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ട്.

ലോകത്തെവിടെയും ആദി നാഗരികതയുടെ ഈറ്റില്ലം നദീതീരങ്ങളായിരുന്നു. ആഫ്റിക്കയിൽ നൈൽ നദിയും യൂറോപ്പിൽ ടൈഗ്രീസ് യൂഫ്രട്ടീസ് നദികളും ഉത്തരേന്ത്യയിൽ സിന്ധു ഗംഗാ നദികളും ദക്ഷിണേന്ത്യയിൽ കാവേരി വൈഗ പെരിയാർ നദികളും ഐതിഹ്യ പ്രസിദ്ധങ്ങളായ നഗരങ്ങൾ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കു വഹിച്ചിട്ടുണ്ട്.

പശ്ചിമ ഘട്ടത്തിലുത്ഭവിച്ച് പടിഞ്ഞാറോട്ടൊഴുകുന്ന നദിയാണ് പെരിയാർ. കാവേരിയും വൈഗയും കിഴക്കോട്ടൊഴുകുന്ന, തമിഴ് നാട്ടിലെ നദികളും. പെരിയാർ തീരത്തെ പ്രാചീന നഗരങ്ങളുടെ കൂട്ടത്തിൽ തൃക്കാരിയൂരിനെയും ഉൾപ്പെടുത്തിക്കാണുന്നു.

തമിഴ് സംഘകാലത്തിനു ശേഷം കരവൂരിന്റെ ഒരു ഭാഗം കോതമംഗലമായി രൂപാന്തരപ്പെട്ടു. കീഴ്മലൈ നാട് എ.ഡി. 1600നോടടുത്ത് വടക്കുംകൂർ രാജ്യത്തിൽ ലയിച്ചുവെന്ന് ചരിത്രകാരന്മാർ പറയുന്നു. ഇന്നത്തെ മൂവാറ്റുപുഴ, തൊടുപുഴ, കോതമംഗലം താലൂക്കുകൾ ചേർന്നതായിരുന്നു കീഴ്മലൈ നാട്. കോതമംഗലമായിരുന്നു അതിന്റെ തലസ്ഥാനമെന്ന് കരുതാൻ തക്ക തെളിവുകളുണ്ട്. കീഴ്മലൈ നാട് രാജാക്കന്മാർ 'കോത' (ഗോദ) ബിരുദം വഹിച്ചവരായിരുന്നു.

കേരള രാജാവായ വീരകേരളനെയും കോതമംഗലത്തെയും പറ്റി തമിഴ്നാട്ടിൽ മധുര ജില്ലയിൽപ്പെട്ട പഴനിയിലെ പെരിയ ഉടയാർ ക്ഷേത്രത്തിലെ വട്ടെഴുത്ത് ശിലാ രേഖകളിൽ പ്രസ്താവമുണ്ട്. ഈ ശിലാ രേഖകളുടെ കാല

കീഴ്മലൈ നാടിന്റെ തലസ്ഥാനം കോതമംഗലമായിരുന്നു. ചരിത്ര പ്രധാനമായ കോതമംഗലം എന്ന സ്ഥലത്തെപ്പറ്റി അറിയാത്തവർ വിഡ്ഢികളാണെന്ന അർത്ഥത്തിൽ 'ഏതപ്പാ കോതമംഗലം' എന്ന ഒരു ചൊല്ലും പ്രചാരത്തിലുണ്ട്.

തൃക്കാരിയൂരിലുള്ള ശിവക്ഷേത്രം നശിപ്പിക്കുന്നതിനായി ഭൂതങ്ങൾ പെരിയാറ്റിൽ ഒരു അണ കെട്ടാൻ ശ്രമിച്ചുവത്രേ. നദിയുടെ ഇരു കരകളിലും നിന്ന് നദിയിലേക്കിറങ്ങിയ രൂപത്തിൽ വലിയ പാറകൾ കാണാം. മദ്ധ്യഭാഗത്ത് ഒരു കല്ലുകൂടി വച്ചാൽ നദിയിൽ വെള്ളം പൊങ്ങി. തൃക്കാരിയൂരും ക്ഷേത്രവും നശിക്കുമായിരുന്നു. അതിനു മുമ്പേ മഹാദേവർ (തൃക്കാരിയൂരപ്പൻ) കോഴിയുടെ രൂപത്തിൽ കൂവിയെന്നും നേരം പുലർന്നു എന്ന ധാരണയിൽ അണ കെട്ടുന്നത് മതിയാക്കി ഭൂതങ്ങൾ പിൻവാങ്ങിയെന്നുമാണ് ഐതിഹ്യം. ഭൂതങ്ങൾ അണകെട്ടാൻ ശ്രമിച്ച സ്ഥലമാണ് ഭൂതത്താൻകെട്ട്.

ഇങ്ങനെ ചരിത്രവും ഐതിഹ്യവും പിണ്ടിമന പഞ്ചായത്തിന്റെ അതിരുകളിൽ വന്നു സംഗമിക്കുന്നതു


1962 ജനുവരി ഒന്നാം തീയതി കീരംപാറ പഞ്ചായത്തിന്റെയും കോട്ടപ്പടി പഞ്ചായത്തിന്റെയും ചില ഭൂവിഭാഗങ്ങൾ കൂട്ടിച്ചേർത്ത് പിണ്ടിമന ഗ്രാമപഞ്ചായത്ത് രൂപീകരിക്കപ്പെട്ടു. ആരംഭകാലത്ത് പഞ്ചായത്ത് ആസ്ഥാനം ചെമ്മീൻകുത്ത് ആയിരുന്നു. പിന്നീട് മുത്തംകുഴിയിലേക്ക് മാറി.


മുൻ പ്രസിഡണ്ടുമാർ

1. എം.ഐ. മർക്കോസ്
2. സി.വി. തോമസ്
3. എം.ബി. ഗോപിനാഥൻ നായർ
4. വി.കെ. തങ്കപ്പൻ
5. പി.ജെ. പൗലോസ്
6. വി.ജെ. പൗലോസ്
7. എൻ.ടി. ജോർജ്

ഭാഗം II

ഭൂപ്രകൃതി, ഭൂവിനിയോഗം, ജല സ്രോതസ്സുകൾ


ഭൂപ്രകൃതി
മൺതരം
സസ്യാവരണം
പരിസ്ഥിതി പ്രശ്നങ്ങൾ
സമതലം
സമതലം
ചെറിയ കുന്ന്
താഴ്ന്ന പ്രദേശം
താഴ്ന്ന പ്രദേശം
ചെറിയ കുന്ന്
ചെറിയ കുന്ന്
കുന്ന്
കുന്ന്
കുന്ന്
കുന്ന്
മണ്ണ് മണ്ണ് മണ്ണ്



കേരളത്തെ, കാടും മലയും ചേർന്ന കിഴക്കൻ ഭാഗം, സമതലമായ മദ്ധ്യഭാഗം, കടലോരമായ പടിഞ്ഞാറൻ ഭാഗം എന്നിങ്ങനെ മൂന്നായി തിരിക്കാം. കാടും മലയും ചേർന്ന കിഴക്കൻ ഭാഗത്തിന്റെ പടിഞ്ഞാറ്റത്തായിട്ടാണ് പിണ്ടിമന ഗ്രാമ പഞ്ചായത്തിന്റെ സ്ഥാനം. മഴയുടെ അളവ് 3178 mm (വർഷം) ആണ്.


ഭൂപ്രകൃതിയുടെ ഈ പ്രത്യേകത ഈ പഞ്ചായത്തിലെ കൃഷി, ജനജീവിതം, വിദ്യാഭ്യാസ നിലവാരം, ആചാരാനുഷ്ഠാനങ്ങൾ എന്നിവയിൽ പ്രകടമായിക്കാണാം. കുന്നിൻചരിവുകളിൽ സാധ്യതയുള്ള റബ്ബർ, തെങ്ങ്, കമുക്, കുരുമുളക്, ഇഞ്ചിപ്പുല്ല് കശുമാവ് മുതലായ നാണ്യ വിളകളാണ് പ്രധാന കൃഷി. ഭക്ഷ്യ വിളകൾ ഇടവിളയായാണ് പ്രധാനമായും കൃഷി ചെയ്യുന്നത്. റബ്ബർ ടാപ്പിംഗ്, ആടുമാടു വളർത്തൽ, വനവിഭവങ്ങൾ ഉപയോഗിച്ചുള്ള കൈത്തൊഴിലുകൾ, മരപ്പണി മുതലായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരാണ്, കൃഷിക്കാർ കഴിഞ്ഞാൽ, അധികവും. നാഗരികതയുടെ പ്രധാന ലക്ഷണമായ ഔദ്യോഗിക രംഗത്തു പ്രവൃത്തി ക്കുന്നവർ പ്രായേണ വിരളമാണ്.


1930കളിൽ സാമ്പത്തിക രംഗത്തുണ്ടായ പ്രതിസന്ധിയെ ത്തുടർന്നു കടമറ്റം, വടകര, കുറുപ്പംപടി, പാലാ, ആരക്കുഴ എന്നിവിടങ്ങളിൽ നിന്നും കൂട്ടമായി കുടിയേറിയ കൃഷിതൽപ്പരരായ ക്രൈസ്തവരാണ് പിണ്ടിമന ഗ്രാമ പഞ്ചായത്തിലെ കാർഷിക–സാമൂഹിക രംഗത്ത് വിപ്ലവ കരമായ മാറ്റത്തിന് നാന്ദി കുറിച്ചത്. പ്രായേണ കാടും മേടും നിറഞ്ഞ വടക്കൻ ഭാഗത്ത് മനുഷ്യധ്വാനം മാത്രം മുതലിറക്കി കൃഷിക്കുപയുക്തമാക്കിയെടുക്കുന്നതിലും ജന ജീവിതം കരുപ്പിടിപ്പിക്കുന്നതിലും കുടിയേറ്റ കർഷകർ നിർണ്ണായകമായ പങ്കു വഹിച്ചു.

കാർഷിക രംഗമാണ് പ്രധാന ഉപജീവന മാർഗ്ഗമെന്ന അവബോധം, ഈ പഞ്ചായത്തിലെ ജനങ്ങളെ കലാ–സാഹിത്യ–സാംസ്കാരിക രംഗത്ത് പ്രത്യക്ഷപ്പെടുന്നതിലും ശോഭിക്കുന്നതിലും പിന്നോക്കം നിർത്തി എന്ന് അനുമാനിക്കാം. നഗരവാസികളിലെ ഉയർന്ന വിദ്യാഭ്യാസ നിലവാരവും അവരുടെ തൊഴിലില്ലായ്മയും ഗ്രാമവാസികളിൽ കാണുന്നില്ലല്ലോ. തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ കൂട്ടായ ശ്രമത്തിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്ന സാഹിത്യപ്രവർത്തനങ്ങൾ, നാടക–സിനിമാ രംഗത്തെ പ്രവർത്തനങ്ങൾ എന്നീ രംഗങ്ങളിൽ ഗ്രാമവാസികൾ എത്തിപ്പെടാത്തത് അതുകൊണ്ടാണ്. ബിരുദാനന്തര ബിരുദധാരികളെയോ സാങ്കേതിക വിദഗ്ദ്ധരെയോ കലാ–സാഹിത്യ–സാംസ്കാരിക–കായിക രംഗത്തെ മികച്ച താരങ്ങളെയോ സമ്മാനിക്കാൻ നഗരത്തിനെന്നപോലെ ഗ്രാമത്തിനു കഴിയാതെ പോകുന്നതും മറ്റൊന്നും കൊണ്ടല്ല. കാർഷിക രംഗത്തും ഒരു സാംസ്കാരിക അവബോധം വളർത്തിയെടുക്കുകയും കലയെയും സാഹിത്യത്തെയും കാർഷിക രംഗവുമായി സമന്വയിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

പിണ്ടിമന ഗ്രാമ പഞ്ചായത്തിലെ ചെങ്കര നിന്നും ആരംഭിക്കുന്നതും ഏകദേശം 11കി. മീ. ദൂരത്തിൽ പിണ്ടിമന പഞ്ചായത്തിന്റെ ഉദ്ദേശം മദ്ധ്യത്തിലൂടെ കടന്നു പോകുന്നതുമായ പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് മെയിൻ കനാലാണ് ഇവിടത്തെ മുഖ്യ ജലസേചന സ്രോതസ്സ്. പ്രസ്തുത കനാലിലെ വെള്ളം ആദ്യമായി കൃഷിക്കു പയോഗിക്കുന്നതും പിണ്ടിമന പഞ്ചായത്താണ്. പ്രധാന കനാലിൽ നിന്നും പിരിയുന്ന ആദ്യത്തെ സബ് കനാൽ ഈ പഞ്ചായത്തിൽ ആരംഭിക്കുന്നു.

ഈ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം, വിദ്യാഭ്യാസനിലവാരം, കാർഷികാഭിവൃദ്ധിക്കാവശ്യമായ ജലസേചന സൗകര്യങ്ങൾ, തൊഴിൽ മേഖലകളിലെ സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളാണ് 9–ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമപഞ്ചായത്ത് സമിതി മുന്നോട്ടു വയ്ക്കുന്നത്.


പിണ്ടിമന പഞ്ചായത്ത് - ഭൂപ്രകൃതി
ഏറ്റവും ഉയർന്ന പ്രദേശം
ഉയർന്ന പ്രദേശം.
നിരപ്പായ പ്രദേശം.
താഴ്ന്ന പ്രദേശം.
കോട്ടപ്പടി പഞ്ചായത്ത്
വെങ്ങാട്ടൂർ വില്ലേജ്
കുട്ടമ്പുഴ വില്ലേജ്
പെരിയാർ
കോട്ടപ്പടി പഞ്ചായത്ത്
ഭൂതത്താൻ കെട്ട്
കുറുമറ്റം
തുരുത്തംകുഴി
തൃക്കാരിയൂർ പഞ്ചായത്ത്
നെല്ലിക്കുഴി പഞ്ചായത്ത്
കീരമ്പാറ പഞ്ചായത്ത്
കാരിങ്ങഴ-പൂഴിത്തോട്
കോതമംഗലം മുനിസിപ്പാലിറ്റി.
N
W
E
S


പിണ്ടിമന പഞ്ചായത്ത് ഭൂവിനിയോഗം (കൃഷി)
വാർഡുകൾ.
I തുവ്വാമ്പാറ.
II ഭൂതത്താൻകെട്ട്.
III മുച്ചിലാട്ട്.
IV കുറുമറ്റം
V കുളങ്ങാട്ടുകുഴി.
VI പിണ്ടിമന ഈസ്റ്റ്.
VII പിണ്ടിമന വെസ്റ്റ്.
VII അയിരൂർ
IX തുരുമ്പാട്ട്.
നെല്ല്
തെങ്ങ്
റബ്ബർ
ഇടതുകര കനാൽ
ഇഞ്ചിക്കണ്ടം കനാൽ
ഭൂതത്താൻ കെട്ട്
തൈയിൻ കനാൽ
കോതമംഗലം തോട് - മൂഴിഞ്ഞാട്ട്
N
W
E
S

ഭാഗം III –

വികസന മേഖലകൾ

പ്രാഥമിക മേഖല

I (A) കൃഷിയും ജലസേചനവും

തികച്ചും കാർഷിക പശ്ചാത്തലമുള്ള ഗ്രാമീണ മേഖലയാണ് പിണ്ടിമന പഞ്ചായത്ത്. ഇരുപ്പു നിലങ്ങളും, ഒരുപ്പുനിലങ്ങളും അതിനോടു ചേർന്ന് സമ്മിശ്ര കൃഷികൾ ചെയ്തിരുന്ന കരഭൂമിയും, കശുമാവുകൃഷിയും തെരു വപ്പുല്ലുകൃഷിയും ഉള്ള മൊട്ടക്കുന്നുകളും ചേർന്നതായിരുന്നു കൃഷിഭൂമി. കൃഷിക്കും, മൃഗപരിപാലനത്തിനും ഉതകുന്ന ജൈവ സമ്പത്തുള്ള ഭൂവിഭാഗമായിരുന്നു അവശേഷിച്ചിരുന്നത്. ഭൂഉടമകളേയും കൃഷിയിടങ്ങളേയും കേന്ദ്രീകരിച്ച് അതിൽ പണിയെടുക്കുന്നവർ കുടുംബപരമായ അദ്ധ്വാനശേഷി മുഴുവൻ വിനിയോഗിക്കുന്നതായിരുന്നു അന്നത്തെ ശൈലി.

നിലങ്ങളിൽ ഇടവിളയായി മുതിര, തിന, ചാമ, വരക്, പയർ, ചണ്ടുഴുന്ന്, എള്ള്, നിലക്കടല, പച്ചക്കറി, വാഴ, കപ്പ മുതലായവയും കൃഷിചെയ്തിരുന്നു. ഏകദേശം അന്യം നിന്നുപോയ ഒരു കൃഷിയാണ് ചണ്ടുഴുന്ന്. കർഷകന് ഒട്ടും അദ്ധ്വാനഭാരമുള്ളതായിരുന്നില്ല ചണ്ടുഴുന്നിന്റേത്. നെല്ല് വിളവെടുക്കുന്നതിന് ഉദ്ദേശം 20,25 ദിവസം മുമ്പ് നെൽപാടത്ത് ചണ്ടുഴുന്ന് വിതയ്ക്കുന്നു. പെട്ടെന്ന് മുളച്ച് നീണ്ടുവരുന്ന ചണ്ടുഴുന്നിൻചെടികളുടെ അഗ്രഭാഗം നെല്ല് കൊയ്യുമ്പോൾ മുറിഞ്ഞുപോവുകയും അവ പരമാവധി വേഗത്തിൽ പൊട്ടി മുളച്ചാർത്ത് വരികയും കനത്ത വിളവ് തരികയും ചെയ്തിരുന്നു. ഇതുപോലെ നിലങ്ങളിലുള്ള മറ്റ് ഇടകൃഷികൾക്കും തനതായ ശൈലിയും, മാന്യമായ വരുമാനവും ഉണ്ടായിരുന്നു. ചവറും, ചാണകവും ചാരവും, പിണ്ണാക്കും ചേർന്നുള്ള ജൈവ കൃഷിരീതിയായിരുന്നു അന്ന് നിലവിലിരുന്നത്. തന്മൂലം രോഗപ്രതിരോധശേഷി വിളകൾ സ്വയം ആർജ്ജിച്ചിരുന്നു. മണ്ണിന്റെ ഘടനയ്ക്കും ജലത്തിന്റെ ലഭ്യതയ്ക്കും അനുസരണമായ വിത്തുകൾ ഉപയോഗിക്കുന്നതിലും അന്ന് നിഷ്കർഷത പാലിച്ചിരുന്നു. മുണ്ടകൻ, കൊച്ചുമുണ്ടകൻ, തവളക്കണ്ണൻ, ഇട്ടിക്കണ്ടപ്പൻ, ചാര, കട്ടംമൂടൻ, അരിമൂടൻ, വടക്കനാര്യൻ, തെക്കനാര്യൻ, ചെമ്പാവ് തുടങ്ങി വിവിധ ഇനം നെല്ലുവിത്തുകൾ കൃഷി ചെയ്തിരുന്നു. സ്വാഭാവിക മാർഗ്ഗങ്ങളുപയോഗിച്ചാണ് ചാഴിയെപ്പോലും നിയന്ത്രിച്ചിരുന്നത്. അതിന് സാധാരണയായി ഉപയോഗിച്ചിരുന്നത് കൈതപ്പൂവാണ്. പാടശേഖരങ്ങളിൽ നിരവധി കുളങ്ങൾ അന്നുണ്ടായിരുന്നു. ജലസംരക്ഷണത്തിന് അത് വഹിച്ച പങ്ക് അതിരറ്റതാണ്. അതിൽ വളർന്നിരുന്ന തവളയും, മത്സ്യങ്ങളും കീടബാധയെ വലിയ അളവിൽ നിയന്ത്രിച്ചിരുന്നു. അന്ന് നിലവിലിരുന്ന ജലസേചന രീതികളും ശാസ്ത്രീയമായിരുന്നു. ആവശ്യത്തിനുമാത്രം ജലം കൃഷിയിടങ്ങളിലെത്തിക്കാൻ ചെറുതും വലുതുമായ കൈത്തോടുകളും തേക്കു കുളങ്ങളുമുണ്ടായിരുന്നു. ആവശ്യമുള്ളപ്പോൾ നിലം വറ്റിച്ചെടുക്കുന്നതിനും കഴിയുമായിരുന്നു.

നിലത്തിന്റെ തൊട്ടു മുകൾ ഭാഗങ്ങളിലുള്ള ഉയർന്ന തട്ടുകളിൽ നേത്രവാഴയും, ഇലക്കറികളും, പച്ചക്കറികളും കൃഷിചെയ്തുപോന്നു. പയറുവർഗ്ഗങ്ങളുടെ ഒരു നീണ്ട നിര തന്നെയുണ്ടായിരുന്നു. വാളങ്കപ്പയർ, പന്നിപ്പയർ, കുലമറിയൻപയർ, കുരുത്തോലപ്പയർ, ചതുരപ്പയർ, കട്ടൻപയർ, ചെറുപയർ, അമര, തുവര തുടങ്ങി നിരവധി ഇനങ്ങൾ. ഇവയെല്ലാം കീടവിമുക്തവുമായിരുന്നു. കരപ്രദേശങ്ങളിലെ മറ്റു പ്രധാന വിളകളാണ് കിഴങ്ങു വർഗ്ഗങ്ങൾ. ഇതിൽ കപ്പയാണ് മുഖ്യമായത്. കൂടാതെ ചേന, ചേമ്പ്, ചെറുകിഴങ്ങ്, കാച്ചിൽ, മധുരക്കിഴങ്ങ്, നനകിഴങ്ങ് തുടങ്ങിയവയും കൃഷി ചെയ്തുപോന്നു. ജൈവ കൃഷിരീതി പിന്തുടർന്നതുകൊണ്ട് ഇവയുടെ രുചി അതി വിശിഷ്ടമായിരുന്നു. കപ്പയിൽ ഏത്തക്കപ്പ, മുള്ളൻതല, ആറാംമാസത്തി, വെള്ളോരിയ്ക്ക, പൊട്ടോരിയ്ക്ക, വേളാങ്കി തുടങ്ങിയവും കാച്ചിലിൽ മേഞ്ഞിൽ വളയൻ, ചോരകാച്ചിൽ, പന്നിക്കുറവൻ, മരോട്ടിതൊണ്ടൻ, കല്ലൻ കാച്ചിൽ, മാട്ടുകാച്ചിൽ, വെട്ടുകാച്ചിൽ പാലുനീണ്ടികാച്ചിൽ എന്നിവയും പ്രസിദ്ധങ്ങളായിരുന്നു. ഇതോടൊപ്പം കൊന്തവാഴയും, കൊച്ചിക്കൂവയും, പൂടോൻകിഴങ്ങ് തുടങ്ങിയവയും കൃഷിചെയ്തുപോന്നു. ഇവയെല്ലാം ചേർന്ന് സമീകൃതാഹാരലഭ്യതയും, ആരോഗ്യപരിപാലനവും അനായാസേന നിർവ്വഹിക്കപ്പെട്ടുപോന്നു.

അനുയോജ്യമായ പ്രദേശങ്ങളിൽ ഇഞ്ചി, മഞ്ഞൾ, കച്ചോലം കുരുമുളക് മുതലായവ കൃഷി ചെയ്തു പോന്നു. ഗുണമേന്മയിൽ ഈ പ്രദേശത്തുനിന്നുള്ള കുരുമുളക് വളരെ പ്രസിദ്ധമാണ്. ഈ കൃഷികൾക്ക് യോജിക്കാത്ത സ്ഥലങ്ങളിൽ ഇഞ്ചിപ്പുല്ല്, കശുമാവ് മുതലായവയും കൃഷിചെയ്തിരുന്നു.

കൃഷിചെയ്യാതിരുന്ന സ്ഥലങ്ങളിൽ നിന്ന് മരോട്ടിയെണ്ണ ഓടത്തെണ്ണ, പൂവ്വത്തിൻകുരു എണ്ണ, കമ്മട്ടിയെണ്ണ മുതലായവ ഉണ്ടാക്കി ഉപയോഗിച്ചിരുന്നു. ഇതിൽ ഓടത്തെണ്ണ വളരെയേറെ രുചിദായകമായിരുന്നു. ഈ ഭാഗങ്ങളിലുണ്ടായിരുന്ന അമൂല്യമായ ഔഷധസസ്യശേഖരമുപയോഗിച്ച് മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യപരിപാലനം പ്രശസ്തമായിനിർവഹിക്കപ്പെട്ടിരുന്നു. കൃഷിയിടങ്ങളോടനുബന്ധിച്ചുണ്ടായിരുന്ന സ്ഥലങ്ങളിൽ വന്യമായ വളരെയേറെ മരങ്ങളും മറ്റ് വന സമ്പത്തുമാണ് ഉണ്ടായിരുന്നത്. ജൈവസംപുഷ്ടമായിരുന്ന ഇവിടങ്ങളിൽ നിന്നും സമീപമായ വനപ്രദേശത്തുനിന്നും ഈ ദേശവാസികൾ സംഭരിച്ചിരുന്ന വനവിഭവങ്ങൾ വളരെയേറെ പ്രസിദ്ധവുമായിരുന്നു.

എന്നാൽ പരിപാലനാദ്ധ്വാനം തുലോം കുറവുള്ള നാണ്യവിളകളുടെ കടന്നുകയറ്റത്തോടെ നിലവിലുണ്ടായിരുന്ന കൃഷിരീതികൾ മുഴുവൻ മാറ്റി മറിയ്ക്കപ്പെട്ടു. ഭൂപരിഷ്കരണം മൂലം തുണ്ടുതുണ്ടാക്കപ്പെട്ട നെല്പാടങ്ങൾ വരെ നാണ്യവിളകളുടെ കടന്നു കയറ്റത്തിൽ അന്യാധീനപ്പെട്ടുപോയി. പെരിയാർ വാലി ജലസേചന സംവിധാനം നിലവിൽ വന്നതോടെ, നെൽപാടങ്ങളിലെ നീരൊഴിക്കിന്റെ ക്രമം തെറ്റി. പല പാടശേഖരങ്ങളും നീർക്കെട്ടുകളായി രൂപാന്തരപ്പെട്ടു.


കൃഷി ഇന്ന്

അവലംബം——

(പഠന പര്യടനം, ദ്വിതീയ സ്ഥിതി വിവര ക്കണക്കുകൾ, വിശേഷാൽ ഗ്രാമസഭ)

സ്വാതന്ത്ര്യ ലബ്ധിക്ക് മുൻപ് ഈ പഞ്ചായത്തിലെ മൊത്തം ഭൂമിയുടെ 25% നെൽകൃഷിക്കായിരുന്നു ഉപയോഗിച്ചിരുന്നത്. ബാക്കിഭൂരിഭാഗവും ഇഞ്ചിപ്പുൽ കൃഷിക്കും, കുറച്ച് റബ്ബർ കൃഷിക്കും ഉപയോഗിച്ചി രുന്നു.

കൃഷിഭവൻ രേഖകൾ പ്രകാരം ഇപ്പോൾ നെൽ കൃഷിചെയ്യുന്ന ഭൂമി 208 ഹെക്ടർ ആയി ചുരുങ്ങി. വൻകിട ജലസേചനപദ്ധതിയായ പെരിയാർവാലി പ്രൊജക്ട് മൂലം ജലസേചനസൗകര്യം വർദ്ധിച്ചിട്ടും കൃഷിഭൂമിയുടെ വിസ്തീർണ്ണം കുറഞ്ഞതായി കാണുന്നു. 1970—ന് ശേഷം നാണ്യവിള കൃഷിയിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് കാണുന്നത്. താരതമ്യേന നാണ്യവിളകൃഷി നെൽകൃഷിയേക്കാൾ ലാഭകരമായതുകൊണ്ടാണ് ഈ മാറ്റം ഉണ്ടായത്. നാണ്യവിളകളിൽ റബ്ബർ കൃഷിക്കാണ്. ഇപ്പോൾ പ്രാമുഖ്യം.



കൃഷിയുടെ സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

ഭൂമി സംബന്ധിച്ച വിവരങ്ങൾ

കൃഷിഭവനിൽ നിന്നുള്ള വിവരം

ഇനം	വിസ്തീർണ്ണം
നിലം	208 ഹെക്ടർ
പുരയിടം	2338.98 ഹെക്ടർ
പുറംപോക്ക്	0.47 ഹെക്ടർ
കൃഷിയോഗ്യ തരിശ്	0.32 ഹെക്ടർ
കൃഷിയോഗ്യമല്ലാത്തതരിശ്	0.15 ഹെക്ടർ
ആകെ	2547.92 ഹെക്ടർ

ഭൂപരിഷ്കരണത്തോടെ നെൽവയലുകളുടെ ഉടമസ്ഥതയിൽ മാറ്റം വരികയും 1970—കളുടെ മധ്യം മുതൽ കർഷകർ ആദായം കൂടുതലുള്ളതും സംരക്ഷണച്ചെലവ് കുറഞ്ഞതുമായ തെങ്ങുകൃഷിയിലേക്ക് മാറുകയും ചെയ്തു. കർഷകരുടെയും കർഷകത്തൊഴിലാളികളുടേയും പിൻ തലമുറക്കാർ വിദ്യാസമ്പന്നരായതോടെ കൃഷിയോടു കാണിച്ച താല്പര്യക്കുറവും ഇതിനൊരുകാരണമാണ്.

എന്നാൽ കാലക്രമേണ തെങ്ങുകൾക്ക് വ്യാപകമായ രോഗം ബാധിച്ചതിന്റെ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങൾ ഉൾപ്പെടെയുള്ള കൃഷിഭൂമികൾ ലാഭകരമായ റബ്ബർ കൃഷിക്കുവേണ്ടി തെരഞ്ഞെടുക്കുകയുംചെയ്തു. പാർപ്പിടസൗകര്യത്തിന് വേണ്ടിയും മറ്റ് ആവശ്യങ്ങൾക്കുവേണ്ടിയും നെൽപാടങ്ങൾ മണ്ണിട്ടുനികത്തുന്നതിനാൽ നെൽകൃഷിഭൂമിയുടെ അളവിൽ കുറവുവന്നു. നെൽകൃഷിയോടനുബന്ധിച്ച് നടത്തിയിരുന്ന ഇടവിളകളായ ചണ്ടുഴുന്നു പോലുള്ളവയുടെ ഉല്പാദനം നില്ക്കുകയും ചെയ്തു. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ ഉപയോഗത്തോടെ മാത്രമേ പുതിയ നെൽവിത്തുകൾ കൃഷിചെയ്യാനാവൂ എന്ന നില വന്നതോടെ നെൽ കൃഷിയോടുള്ള താല്പര്യം കുറയുകയും ചെയ്തു. തന്നെയുമല്ല കർഷകർക്ക് താങ്ങാനാവുന്നതിലും അമിതമായ വില വളങ്ങൾക്ക് കൊടുക്കേണ്ടിവന്നതിനാലും കർഷകർക്ക് നെൽ കൃഷിയോടുള്ള താല്പര്യം ക്രമേണ കുറഞ്ഞു വന്നു. ഒരു മാർഗ്ഗത്തിലും വെള്ളം വാർന്നു പോവാത്ത വെള്ളക്കെട്ടുകളാണ് ഇപ്പോൾ നെൽകൃഷിക്ക് വേണ്ടി അവശേഷിക്കുന്നത്. ഇത്തരം വെള്ളക്കെട്ടുകളിൽ രാസവളം ഉപയോഗിച്ചാൽ തന്നെയും അതിന്റെ ഗുണം കൃഷിക്ക് പ്രയോജനപ്പെടാതെ ജലത്തോടൊപ്പം ഒലിച്ചു പോകുന്നു. ഇത്തരം കാരണങ്ങളാൽ നിലിവിലുള്ള നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ശാശ്വതമായ പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തി നടപ്പിലാക്കിയില്ലെങ്കിൽ

വിള വിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം	മൊത്തംഉല്പാദനം	ഉല്പാദനക്ഷമത ഹെ
നെല്ല് ഒന്നാംവിള	208, ഹെക്ടർ	644800 കി	3100 Kg/Hec
നെല്ല് രണ്ടാംവിള	208, ഹെക്ടർ	624000 കി	3000 Kg/Hec
നെല്ല് മൂന്നാംവിള	135, ഹെക്ടർ	432000 കി	3200 Kg/Hec
പയർ	50, ഹെക്ടർ	12500 കി	250 Kg/Hec
എള്ള്	60, ഹെക്ടർ	6000 കി	100 Kg/Hec
പച്ചക്കറികൾ	45, ഹെക്ടർ	45 ടൺ	1000 Kg/Hec
തെങ്ങ്	1100, ഹെക്ടർ	19140000 എണ്ണം	7400 എണ്ണം/Hec
വാഴ	200, ഹെക്ടർ	500 ടൺ	2.5 Tons/Hec
മരച്ചീനി	60, ഹെക്ടർ	1008 ടൺ	166 Tons /Hec
കുരുമുളക്	240, ഹെക്ടർ	3261,600 കി	1359 Kg/Hec
പ്ലാവ്	8, ഹെക്ടർ	2500 ടൺ	500 Kg/Hec
കശുമാവ്	5, ഹെക്ടർ	302000 കി	15450 Kg/Hec
മാവ്	20, ഹെക്ടർ	100000 ടൺ	1000 Kg/Hec
റബ്ബർ	920, ഹെക്ടർ	3225000 കി	129000Kg/Hec
കമുങ്ങ്	250, ഹെക്ടർ	90000 കി	1800 Kg/Hec
കൊക്കോ	50, ഹെക്ടർ	1000 കി	1500 Kg/Hec
പൈനാപ്പിൾ	50, ഹെക്ടർ	900000 കി	2000 Kg/Hec

ഭാവിയിൽ നെൽകൃഷി ഓർമ്മയിൽ മാത്രം അവശേഷിക്കും.

തെങ്ങ്, റബ്ബർ, കമുക്, കൊക്കോ, ജാതി, തുടങ്ങിയ നാണ്യവിളകേളാടുള്ള കർഷകരുടെ അമിതമായ താല്പര്യം നെൽപ്പാടങ്ങളിൽ നടത്തി വന്നിരുന്ന ഇടവിളകളായ പയർ, കിഴങ്ങ്, പച്ചക്കറി, വാഴ തുടങ്ങിയവയുടെ ഉൽപ്പാദനം അറിയാതെതന്നെ ഇല്ലാതായി. കന്നുകാലി വളർത്തലും കൊണ്ടൽകൃഷി, പച്ചക്കറികൃഷി എന്നിവയുടെ ഉല്പാ ദനത്തിൽ വന്നകുറവ് നമ്മുടെ ജീവിതത്തെയും ജീവിതനിലവാരത്തെയും ആരോഗ്യത്തേയും കാര്യമായി ബാധിച്ചിരിക്കുന്നു. പച്ചക്കറികൾക്കും അരിയ്ക്കുംവേണ്ടി നമ്മൾഅന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവന്നി രിക്കുന്നു എന്ന ദുഃഖസത്യം നമ്മുടെ ഭാവിയെ പേടിപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ ഒരു വീട്ടിൽ ഒരു പച്ചക്കറിത്തോട്ടം എന്ന ആശയം നടപ്പി ലാക്കുന്നതിനുള്ളനടപടികൾ ഊർജ്ജിതപ്പെട്ടു തുടങ്ങിയിരിക്കുന്നു.യാതൊരു പരിരക്ഷയും ആവശ്യമില്ലാതെ വിളവ് നല്കുന്നതും വംശനാശംവന്നുകൊണ്ടിരിക്കുന്നതും, ഔഷധഗുണങ്ങളുള്ളതുമായ പച്ചക്കറി ഇനങ്ങളും, കിഴങ്ങുവർഗ്ഗങ്ങളും, മറ്റ് ഇലക്കറികളും സംരക്ഷിക്കുവാനുള്ള അടിയന്തിര നടപടികൾ സീകരിച്ച് ഈ മേഖലയെ സംരക്ഷിക്കേണ്ടതുണ്ട്.

പ്രധാന നാണ്യവിളകളായ റബ്ബർ, കമുക്, തെങ്ങ് എന്നിവയുടെ കൃഷി കൂടുതൽ ആകർഷിക്കുകയും വ്യാപിക്കുകയും ചെയ്തുവെങ്കിലും മണ്ണിന്റെ ഗുണ നിലവാരത്തകർച്ചയും, മണ്ണൊലിപ്പും കാരണം കൃഷിനാശം കൂടുതലാകുകുയും, അതിലേക്കുള്ള താല്പര്യം കുറഞ്ഞുവന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു.

പ്രകൃതിദത്തമായ ജൈവസമ്പത്തിന്റെ കലവറ യായിരുന്ന ഈ പ്രദേശത്ത് ആവശ്യമായ സംരക്ഷണമില്ലാതെ നശിച്ചുപോയവയെ ഇടവിളയായി വീണ്ടും വച്ചുപ്പി ടിപ്പിക്കുവാനും സംരക്ഷിക്കുവാനും വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്.

പൊതുനിർദ്ദേശങ്ങൾ

(1) ഉല്പാദക വസ്തുക്കൾ പഞ്ചായത്തിൽ തന്നെ വിറ്റഴിക്കുന്നതിനും, സംസ്കരിച്ച് മറ്റ് വസ്തുക്കൾ ഉണ്ടാക്കുന്നതിനും ഉള്ള സാഹചര്യങ്ങൾ ഉണ്ടാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

(2) വ്യാപകമായ കീടബാധയും, കീടനാശിനികളുടെയും രാസവളങ്ങളുടെയും വിലയും, കൂലിനിരക്കുകളും, കൂലിക്കാരുടെ ദൗർലഭ്യവും വർദ്ധിച്ചുവരുന്നതിനാൽ കാർഷികമേഖലയോടുള്ള താല്പര്യം കുറഞ്ഞുവരുന്നു. സഹകരണാടിസ്ഥാനത്തിലോ പഞ്ചായത്തു വഴിയോ, കൃഷിഭവൻ വഴിയോ കൃഷിക്കാർക്ക് കുറഞ്ഞനിരക്കിൽ ആവശ്യമായ കീടനാശിനികളും രാസവളങ്ങളും സമയാസമയങ്ങളിൽ നൽകുവാനുള്ള സാഹചര്യം ഉണ്ടാക്കണം. കൂലിയിലുള്ള അമിതമായവർദ്ധന തടയുന്നതിന് തൊഴിലാളികളുടെ സഹകരണം കാർഷിക മേഖലയിൽ വളർത്തി എടുണ്ടേതുണ്ട്. തുടർന്ന് യന്ത്രവൽക്കരണം വ്യാപകമാക്കി അതിൽ കൂടുതൽ പരിജ്ഞാനം കർഷകർക്കും തൊഴിലാളികൾക്കും നൽകുവാനുള്ള പരിശീലന പഠനക്ലാസ്സുകൾ നടത്തണം.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും പഠന പര്യടനത്തിൽ ലഭിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷിക രംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ

I *നെൽകൃഷി*

(1) നെൽകൃഷി പൊതുവേ നഷ്ടമാണ്.
(2) കൂലി ഉൾപ്പടെ ഉല്പാദനച്ചെലവ് കർഷകന് താങ്ങാനാവുന്നതിലുമധികമാണ്.
(3) കർഷകത്തൊഴിലാളികളെ ആവശ്യത്തിന് കിട്ടാനില്ല.
(4) ഉത്പ്പാദനച്ചെലവിന്റെ ആനുപാതികമായിട്ട് കാർഷികവിളകൾക്ക് ന്യായമായി വില ലഭിക്കുന്നില്ല.
(5) കാലവർഷക്കെടുതികൾമൂലം കൃഷിയിടങ്ങളിലെ ബണ്ടുകൾ നശിക്കുന്നു.
(6) അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ സമയാസമയങ്ങളിൽ കിട്ടുന്നില്ല.
(7) ഉല്പാദനച്ചെലവിന് ആനുപാതികമായി കർഷകന് സബ്സിഡി ലഭിക്കുന്നില്ല.
(8) ഇടനിലക്കാർ കർഷകരെ ചൂഷണം ചെയ്യുന്നു.
(9) മണ്ണ് പരിശോധനക്ക് വേണ്ടത്ര സൗകര്യമില്ല.
(10) എലിയെക്കൊണ്ടുള്ള ഉപദ്രവം നാൾക്കു നാൾകൂടിവരുന്നു.

II *നാണ്യവിളകൾ*

(1) തെങ്ങ് കൃഷി വിവിധ രോഗങ്ങളാൽ നശിച്ചു കൊണ്ടിരിക്കുന്നു.
(2) ആസൂത്രിതമായ ഒരു കൊപ്രസംഭരണ കേന്ദ്രം ഇല്ല

III *റബ്ബർ*

(1) വ്യാപകമായ തോതിൽ പട്ടമരവിപ്പ് മൂലം റബ്ബർകർഷകർ പ്രതിസന്ധിയിലാണ്
(2) റബ്ബറിന് ന്യായമായ വില കിട്ടുന്നില്ല.

IV *കാപ്പി, ഇഞ്ചി, കുരുമുളക്, മഞ്ഞൾ (സുഗന്ധവിളകൾ)*

(1) സുഗന്ധ ദ്രവ്യങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.
(2) ഈ രംഗത്ത് മധ്യവർത്തികളുടെ ചൂഷണം അമിതമാണ്.
(3) നാണ്യവിളകൾക്ക് കുമിൾരോഗങ്ങൾ വ്യാപകമാണ്.

പരിഹാരനിർദ്ദേശങ്ങൾ— നെൽകൃഷിക്ക്

(1) കർഷകന് ശാസ്ത്രീയമായ രീതികൾ ബോധവൽക്കരണത്തിലൂടെ നൽകുക.

(2) പാടശേഖരങ്ങളിലേയും കരഭൂമികളിലേയും മണ്ണ് പരിശോധിക്കാനുള്ള സംവിധാനം കൃഷിഭവനിൽ നിന്ന് ഉണ്ടാക്കുക.

(3) മദ്ധ്യവർത്തികളുടെ ചൂഷണം ഒഴിവാക്കുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംഭരണ വിതരണ കേന്ദ്രങ്ങൾ തുടങ്ങുക.

(4) കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.

(5) യന്ത്രസാമഗ്രികൾ, വളം, കീടനാശിനി ഇവ വിലകുറച്ച് കൊടുക്കുക.

(6) പഞ്ചായത്ത് തലത്തിൽ കാർഷികവിള ഫല പ്രദർശനവും, മികച്ച കർഷകന് അവാർഡുദാനവും സംഘടിപ്പിച്ചാൽ കർഷകർക്ക് അത് ഒരു പ്രോത്സാഹനമായിത്തീരും.

(7) നിലവിലുള്ള നെൽപ്പാടങ്ങൾ ദൈനംദിനം കനാൽ വെള്ളത്തിന്റെ ആധിക്യം കാരണം താഴ്ചകൂടുകയും വിളവ് കുറയുകയും ചെയ്യുന അവസ്ഥയും ഒഴത്തട്ടുകളെക്കാൾ ആഴത്തിൽ പുറംതോടുകൾ തീർത്ത് വെള്ളക്കെട്ട് ഒഴിവാക്കണം.

(8) നെൽകൃഷിക്ക് ചവറ്, കാലിവളം, എല്ലുപൊടി, കോഴിവളം മുതലായ ജൈവ വളങ്ങൾമാത്രം ഉപയോഗപ്പെടുത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.

(9) നിലങ്ങളിൽ കഴിയുന്നിടത്തോളം കീടനാശിനികൾ ഒഴിവാക്കി ജൈവകീടനാശിനികൾ ഉപോയാഗിക്കുവാൻ പ്രേരിപ്പിക്കുക.

(10) മുഴുവൻ പൊതുസ്ഥലങ്ങളിലും ശീമക്കൊന്നപോലുള്ള പച്ചിലവളച്ചെടികൾ കൃഷിചെയ്ത് ഒരു ഹെക്ടറിന് കുറഞ്ഞത് എട്ടുപത്തു ടണ്ണിന്റെയെങ്കിലും ചവറ് ലഭ്യത ഉറപ്പുവരുത്തുക.

(11) അനുയോജ്യമായ വിത്തിനങ്ങൾ യഥാസമയം ലഭ്യമാക്കാൻ സംവിധാനം ഏർപ്പെടുത്തണം.

(12) ഫാം റോഡുകൾ നിർമ്മിച്ച് വിളവെടുപ്പുകൾ യന്ത്രവൽക്കരിക്കുക.

പാടശേഖരങ്ങൾ തോറും കൂട്ടായ സംരഭത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുക.

തെങ്ങ്, കമുക്, കുരുമുളക്, മുതലായവയ്ക്ക്

(1) ശാസ്ത്രീയാടിസ്ഥാനത്തിൽ ഇടവിളകൃഷി സാധിക്കത്തക്കരീതിയിൽ അകലം ക്രമീകരിച്ച് തെങ്ങ്, കമുക്, മുതലായവ കൃഷിചെയ്യുവാൻ കർഷകരെ ബോധവൽക്കരിച്ച് പല തട്ടുകൃഷി സംവിധാനം നടപ്പാക്കുക.

(2) ഇക്കാര്യത്തിൽ പരിചയ സമ്പന്നരായ കർഷകരുടെയും വിദഗ്ദ്ധരുടെയും സഹായം ഉറപ്പുവരുത്തുക.

(3) മണ്ണിരക്കമ്പോസ്റ്റ് തുടങ്ങിയ ജൈവ വളങ്ങൾ കൃഷിയിടങ്ങളിൽ തന്നെ ഉല്പാദിപ്പിച്ച് മേല്പറഞ്ഞ കൃഷികളുടെ ആരോഗ്യവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സംവിധാനം ചെയ്യണം.

(4) സസ്യസംരക്ഷണ നടപടികൾ കൂട്ടായിത്തന്നെ നടത്തുകയും പഞ്ചായത്തുതലത്തിൽ വേണ്ടത്ര പ്രോത്സാഹനം കൊടുക്കുകയും ചെയ്യുക.

(5) അന്യംനിന്നുപൊയ്ക്കൊണ്ടിരിക്കുന്നതും സംരക്ഷണച്ചെലവ് കുറഞ്ഞതുമായ മുതിര, തുവര തുടങ്ങിയ പയറുവർഗ്ഗങ്ങൾ ചാമ, തിന, വരക്, ചോനാട്ടുപുല്ല് മുതലായ ധാന്യങ്ങൾ, ചെറുകിഴങ്ങ്, നനകിഴങ്ങ്, കൊച്ചിക്കൂവ, കൊന്തവാഴ മുതലായ കിഴങ്ങുവർഗ്ഗങ്ങൾ—എന്നിവ ഇടവിളകളായി കൃഷിചെയ്യുവാൻ വേണ്ട തീവ്രശ്രമം പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പാക്കുക.

പച്ചക്കറികൃഷിക്ക്

(1) എല്ലാവീടുകളിലും പച്ചക്കറിത്തോട്ടം വച്ചുപിടിപ്പിക്കുവാൻ ആവശ്യമായ മേൽത്തരം വിത്തുകളും തൈകളും ലഭ്യമാക്കുകയും സംരക്ഷണത്തിന് കൂട്ടായ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

(2) പരിമിതമായസ്ഥലമുള്ളവർക്ക് പ്ലാസ്റ്റിക്ചാക്കുകളിൽ മണ്ണുനിറച്ച് കൃഷിചെയ്യുന്നതിനെ പ്രോത്സാഹിപ്പിക്കുക.

(3) ഇന്നു ലഭ്യമായ പച്ചക്കറികൾ അമിത കീടനാശിനിപ്രയോഗത്താൽ ഭയാനകമാം വിധം വിഷലിപ്തമായതിനാൽ ജൈവ വളപ്രയോഗത്തിലൂടെ ജൈവകീടനാശിനി മാത്രം ഉപയേഗിച്ച് പച്ചക്കറികൃഷിയെ വിഷവി മുക്തമാക്കുക.

റബ്ബർ കൃഷിക്ക്

(1) അശാസ്ത്രീയമായ ടാപ്പിംഗ് രീതിയാണ് പട്ടമരവിപ്പിന്റെ പ്രധാനകാരണം. മൂന്ന് ദിവസത്തിൽ ഒരിക്കൽ എന്ന ക്രമത്തിൽ (100)വെട്ട് ക്രമീകരിച്ചാൽ ഉല്പാദനക്ഷമതയിൽ കുറവില്ല എന്നും പട്ടമരവിപ്പ് ഒരുപരിധിവരെ ഒഴിവാക്കാമെന്നും കർഷകരെ ധരിപ്പിക്കുക.

(2) അമിത വളപ്രയോഗവും മണ്ണൊലിപ്പും ഒഴിവാക്കാൻ പ്രേരിപ്പിക്കുക.

നൂതനകൃഷി സംരംഭങ്ങൾ

ഔഷധസസ്യങ്ങളുടെ കൃഷി

ആയൂർവ്വേദ ചികിത്സാരംഗത്ത് ഏറെ ധന്യമായ ഒരു പാരമ്പര്യമാണ് നമുക്കുണ്ടായിരുന്നത്. നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന അമൂല്യമായ ഔഷധ സസ്യങ്ങളെ കണ്ടെത്തി അവയെ സംരക്ഷിക്കുവാൻ ബോധപൂർവ്വമായ

ശ്രമം നടത്തേണ്ടിയിരിക്കുന്നു. ആര്യവേപ്പും മഞ്ഞളും മറ്റുരാജ്യക്കാർ പേറ്റൻറ് എടുത്ത് സ്വന്തമാക്കിയ സാഹചര്യത്തിൽ, ഇനിയും നമുക്ക് കൈവിട്ട് പോയിട്ടില്ലാത്ത നമുക്കു ചുറ്റുമുള്ള വിലയേറിയ ഔഷധ സസ്യങ്ങളെ തിരിച്ചറിയുവാനും, ആരോഗ്യപരിപാലന രംഗത്ത് ഇവയുടെ സ്ഥാനം പ്രചരിപ്പിക്കുവാനും, ഇവയെ സംരക്ഷിക്കുവാനും ഇനി വൈകിക്കൂടാ. തണലിൽ വളരുന്ന ഇവയുടെ കൃഷി തികച്ചും ലളിതവും ജൈവബണ്ടുകളിൽ വളരെ ലാഭകരമായി നടത്താവുന്നതുമാണ്.

കൂൺകൃഷി

കൂൺകൃഷിക്ക് വളരെ അനുകൂല്യമായ കാലാവസ്ഥയാണ് നമ്മുടേത്. കൂൺകൃഷിക്കാവശ്യമായ വൈയ്ക്കോൽ, ചകിരി മുതലായവ നമുക്ക് ലഭ്യമാണ്. വളരെയധികം അദ്ധ്വാന ഭാരമില്ലാത്ത ഈ ജോലി ഈ പഞ്ചായത്തിലെ വീട്ടമ്മമാർക്ക് ചെയ്യാവുന്നതാണ്. വളരെ പോഷക സമ്പുഷ്ടമായ കൂൺ ഏതുവിധ രോഗമുള്ളവർക്കും ഭക്ഷണയോഗ്യവും, രോഗസംഹാരിയുമാണ്. കൂൺകൃഷിയിൽ തൽപരരായവർക്ക് പരിശീലനം നൽകുകയും, സംഘങ്ങൾ രൂപീകരിക്കുകയും ഇത്തരം സംഘങ്ങൾക്ക് തങ്ങളുടെ ഉല്പന്നം വിറ്റഴിക്കുവാനുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കയും വേണം.

തേനീച്ച വളർത്തൽ

തേനീച്ച വളർത്തലിൻെറ അടിസ്ഥാനഘടകങ്ങളായ തെങ്ങുകൃഷിയും റബർകൃഷിയും മുഖ്യവിളകളായ നമ്മുടെ പഞ്ചായത്തിൽ, ഇതിന് അനന്ത സാധ്യതകളാണുള്ളത്. ഒറ്റപ്പെട്ട കൃഷി സംരംഭകർ മാത്രമുള്ള ഈ രംഗത്തെ ശക്തിപ്പെടുത്തുന്നതിന് ഒരു കൂട്ടായ മുന്നേറ്റം ആവശ്യമാണ്.

പൂകൃഷി

കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം തുടങ്ങിയവയുടെ കൃഷിക്ക് തൽപരരായവരെ കണ്ടെത്തുക എളുപ്പമാണ്. ധനലാഭത്തിനും മാനസീകോല്ലാസത്തിനും ഉതകുന്ന ഈ കൃഷി നമ്മുടെ പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാണ്.

നേഴ്സറികൾ

എല്ലാത്തരം തൈകളും ഉല്പാദിപ്പിച്ച് വിതരണം ചെയ്താൽ മാത്രമേ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ കഴിയുകയുള്ളു. അസുഖം ബാധിച്ചവയുടെ കൂട്ടത്തിൽ രോഗബാധയെ പ്രതിരോധിച്ചുനിൽക്കുന്ന തെങ്ങുകൾ, രുചിയേറിയതും, സമൃദ്ധമായ വിളവുനൽകുന്നതുമായ നാടൻ മാവുകൾ, പ്ലാവുകൾ, മറ്റുഫലവൃക്ഷങ്ങൾ തുടങ്ങിയവയുടെ തനിപ്പകർപ്പുകൾ ശാസ്ത്രീയമായി സമാഹരിച്ച് വിതരണം നടത്തണം. നമുക്ക് കൈമോശം വന്നുകൊണ്ടിരിക്കുന്ന വെളിച്ചെണ്ണയേക്കാൾ രുചിപ്രദമായ ഓടത്തെണ്ണ സസ്യങ്ങൾ പോലുള്ളവയെ സംരക്ഷിക്കുവാനും തൈകൾ വിതരണം ചെയ്യുവാനും കഴിയണം. നാൾക്കുനാൾ വിലവർദ്ധിക്കുന്നതും ടൂറിസ്റ്റുകൾക്ക് പ്രിയംകരമായതുമായ ബോൺസായി സസ്യങ്ങൾ നിർമ്മിച്ച് വില്പന നടത്താവുന്നതാണ്.

മണ്ണ് ജല സംരക്ഷണം

വളരെയധികം ചെറുകുന്നുകളുള്ള ഈ പഞ്ചായത്തിൽ മണ്ണൊലിപ്പിൻെറ ഭീഷണി വളരെ വലുതാണ്. ഒരു ഇഞ്ച് ഘനത്തിൽ മേൽമണ്ണ് രൂപം കൊള്ളാൻ ആയിരത്തോളം വർഷം വേണമെന്നിരിക്കേ, മണ്ണൊലിപ്പിൽ നിന്ന് നമ്മുടെ മണ്ണിനെ രക്ഷിക്കേണ്ടതിൻെറ ആവശ്യകത മനസ്സിലാക്കാവുന്നതേയുള്ളൂ. ജൈവബണ്ടുകളുടെ നിർമ്മാണത്തിലൂടെയും കയ്യാലകൾ കെട്ടിയും, മഴവെള്ളം വീഴുന്നിടത്തുതനെ താഴുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കിയും പുരയിടങ്ങളെ സംരക്ഷിക്കണം. കൂടാതെ പുരയിടങ്ങളിൽ നീർക്കുഴികൾ കുത്തിയും കഴിയുന്നത്ര സസ്യാവരണം നടത്തിയും മണ്ണും ജലവും സംരക്ഷിക്കണം.

പഴവർഗ്ഗ കൃഷി

വിവിധയിനം വാഴകൾ, പപ്പായ, പൈനാപ്പിൾ, ഫാഷൻഫ്രൂട്ട്, പേര, സപ്പോട്ട തുടങ്ങിയവയുടെ കൃഷിയും വ്യാപകമാക്കേണ്ടതാണ്. ചക്ക, മാങ്ങ, പുളി, തുടങ്ങിയവയുടെ പരമ്പരാഗത ദീർഘകാല സംഭരണരീതി തുടരുന്നത് അഭികാമ്യമായിരിക്കും. കൃഷിയുമായി പൊരുത്തപ്പെട്ട് പോകുന്ന കാലിവളർത്തൽ, കോഴി, താറാവ്, കാട, മുയൽ, മത്സ്യം, പന്നി മുതലായവ വളർത്തൽ കൂടി പ്രോത്സാഹിപ്പിച്ചാൽ ഈ പഞ്ചായത്തിലെ ഉൽപാദന മേഖല പരമാവധി പുഷ്ടിപ്പെടുത്താനാവും.

ജലസേചനം

പെരിയാറിൻെറതീരത്തിലാണ് സ്ഥിതി ചെയ്യുന്നതെങ്കിലും, പൊതുവേ തെക്കോട്ടു ചരിഞ്ഞു കിടക്കുന്ന നമ്മുടെ പഞ്ചായത്തിലെ അധികജലം ഒഴുകിയെത്തുന്നത് കൂടുതലും ചേലാട് തോടുവഴി മൂവാറ്റുപുഴ ആറിലാണ്. ഈ നീരൊഴിക്കിനോടനുബന്ധിച്ചുള്ള നീർക്കുളങ്ങളെ ആശ്രയിച്ചുള്ള കൃഷിയും അതിനുവേണ്ടിയുള്ള ജലേസചന മാർഗ്ഗവുമാണ് പണ്ടുമതലേ അനുവർത്തിച്ചുപോന്നത്. ജലലഭ്യതയ്ക്കനുസൃതമായി വിളകൾ അന്ന് ക്രമീകരിച്ചിരുന്നു. പെരിയാർവാലി കനാൽ വന്നതോടെ പഴയ

മാർഗ്ഗങ്ങൾക്ക് കാതലായ മാറ്റങ്ങൾ സംഭവിച്ചു.

ജലസേചനവും മണ്ണുസംരക്ഷണവും പരസ്പര പൂരകങ്ങളാണ്. സാഭാവിക നീർക്കുളങ്ങളെ പുഷ്ടിപ്പെടുത്തി, ശാസ്ത്രീയമായി വിനിയോഗിച്ച്, നവീന സാങ്കേതിക വിദ്യയുമായി സമനയിപ്പിച്ച് ജലസേചനവും മണ്ണു സംരക്ഷണവും നിർവ്വഹിക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ മഴയിലൂടെ ലഭിക്കുന്ന ജലസമ്പത്തിന്റെ ഭൂരിഭാഗവും നീർക്കുഴികൾ നിർമ്മിച്ചും ബണ്ടുകൾകെട്ടിയും സസ്യാവരണം സംരക്ഷിച്ചും മണ്ണിൽ ഊർന്നിറങ്ങുവാൻ അനുവദിക്കണം. വിലമതിക്കപ്പെടാനാവാത്ത മേൽമണ്ണ് സംരക്ഷിക്കപ്പെടാനും, മണ്ണിലേക്ക് ആഴ്ന്നിറങ്ങിയ ജലസമ്പത്ത് പിന്നീട് ലഭ്യമാക്കാനും ഈ മാർഗ്ഗം ഉപകരിക്കും.

നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പെരിയാർ വാലി കനാലിലെ സ്ലൂയീസുകൾ ക്രമീകരിച്ച് നല്ലൊരു ഭാഗം ജലസേചനം ഭംഗിയായി നിർവഹിക്കാം. നിരവധി ചെറുകുന്നുകൾ ചേർന്ന നമ്മുടെ ഭൂപ്രദേശത്ത് മുഴുവൻ പുരയിടങ്ങളിലും ജലമെത്തിക്കുവാൻ ലിഫ്റ്റ് ഇറിഗേഷനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് വഴി സംപുഷ്ടമാക്കപ്പെട്ട പഴയ നീർക്കുളങ്ങളെ അടിസ്ഥാനമാക്കി ലിഫ്റ്റ് ഇറിഗേഷൻ നടത്തിയും, അതിനു സാധ്യതയില്ലാത്ത ചെങ്കര, മാലിപ്പാറ, വെറ്റിലപ്പാറ, വേട്ടാംപാറ തുടങ്ങിയ സ്ഥലങ്ങളിൽ പുഴയിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ നടത്തിയും ഈ പഞ്ചായത്തിലെ മുഴുവൻ പുരയിടങ്ങളിലും ജലസേചന സൗകര്യം ഉറപ്പുവരുത്താവുന്നതാണ്.

അതാതു സ്ഥലങ്ങൾക്കും, വിളകൾക്കും അനുയോജ്യമായ ജലസേചനരീതി നമ്മുടെ കർഷകർതന്നെ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. മണ്ണിന്റെ ഘടനയും ജലസംഭരണശേഷിയും അടിസ്ഥാനമാക്കിയുള്ള ഈ തെരഞ്ഞടുക്കലിന് ഒരുകൂട്ടായ ശ്രമം ആവശ്യമാണ്. ആവശ്യമുള്ള സ്ഥലത്ത്, ആവശ്യത്തിനുമാത്രം ജലം ഉപയോഗപ്പെടുത്തി അമൂല്യമായ ജലസമ്പത്ത് ദുരുപയോഗിക്കപ്പെടാതെ നോക്കണം. ഡ്രിപ്പ് ഇറിഗേഷൻ, ജലപരിമിതിക്ക് ശ്രദ്ധേയമായ പരിഹാരമാർഗ്ഗമാണ്. മണ്ണിൽ ചകിരി, ചവറ് മുതലായവകൊണ്ട് പുതയിട്ട് മണ്ണിന്റെ ജലലഭ്യത വർദ്ധിപ്പിച്ച് ജലസേചനസൗകര്യം പുഷ്ടിപ്പെടുത്താം. നിലങ്ങളിലുള്ള പഴയ നീർക്കുള്ളങ്ങളെ പുനരുദ്ധരിക്കുകയും അതിനോടുചേർന്നുള്ള തോടുകൾ സംരക്ഷിച്ച് തടയണകൾ നിർമ്മിക്കുകയും ചെയ്താൽ മുഴുവൻ പുരയിടങ്ങളേയും ജലസേചനക്ഷമമാക്കാം.

വൻകിട ജലസേചന പദ്ധതിവഴി ഒരു ഹെക്ടർ സ്ഥലം ജലസേചനം ചെയ്യപ്പെടുവാൻ രണ്ടുലക്ഷത്തിലധികം രൂപ ചിലവുവരുമെന്നിരിക്കെ വളരെ കുറഞ്ഞ ചിലവിൽ ചെറുകിട ജലസേചന മാർഗ്ഗങ്ങൾ പ്രാദേശികമായി നടപ്പാക്കാവുന്നതേയുള്ളൂ എന്നത് ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. ഇതു മനസ്സിലാക്കി ബോധപൂർവ്വമായ പ്രചരണ പരിപാടി വഴി ഒരു കൂട്ടായ മുന്നേറ്റം നടത്തേണ്ടത് ഇന്നത്തെ സാമൂഹികാവശ്യമാണ്.

വാർഡ് 1

പെരിയാറിൽ നിന്നും ഉയർന്ന പ്രദേശമായ വേട്ടാംപാറയിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി വെള്ളം എത്തിച്ച് കൃഷിക്കും കൂടിവെള്ളത്തിനും വേണ്ടസൗകര്യം ഏർപ്പെടുത്തണം.

വാർഡ് 2

ചെങ്കര–മാലിപ്പാറ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കണം . നീർമറി പദ്ധതികൾ ഓരോ പുരയിടത്തിലും നടത്തുന്നതിന് ധനസഹായം നൽകുക.

മിച്ചഭൂമികോളനി പോക്കറ്റ് റോഡിൽ നിന്നും 60 മീറ്റർ നീട്ടി ഒരു പൈപ്പ് ഇടുക.

വാർഡ് 3

ചെങ്കര മെയിൻ കനാലിൽ നിന്നും ലിഫ്റ്റ് ഇറിഗേഷൻവഴി കൃഷിയെ പ്രോത്സാഹിപ്പിക്കുക.

കൃഷിക്ക് കനാൽജലത്തിന്റെ ലഭ്യത ഉറപ്പു വരുത്താൻ പഞ്ചായത്ത് മുൻകൈയ്യെടുക്കുക.

വാർഡ് 4

മെയിൻ കനാൽ വാർഡിൽകൂടി കടന്ന് പോകുന്ന 6–ാം നമ്പർ സ്ലൂയിസ്സ്മായി ബന്ധപ്പെട്ട കനാൽ പൂർണ്ണമായി കോൺക്രീറ്റ് ചെയ്യണം.

വാർഡ് 5

ലിഫ്റ്റ് ഇറിഗേഷൻ സ്കീം നടപ്പാക്കിയാൽ മാത്രമേ വരൾച്ച പ്രദേശമായ 5-ാം വാർഡിൽ കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയൂ.

ഭൂതത്താൻകെട്ടിൽ നിലവിലുള്ള പമ്പ് ഹൗസിനു സമീപത്തുനിന്ന് കനാൽ നിർമ്മിച്ച് പടിപ്പാറ എന്ന സ്ഥലത്ത് എത്തിച്ച് അവിടെ നിന്ന് ലിഫ്റ്റ് ചെയ്ത് നിരവത്ത് എസ്റ്റേറ്റിന് മുകളിൽ എത്തിച്ച് അവിടെ നിന്നും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വെള്ളമെത്തിക്കാൻ കഴിയും.

വാർഡ് 6

പുതുമനക്കുടിപ്പാടത്ത് പുറം തോടിന്റെ വരമ്പ് പൊട്ടി കൃഷി നശിക്കുന്നു. ടി വരമ്പ് കെട്ടി ഉറപ്പുവരുത്തണം. മെയിൻ കനാലിന്റെ എട്ടാം നമ്പർ സ്ലൂയിസിൽ നിന്നും തെക്കോട്ട് ഫീൽഡ് ചാനൽ ഏർപ്പെടുത്തേണ്ടതാണ്.

വാർഡ് 7

(1) ചേലാട്ട് പാടംതോട് സൈഡ് കെട്ടി ഉപയോഗപ്രദമാക്കണം.

(2) കനാലിനോട് ചേർന്നു കിടക്കുന്ന ഭാഗത്തെ നീർക്കെട്ട് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം.

(3) നെടുമലത്തണ്ട് സാമൂഹ്യജലസേചന പദ്ധതി പൂർത്തീകരിക്കേണ്ടതാണ്.

വാർഡ് 8

(1) തോളേലി നട മുതൽ അയിരൂർപ്പാടം കല്ലംപിള്ളിപ്പാടം വരെയുള്ള മെയിൻ തോടുകളുടെ ഇരുവശവും കോൺക്രീറ്റ് ചെയ്ത് ബലപ്പെടുത്തണം.

(2) മെയിൻ കനാലിൽ നിന്നും കൃഷി നിലങ്ങളിലേക്കുള്ള നീർചാലുകൾ വഴി വെള്ളം കയറി വിളകൾ നശിക്കാതിരിക്കുന്നതിനുള്ള നടപടി ത്വരിതഗതിയിൽ സ്വീകരിക്കണം.

(3) പെരിയാർ വാലി ഹൈലവൽ കനാലിന്റെ ഉദ്ദേശം 2—10 Kmന് അടുത്ത് കനാലിന്റെ തെക്കുഭാഗത്തുള്ള കൃഷിയിടങ്ങൾ നനയക്കുന്നതിന് ആവശ്യമായ ജലം ലഭിക്കുന്നതിന് ഒരു സ്ലൂയിസ്സ് അനുവദിക്കണം.

വാർഡ് 9

(1) ആയക്കാട് അമ്പലത്തിന്റെ കിഴക്കുഭാഗത്ത് പെരിയാർ വാലി കനാലിൽ നിന്നും തോടു വഴിവരുന്ന ജലം കൃഷിനാശം ഉണ്ടാക്കുന്നു. തോടിന്റെഇരുവശവും കെട്ടി നാശം തടയണം.

(2) കൂലാഞ്ഞിപ്പടിക്കൽ ഉള്ള ഷട്ടർ കേടുപാടുകൾ തീർത്ത് കാഡാ കനാലിലെ ജലം റോഡിലേക്ക് ഒഴുകുന്നത് തടയണം.

(3) ആയക്കാട് ഭാഗത്ത്കൂടിപ്പോകുന്ന കാഡാ കനാലിലെ ജലം കനാലിന്റെ വടക്കു ഭാഗത്ത് ഉള്ള കൃഷിക്കാർക്കും ലഭ്യമാക്കണം.

പരിഹാരം

ചെങ്കര — മാലിപ്പാറ ലിഫ്റ്റ് സ്കീം

പടിപ്പാറ ലിഫ്റ്റ്സ്കീം

മറ്റു ജലസ്രോതസ്സുകൾ ഉപയോഗപ്രദമാക്കുക.

പഞ്ചായത്തിലെ കൃഷിയും ജലസേചനവും സമന്വയിപ്പിച്ച് ഈ പ്രദേശത്തിന്റെയും ജനങ്ങളുടെയും പുരോഗതിയും, ഉൽപ്പാദന മേഖലയും പരമാവധി സമ്പുഷ്ടമാക്കാവുന്നതാണ്.

വാർഡ് 6

സ്ലൂയിസ് —അവസാനിക്കുന്ന ഞാറക്കുഴിഭാഗത്ത് ഒരു നടകെട്ടി കാവുംപടി ഭാഗത്തേക്ക് വെള്ളം എത്തിക്കുവാൻ വേണ്ട നടപടി എടുക്കേണ്ടതാണ്.

ആറാംവാർഡ്, എട്ടാംവാർഡ് തമ്മിൽ തിരിയ്ക്കുന്നു. പൊട്ടേംകണ്ടം പാടത്തിന്റെ തോടുകൾ മഴവെള്ളവും സ്ലൂയിസിൽ നിന്നും വരുന്ന വെള്ളം മൂലവും തകർന്നുകൊണ്ടിരിക്കുന്നു. ഈ തോടുകൾ കെട്ടി കൃഷിയ്ക്ക് സൗകര്യം ഉണ്ടാക്കണം.

3) പിണ്ടിമന ആറാം വാർഡിൽ 7—ാംനമ്പർ സ്ലൂയിസിൽ നിന്ന് പോകുന്നത് പറമ്പത്ത് വാസുവിന്റെ, ഭാഗം മുതൽ മുല്ലോകുളം വരെയുള്ള ഭാഗത്ത് കനാലിന്റെ പാർശ്വഭാഗം പലയിടത്തും പൊട്ടിപൊളിഞ്ഞു കിടക്കുന്നതിനാൽ ഷാപ്പുംപടി ഭാഗത്തേക്ക് വെള്ളം എത്താതെ വരികയും പൂക്കോട് ഭാഗത്ത് വെള്ളശല്യം കൂടുതലായതിനാൽ നെൽകൃഷി ചെയ്യാൻ സാധിക്കാത്തിനാൽ —ടി ബണ്ട് ബലപ്പെടുത്തുവാൻ സത്വരനടപടി സ്വീകരിക്കണം.

വാർഡ് 3

കോതമംഗലം ബ്രാഞ്ച് കനാലിന്റെ 1—ാം നമ്പർ സ്ലൂയിസ്സിൽ കൂടിപോകുന്ന വെള്ളം മുഴുവനായി നെൽപ്പാടത്തിനരികിൽ കൂടി ആയതുകൊണ്ട് വരമ്പുകൾ പൊട്ടിപ്പൊളിഞ്ഞു നെൽകൃഷി മുഴുവനായി എല്ലാക്കാലത്തും നശിച്ചുപോകുന്നു. ഇതിനുള്ള പ്രതിവിധി— ഈ വെള്ളം ഒഴുകി പോകുന്നതോടും മുഴുവനായി മൈനർ ഇറിഗേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടി എടുത്താൽ നെൽകൃഷി മുഴുവനായി രക്ഷപ്പെടും.

വാർഡ് 4

മെയിൻ കനാലിന്റെ 5—ാം നമ്പർ സ്ലൂയിസ് തുടങ്ങുന്ന ഭാഗത്തുനിന്നും ഒരു മിനികനാൽ വെട്ടി വാർഡിന്റെ തെക്കേഅറ്റത്തുള്ള ചേലാടു തോടിലേക്ക് മുട്ടിച്ചാൽ ആ ഭാഗത്തുള്ള കർഷകരുടെ ജലസേചനസൗകര്യം മെച്ചപ്പെടും കുടിവെള്ളക്ഷാമം മുഴുവനായി പരിഹരിക്കുവാനും സാധിക്കും. ഇതിനുള്ള പ്രാരംഭനടപടികൾ 93-ൽ ആരംഭിക്കുകയും സർവ്വേനടത്തുകയും ചെയ്തിട്ടുള്ളതാണ് അത് എത്രയും വേഗം പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

വാർഡിലെ ചിറ (ഇരട്ടപ്പൊട്ട) കെട്ടിയിട്ട് ലിഫ്റ്റ് ഇറിഗേഷൻ വഴി കുടിവെള്ളക്ഷാമം പരിഹരിക്കുക.

വാർഡ് 9

(1) മുളവൂർ ബ്രാഞ്ച് കനാലിൽ നിന്നും തൈക്കാവുംപടിഭാഗത്ത്ജലലഭ്യത ഉറപ്പുവരുത്തുക.

(2) നടാച്ചിറ—കുന്നത്തറതോടിന്റെ ബണ്ട്കെട്ടി കൃഷിസ്ഥല സംരക്ഷണം ഉറപ്പുവരുത്തുക.

വാർഡ് 2


കാർഷികരംഗത്തു നിലവിലുണ്ടായിരുന്ന കർഷക—തൊളിലാളി ബന്ധം പുനസ്ഥാപിക്കുക നിലവിലുള്ള തൊഴിൽ നിയമങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുക.

III(I) B - മൃഗസംരക്ഷണം

ആമുഖം

വിഭവസമാഹരണം വഴി സംസ്ഥാനത്തിന്റെ മൊത്തം വരുമാനത്തിൽ 10.5% സംഭാവന മൃഗസംരക്ഷണ മേഖലയിൽ നിന്നാണ് ലഭിക്കുന്നത്. മൊത്തം പദ്ധതി വിഹിതത്തിന്റെ 1.33 മാത്രമാണ് മൃഗസംരക്ഷണത്തിനായി ചിലവഴിക്കുന്നത്. മേൽപ്പറഞ്ഞ സംഭാവന വരുന്നത് മൊട്ട ഉദ്പ്പാദനം, ഇറച്ചി ഉദ്പാതനം തുടങ്ങിയ മേഖലകളിൽ നിന്നാണ്. 1960—കളിൽ പ്രത്യേകം പ്രസ്ഥാവ്യമാണ്. മുട്ടയുടെ പ്രതിശീർഷ ഉപഭോഗം ആളോഹരി 15ആണ് അത് 200 എങ്കിലുമായി ഉയർത്തേണ്ടിയിരിക്കുന്നു. ഈ ലക്ഷ്യം പ്രാവർത്തിക മാക്കുന്നതിനുവേണ്ടി കൂടുതൽ മുതൽ മുടക്കില്ലാതെ വീട്ടുവളപ്പിൽ കോഴിവളർത്തൽ പദ്ധതി പ്രോത്സാ ഹിപ്പിക്കേണ്ടതാണ്.

ഇറച്ചി ഉൽപ്പാദനരംഗം എടുക്കുകയാണെങ്കിൽ



നമ്മുടെ സംസ്ഥാനത്തിന്റെ പാൽ ഉദ്പാദനം 2.5 ലക്ഷം മെട്രിക്ക് ടൺ ആയിരുന്നത് ഇന്ന് 23.19 ലക്ഷം ആയി ഉയർന്നിരിക്കുന്നു. ഇതു നമുക്ക് സാധിച്ചത് കന്നുകാലികളുടെ വർഗ്ഗഗുണം മെച്ചപ്പെടുത്തുകയും, ശാസ്ത്രീയമായ പരിപാലനമുറകൾ അവലംബിക്കുകയും ചെയ്തതു കൊണ്ടാണ്. മൂന്നു ദശകം മുമ്പ് പ്രതിശീർഷ ഉപഭോഗം 509 മെട്രിക്ക് ടൺ ആയിരുന്നു, ഇന്ന് 1809 മെട്രിക്ക് ടൺ ആയി ഉയർന്നിരിക്കുന്നു. ഇത് 2509 മെട്രിക്ക് ടൺ എങ്കിലും ആക്കണമെന്നുള്ളതാണ് ലക്ഷ്യം ഇതിനുവേണ്ടി രണ്ടായിരമാണ്ടോടുകൂടി ഉൽപാദനം 35 ലക്ഷം മെട്രിക്ക് ടൺ ആയി ഉയർത്തണം. മുട്ട ഉദ്പാദന രംഗം എടുക്കുകയാണെങ്കിൽ നമ്മുടെ സംസ്ഥാനത്തെ പ്രതി വർഷ ഉൽപാദനം 207 കോടിയാണ്. ഇതിന്റെ മൂല്യം 258 കോടി രൂപയാണ്, ഈ ഉൽപാദനം അധികച്ചിലവൊന്നും കൂടാതെ ഓരോവീട്ടിൽ നിന്നും ഉണ്ടാകുന്നതാണെന്ന കാര്യം സംസ്ഥാനത്തിന്റെ ഇന്നത്തെ ഉദ്പാദനം 142 ആയിരം മെട്രിക്ക് ടൺആണ്. ഇതിന്റെ വളരെയധികം മടങ്ങ് അന്യ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. എന്നിട്ടും ആളോഹരി ഉപഭോഗം 35 ഗ്രാം മാത്രമാണ്. നമ്മുടെ യഥാർത്ഥ ആവശ്യം ഇതിലും വളരെ കൂടുതലാണ്. ഈ രംഗത്ത് നമ്മുടെ വരുമാനം 142 കോടി രൂപയാണ്. അപ്പോൾ ഈ രംഗം വളരെ അധികം വികസന സാദ്ധ്യതയുള്ള മേഖലയാണ്.

ഓമനമൃഗങ്ങളുടെയും,പക്ഷികളുടെയും സംരക്ഷണം പാൽ, മുട്ട, ഇറച്ചി, തുകൽ, തൂവലുകൾ തുടങ്ങിയ മൃഗോല്പന്നങ്ങൾ സംസ്കരിച്ച് സ്വാദിഷ്ടവും, ജനപ്രീതികരവുമായ വിഭവങ്ങളാക്കി മാറ്റിയാൽ ഈ രംഗങ്ങളിൽ നിന്നെല്ലാം ഇന്നുള്ളതിനേക്കാൾ വളരെയധികം വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.. മേൽ ഉദ്ധരിച്ച മൃഗസമ്പത്തിന്റെ 94%വും ഗ്രാമപ്രദേശങ്ങളിലാണ്

കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകൾ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും, കർഷക തൊഴിലാളികളുമാണ്. ജനങ്ങളുടെ ജീവിത നിലവാരം പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രി യയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാ കുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പത്ഘടനയെ കൂടുതൽ സമ്പുഷ്ഠമാക്കുമെന്ന് വ്യക്തം കൂടാതെ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്താവുന്ന മേഖല കൂടിയാണ്.

താഴെ പറയുന്ന കാരണങ്ങളാൽ മൃഗസംരക്ഷണ മേഖല പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

(1) ചുരുങ്ങിയ മുതൽ മുടക്കിൽ ഹ്യസ്വ കാലം കൊണ്ടുള്ള വരുമാനം.
(2) അധികനഷ്ടം സംഭവിക്കാതെ ഏതവസരത്തിലും നടത്താവുന്ന പദ്ധതി.
(3) കൂടുതൽ തൊഴിലവസരങ്ങൾ (തൊഴിലുള്ളവർക്ക് ഉപ തൊഴിൽ, തൊഴിലില്ലാത്തവർക്ക് മുഖ്യതൊഴിൽ
(4) മുട്ട, പാൽ, മാംസം തുടങ്ങിയ പോഷകപ്രധാനമായ ആഹാരവസ്തുക്കളുടെ ഉദ്പാദനവർദ്ധന.
(5) ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ആവിർഭാവം
(6) ജൈവവളങ്ങൾ
(7) പാൽ,മുട്ട, മാംസം എന്നിവയിൽ നിന്ന് ഉണ്ടാക്കാവുന്ന ഉൽപ്പന്നങ്ങളും അധികവരുമാനവും.
(8) മനുഷ്യർക്ക് ഉപയോഗയോഗ്യമല്ലാത്ത ഭക്ഷണസാധനങ്ങളേയും, വ്യാവസായിക അവശിഷ്ടങ്ങളേയും പോഷകമൂല്യമുള്ള മാംസാ ഹാരമായി പരിവർത്തനം ചെയ്യുക.
(9) ജനങ്ങളുടെ, പ്രത്യേകിച്ച് ഗർഭിണികളുടേയും, കുട്ടികളുടെയും ആരോഗ്യപരിപോഷണം.

കഴിഞ്ഞ മൂന്ന് ദശാബ്ദ കാലത്തിനുള്ളിൽ പിണ്ടിമന പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ ഗുണകരവും പ്രത്യക്ഷവുമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്. ഇതിൽ എടുത്ത് പറയേണ്ടത് ഉത്പാദന ശേക്ഷികുറഞ്ഞ വളരെയേറെ നാടൻ കന്നുകാലികൾ ഉണ്ടായിരുന്ന ഈ പ്രദേശത്ത് 75% ത്തോളം അത്യുത്പാദനശേഷിയുള്ള സങ്കരയിനം കന്നുകാലികളാക്കി മാറ്റിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 1960—കളിൽ കേരളത്തിൽ നടപ്പാക്കിയ ധവള വിപ്ലവത്തിന്റെ തുടർച്ചയായി ഈ പഞ്ചായത്തിലും വിദേശ ജനുസുകളിൽ പെട്ട ജേഴ്സി, ബ്രൗൺസിസ്, (സുനന്ദിനി) ഹോൾസ്റ്റീൻ തുടങ്ങിയവയുടെ ബീജം കുത്തിവച്ച് ഉത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വാർത്തെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മേൽ പറഞ്ഞ ഇനങ്ങളിൽ സങ്കരയിനം ജേഴ്സി പശുക്കളാണ് ഏറ്റവും ഉദ്പാദനക്ഷമതയുള്ളതായി കാണുന്നത്. പാലിനും, ജൈവ വളത്തിനുമായി കാർഷികവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകൻ കൂടുതലായി പശുപരിപാലനത്തിൽ ശ്രദ്ധ കാണിച്ചതോടൊപ്പം തന്നെ പാലിന്റെ പ്രതിശീർഷ ഉപഭോഗത്തിൽ ഗണ്യമായ മാറ്റം വന്നിട്ടുണ്ടെന്നുള്ളത് എടുത്ത് പറയേണ്ടതാണ്.

കന്നുകാലിസെൻസസ്സ്

ആയിരത്തിതൊള്ളായിരത്തി എൺപത്തേഴിൽ നടന്ന കന്നുകാലി സെൻസസ് അനുസരിച്ച് പിണ്ടിമന പഞ്ചായത്തിലെ മൃഗസമ്പത്ത് താഴെ പറയുന്ന രീതിയിലാണ്.

സങ്കരയിനം കാള	135
സങ്കരയിനം പശുക്കൾ	1509
നാടൻ കാളകൾ	257
നാടൻ പശുക്കൾ	1685
എരുമ	139
പോത്ത്	85
മുട്ടൻ ആട്	117
പെണ്ണാട്	404
പന്നി	76
വളർത്തുനായ്ക്കൾ	936
നാടൻ കോഴികൾ	9841
സങ്കരയിനംകോഴി	807
താറാവ്	80

1996ൽ നടന്ന കന്നുകാലിസെൻസസിന്റെ സ്ഥിതി വിവരകണക്കുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. എന്നിരുന്നാലും കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സങ്കരയിനം പശുക്കളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടായിട്ടുണ്ട്. വനപ്രദേശമായ വേട്ടാംപാറ, ഭൂതത്താൻകെട്ട് പ്രദേ ശങ്ങളിലുള്ള നാടൻ കന്നുകാലികളൊഴിച്ചാൽ പിണ്ടിമന പഞ്ചായത്തിലുള്ള ഒരു പ്രദേശത്തും നാടൻ കന്നുകാലികൾ ഇല്ല. മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ നാടൻ കന്നുകാലികൾ തികച്ചും വനത്തിനുള്ളിലെ പുൽ മേടുകളിൽ മേഞ്ഞാണ് ജീവിക്കുന്നത്. കന്നുകാലികൾ വനത്തിനുള്ളിൽ വച്ച് തന്നെ വംശവർദ്ധനവും നടത്തുന്നു. എന്നതിനാൽ ഈ കന്നുകാലികളുടെ ജനിതക ഗുണം ക്യത്രിമ ബീജ സംങ്കലനംവഴി ഉയർത്തുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും മാലിപ്പാറയിൽ ആരംഭിച്ച ഗോസംവർദ്ധന കേന്ദ്രത്തിന്റെ പ്രവർത്തനഫലമായി നിർമ്മൽ ഗ്രാമം വനിതാ ഡയറി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്ക് സങ്കരയിനം പശുക്കളെ വാങ്ങാൻ ലോൺ കൊടുക്കുന്നതിനാലും കുറെയൊക്കെ സങ്കരയിനം പശുക്കളെ ഉദ്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ ദശാബ്ദത്തിനുള്ളിൽ എരുമകളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവന്നിട്ടുണ്ട്. ഇതിനുപ്രധാനകാരണം പിണ്ടിമന പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ പാൽ സംഭരണ കേന്ദ്രങ്ങളായ പാൽ സൊസൈറ്റികളിൽ

എരുമപാലിന് അർഹതമായ വില ലഭിക്കുന്നില്ലാത്ത തുകൊണ്ടാണ്. പോത്തുകളുടെ എണ്ണത്തിലും കുറവു ണ്ടായിട്ടുണ്ട്. എന്നിരുന്നാലും താഴ്ചപാടങ്ങളിൽ ഇന്നും ചെറിയതോതിൽ പോത്തുകളെ ഉപയോഗിച്ച് കൃഷി ചെയ്യുന്നുണ്ട്.

വനപ്രദേശങ്ങളായ വേട്ടാംപാറ ഭൂതത്താൻ കെട്ട് എന്നീ മേഖലകളിൽ ആടുവളർത്തൽ ഒരു ഉപതൊഴിലായി വളരെ യധികം പ്രാധാന്യം നേടിയിട്ടുണ്ട്. ആടുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായതായി പ്രതീക്ഷിക്കാം.

നാടൻ പന്നികളുടെ എണ്ണത്തിൽ ഗണ്യമായകുറവും, വിദേശ ഇനങ്ങളായ ലാർജ് വൈറ്റ് യോർക്ക് ഷെയർ എന്നീ ഇനങ്ങളിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇതിനു പ്രധാന കാരണം പിണ്ടിമന മൃഗാശുപത്രി വഴി മൃഗ സംരക്ഷണ വകുപ്പിന്റെ വിവിധ പന്നിവളർത്തൽ പദ്ധതി കളിലായി ഈ പറഞ്ഞ വിദേശ ജെനുസുകളെ കുറഞ്ഞ വിലക്ക് കർഷകർക്ക് വിതരണം ചെയ്തതുകൊണ്ടാണ്. കോതമംഗലത്തേയും സമീപപ്രദേശങ്ങളിലേയും, ഭക്ഷണശാലകളുടെ അവശി ഷ്ട ങ്ങളും, ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകളുടെ അവശിഷ്ടങ്ങളും ഉപയോ ഗിച്ചാണ് പന്നി വളർത്തൽ ലാഭകരമായി ഈ പഞ്ചായത്തിൽ നടപ്പിലായത്.

കോഴികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവു ണ്ടായിട്ടുണ്ട്. അതു പോലെ നാടൻ കോഴികൾ കുറഞ്ഞത് അത്യുത്പാദന ശേഷിയുള്ള റോഡോവൈറ്റ്, ആസ്ട്രോ വൈറ്റ്, വൈറ്റ്ലഗോൺ, കലിംഗാബ്രൗൺ, ഗിരിരാജ തുടങ്ങിയ ഇനം കോഴികളെ കൂടുൽ വീടുകളിൽ വളർ ത്തുന്നുണ്ട്. ഇതിനു പ്രധാന കാരണം പിണ്ടിമന സർക്കാർ മൃഗാശുപത്രിവഴി മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികൾ വഴി മേൽപ്പറഞ്ഞ ഇനം കോഴികളെ വിതരണം ചെയ്തതുകൊണ്ടാണ്.

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ മറ്റു വികസന പ്രവൃത്തനങ്ങളും, റബ്ബർ കൃഷിയിൽ വന്ന വ്യാപനവും, നെൽപാടങ്ങളുടെ ശോഷിപ്പും, പുല്ല്, വയ്ക്കോൽ, തുടങ്ങിയ വയുടെ ദൂർലഭൃതയിലേക്കും വഴി തെളിച്ചു. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം പ്രശ്നമെന്നോണം കാലിത്തീറ്റയിൽ വന്ന ക്രമാതീതമായ വർദ്ധനവും ഉദ്പാദനത്തിന് മതിയായ വില ലഭിക്കാത്തതുമായ അവസ്ഥ ഈ മേഖലയുടെ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. തീറ്റ പുൽകൃഷിയുടെ അഭാവവും നെൽകൃഷിയുടെ കുറവും കാരണം വയ്ക്കോൽ മതിയായ അളവിൽ ലഭ്യമാകാത്ത ഒരു സാഹചര്യം സംജാതമായിട്ടുണ്ട്. മേൽപറഞ്ഞ കാരണം കൊണ്ട് പാലക്കാടൻ പ്രദേശത്തു നിന്നുള്ള വയ്ക്കോൽ 4 രൂപ വരെ വിലകൊടുക്കേണ്ടിവരുന്നു.

ഗുരുത്വാഹാരവും, വെളിയിൽനിന്ന് വാങ്ങുന്ന വയ്ക്കോലും കുറഞ്ഞ അളവിൽ ലഭ്യമായതീറ്റപുല്ലും ഉപയോഗിച്ച് പാൽ ഉദ്പാതനം സാദ്ധ്യമാക്കുന്നതിനാൽ ഈ പ്രദേശത്ത് ഉദ്പാദനചിലവ് വളരെയധികമാണ്. ഉദ്പാദന ചിലവിനനുസരിച്ചുള്ള വില ക്ഷീര കർഷകന് പാലിന് ലഭിക്കുന്നില്ല.

പശുപരിപാലനം ഒരു മുഖ്യതൊഴിലായും, ഉപതൊ ഴിലായും മുമ്പോട്ട് കൊണ്ടുപോകുന്ന വളരെയേറെ കർഷകർ ഈ പഞ്ചായത്തിലുണ്ട്. പാൽ സംഭരണത്തിനായി സർക്കാർതലത്തിലുള്ള മൂന്ന് ആപ്കോസൊസൈറ്റികൾ (മാലിപ്പാറ, പിണ്ടിമന, അയിരൂപ്പാടം,)എന്നീ പ്രദേശങ്ങളിൽ നിലവിൽ ഉണ്ട്. ഇത് കൂടാതെ നിർമ്മൽ ഗ്രാം വനിതാ ഡയറി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പടിപ്പാറ, ആലിൻചുവട്, ചെമ്മീൻകുത്ത്, കാവും പടി എന്നീ പ്രദേ ശങ്ങളിലും പാൽ സംഭരണസൊസൈറ്റികളുണ്ട്. ഇത്രയും സൊസൈറ്റികൾ ഉള്ളതിനാൽ പാൽ വിപണനത്തിന് ബുദ്ധിമുട്ട് നേരിടുന്നില്ല. ഈ സൊസൈറ്റികളിലെല്ലാം കൂടി ഏകദേശം പ്രദി ദിനം 1150 ലിറ്റർ (ആയിരത്തി ഒരുന്നൂറ്റി അമ്പത്) പാൽ സംഭരണം ചെയ്യുന്നുണ്ട്.

പ്രാദേശിക വിപണനം വഴി പാലിന് മാർക്കറ്റ് കണ്ടെത്തുന്നുണ്ട്. കാലിത്തീറ്റ പിണ്ണാക്ക് തുടങ്ങിയവ കടകളിൽ നിന്നുവാങ്ങിയും പുല്ല്, പറമ്പ്, തൊടി, പാടങ്ങൾ എന്നിവയിൽ നിന്നും സംഭരിച്ചാണ് ഈ പ്രദേശത്ത് പശുക്കളെ പരിപാലിക്കുന്നത്. വൈക്കോൽ വിലകൊടുത്തു വാങ്ങുന്ന അവസ്ഥയാണ് ഇന്നു നിലവിലുള്ളത്. തീറ്റപ്പുല്ല് മുഖ്യമായോ ഇടവിളയായോ കൃഷിചെയ്യുന്ന കർഷകർ അപൂർവ്വമാണ്. ഈ മേഖലയിലെ കർഷകർ ഇടവിളയായി തീറ്റപുല്ല് കൃഷിചെയ്യാത്തത് പുൽ വിത്തുകളുടെ ദൗർലഭ്യവും വിജ്ഞാനവ്യാപനത്തിൽ വന്ന തകരാറും മൂലമാണ്. വരും കാലങ്ങളിൽ ഇത് പരിഹരി ക്കേണ്ടതും വ്യാപകമായി തീറ്റപ്പുല്ല് കൃഷിചെയ്യാൻ ക്ഷീരകർഷകരെ പ്രോത്സാഹിപ്പി ക്കേണ്ടതുമാണ്. കൂടിയ അളവിൽ നല്ലയിനം തീറ്റപ്പുല്ല് നൽകി ഗുരുത്വാഹാരം കുറച്ചാൽമാത്രമേ പാലുത്പാദനം ലാഭകരമാക്കാൻ കഴിയുകയുള്ളൂ. പാടശേഖരങ്ങളിലെ വരമ്പുകൾ, ബണ്ടുകൾ, കയ്യാലകൾ എന്നിവയിൽ തീറ്റപ്പുല്ല് കൃഷിചെയ്യാൻ പ്രോത്സാ ഹിപ്പിക്കണം. വരും കാലങ്ങളിൽ ഇപ്പോഴുള്ള കാലി സമ്പത്തിൽ കൂടുതൽ വർദ്ധന വുണ്ടാക്കാതെ നിലവിലുള്ള പശുക്കളുടെ ഉത്പ്പാദനക്ഷമത കൂട്ടുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

പിണ്ടിമന പഞ്ചായത്തിൽ സഹകരണസംഘങ്ങൾ വഴി സംഭരിക്കുന്ന പാൽ എന്നിവ വഴി നഗരങ്ങളിൽ വിപണനം ചെയ്യുന്നു കൂടാതെ പ്രാദേശിക വിപണനവും നടക്കുന്നുണ്ട്. എന്നാൽ ചുരുങ്ങിയ അളവിലെങ്കിലും പാൽ ധന്യ വിഭവങ്ങളാക്കി മാറ്റിയാൽ കുടുതൽ വില ലഭിക്കുന്നതാണ്.

കോഴി വളർത്തൽ മേഖലയെക്കുറിച്ചുപറയുമ്പോൾ അടുക്കളമുറ്റത്തെ കോഴിവളർത്തൽ എന്ന സമ്പ്രദായം ഈ പഞ്ചായത്തിൽ വളരെ വ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തിനുള്ളിൽ തന്നെ പിണ്ടിമന മൃഗാശുപത്രി വഴി സൗജന്യനിരക്കിൽ സങ്കരയിനം കോഴികുഞ്ഞുങ്ങളെ പല പദ്ധതികളിലായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ അടിക്കടിയുണ്ടാകുന്ന രോഗം നിമിത്തം കുറെയേറെ

കോഴികൾ നമുക്ക് നഷ്ടപ്പെടുന്നു. രോഗപ്രതിരോധ ശേഷിയുള്ള നല്ലയിനം മുട്ടകോഴി കുഞ്ഞുങ്ങൾക്ക് ഈ പഞ്ചായത്തിൽ ആവശ്യക്കാർ ഏറെയുണ്ട് പിണ്ടിമന പഞ്ചായത്തിൽ ഏകദേശം പ്രതിദിനം 1500 മുട്ടകൾ കടകളിലൂടെ വിറ്റഴിക്കുന്നുണ്ട്.

ഇറച്ചികോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടനവധി കർഷകർ ഈ പഞ്ചായത്തിലുണ്ട്. ഒരു ദിവസം പ്രായമായ ഇറച്ചികോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, കുഞ്ഞുങ്ങളുടെ അധികവില, കോഴിത്തീറ്റയുടെ അധികവില സാംക്രമികരോഗങ്ങൾ മൂലമുണ്ടാകുന്ന കോഴികളുടെ മരണം മരുന്നിന്റെ അധികവില,കോഴിയിറച്ചിയുടെ വിലിയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഇടനിലക്കാരന്റെ ചൂഷണം എന്നീകാരണങ്ങളാൽ ഇറച്ചികോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ശരിയായ സാമ്പത്തികലാഭം ലഭിക്കുന്നില്ല. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ഈ മേഖലയിലുള്ള കർഷകരെ ഒരുമിച്ചുനിർത്തികൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു സൊസൈറ്റി രൂപീകരിക്കേണ്ടതും ആ സൊസൈറ്റി മുഖേന മേൽപ്പറഞ്ഞ പ്രതിബന്ധങ്ങൾ തരണം ചെയ്യേണ്ടതുമാണ്.

പന്നിവളർത്തലിൽ താൽപ്പര്യമുള്ള ഒട്ടനവധി കർഷകർ ഈ പഞ്ചായത്തിലുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ സൗജന്യനിരക്കിൽ ചെറുകിട കർഷകർക്ക് വിദേശ ഇനത്തിൽ പെട്ട പന്നിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതുകൊണ്ട് നാടൻ പന്നികളുടെ എണ്ണത്തിൽ ഗണ്യമായ കുറവും ശീമപന്നികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. എന്നാൽ പന്നിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്, ഭക്ഷണ ശാലയിലെ അവശിഷ്ടങ്ങൾ അറവുശാലയിലെ അവശിഷ്ടങ്ങൽ ഇറച്ചികോഴി വളർത്തലിൽ നിന്നുള്ള അവശിഷ്ടങ്ങൾ എന്നിവയ്ക്കു വേണ്ടിയുള്ള കിടമത്സരവും പന്നിവളർത്തലിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

കായലുകളുടെയും കുളങ്ങളുടെയും തോടുകളുടെയും അഭാവംമൂലം ഈ പ്രദേശത്ത് താറാവുവളർത്തൽ ചുരുക്കമായേ കാണുന്നുള്ളൂ.

ഈ പഞ്ചായത്തിന്റെ പലഭാഗത്ത് അനധികൃതമായി പ്രാദേശിക അറവുശാലകളുണ്ട്. 15 മുതൽ 20 വരെ കന്നുകാലികളെ ആഴ്ചതോറും ഇതിലൂടെ കശാപ്പു ചെയ്യുന്നു. പൊതുജനാരോഗ്യം അപകടപ്പെടുത്തും വിധത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു ഈ അറവു ശാലകളെ ഏകോപിപ്പിച്ച് ശാസ്ത്രീയമായി നിർമ്മിച്ച ഒരറവുശാല ഈ പഞ്ചായത്തിൽ വരേണ്ടതാവശ്യമാണ്. റോഡരികിൽ കെട്ടിത്തൂക്കിയുള്ള മാംസംവില്പന നിരോധിച്ച് മാതൃകാ മീറ്റ് സ്റ്റാളുകൾ വഴി ഇറച്ചിവിതരണം ചെയ്യുകയാണ് അഭികാമ്യം. അറവുശാലകൾക്കും., മീറ്റുസ്റ്റാളിനും വേണ്ടിവരുന ധനസഹായം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം.

മൃഗപരിപാലനത്തിലേർപ്പെട്ടിരിക്കുന്ന കർഷകർ ബീജസങ്കലനത്തിനും പിണ്ടിമന മൃഗാശുപത്രിയെയാണ് ആശ്രയിക്കുന്നത്. പിണ്ടിമന മൃഗാശുപത്രി ആക്ഷന കമ്മറ്റിയുടെ ശ്രമഫലമായി നാട്ടുകാർ പിരിച്ചുണ്ടാക്കിയ തുകയിൽ വാങ്ങിയ കെട്ടിടവും സ്ഥലവും സർക്കാരിലേക്ക് സറണ്ടർ ചെയ്തിട്ടുണ്ട്. എന്നാൽ അതിനുശേഷം യാതൊരു വികസന പ്രവർത്തനവും നടന്നിട്ടില്ല. മേഞ്ഞ മേൽക്കൂരയുള്ള ഒരു കെട്ടിടത്തിലാണ് ഈ ആശുപത്രിപ്രവർത്തിക്കുന്നത് പ്രതിമാസം 100 മുതൽ 120 ഓളം ഉരുക്കളെ ഈ ആശുപത്രിമുഖേന കൃത്രിമ ബീജസങ്കലനത്തിന് വിധേയമാക്കുന്നു. കൂടാതെ 300 ഓളം വിവിധ മൃഗങ്ങളെ വിവിധ രോഗങ്ങൾക്കായി ചികിത്സിക്കുന്നു കുളമ്പുരോഗം പേവിഷ നിർമാർജനത്തിനുള്ള പ്രതിരോധകുത്തിവയ്പ്പ്, കോഴിവസന്തയ്ക്കെതിരെ പ്രതിരോധകുത്തിവപ്പ് എന്നിങ്ങനെ വിവിധ വാക്സിനേഷനുകൾ നടത്തപ്പെടുന്നു. ലാമ്പിട്ടറി സൌകര്യം പോലും ഇല്ലാത്ത ആശുപത്രിയാണ് നിലവിലുള്ളത്. എല്ലാവിധ സൗകര്യങ്ങളോടും കൂടി ആശുപത്രി വികസനം സാധ്യ മാക്കേണ്ടതാണ്. മൈക്രോസ്കോപ്പ് ഉൾപ്പെടെ രോഗനിർണ്ണയ സൗകര്യവും കർഷകരുടെ സൗകര്യാർത്ഥം ടെലഫോൺ സൗകര്യവും ഏർപ്പെടുത്താവുന്നതാണ്.

നടപ്പുപദ്ധതികൾ പോരായ്മകൾ — മാറ്റങ്ങൾ

ഈ സ്ഥാപനം വഴി മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(1) പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി
(2) പേവിഷ നിയന്ത്രണപദ്ധതി
(3) ഊർജ്ജിത പന്നിവളർത്തൽ പദ്ധതി
(4) ബൃഹത്തായ പന്നിവളർത്തൽ, കോഴിവളർത്തൽ പദ്ധതി
5) കുളമ്പുരോഗപ്രതിരോധ കുത്തിവയ്പ്പ്
(6) പ്രത്യേകഘടക പദ്ധതി പ്രകാരം ആട്, കോഴി, കിടാരി വിതരണം.
(7) കാലിവസന്ത നിർമ്മാർജ്ജന പദ്ധതി
(8) വികസനവും പരിശീലനവും വിജ്ഞാന വ്യാപനവും
(9) മുയൽ വളർത്തൽ പദ്ധതി
(10) വീട്ടുവളപ്പിലെ കോഴിവളർത്തൽ

നടപ്പു പദ്ധതികളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പ്രത്യേക കുന്നുകുട്ടി പരിപാലന പദ്ധതിയാണ്.

സങ്കരയിനം പശുക്കിടാക്കളെ (4 മുതൽ 9 മാസം പ്രായമുള്ളവ) തിരഞ്ഞെടുത്ത് പകുതിവിലക്ക് തീറ്റനൽകി ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാധിക്കുക, പാലുത്പ്പാദനം വർദ്ധിപ്പിക്കുക ഇതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഘട്ടം ഘട്ടമായി പേവിഷ നിർമാർജ്ജനം നടത്തുകയാണ്.

പേവിഷബാധനിർമാർജ്ജന പദ്ധതിയുടെ ലക്ഷ്യം. ഇതിനുള്ള വാക്സിൻ പകുതിവിലയ്ക്ക് കർഷകന് ലഭ്യമാക്കണം. തദ്ദേശ സയംഭരണ സ്ഥാനപങ്ങളുടെ സഹകരണത്തോടുകൂടി അലഞ്ഞുതിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കളെ പ്രതിരോധകുത്തിവപ്പിനു വിധേയ മാക്കുകയും വേണം. നായ്ക്കളെ വളർത്തുന്നവർക്ക് ലൈസൻസ് നിർബന്ധമാക്കണം.

പന്നിക്കുഞ്ഞുങ്ങളുടെയും 2 മാസം പ്രായമുള്ള കോഴികുഞ്ഞുങ്ങളുടേയും ദൗർലഭ്യം പരിഹരിക്കണം. ഇറച്ചികോഴിവളർത്തൽ മേഖല വളരെ അസംഘടിതമാണ് പ്രാദേശികസഹകരണ സംഘം രൂപീകരിച്ച് ഇടനിലക്കാരന്റെ ചൂഷണം ഒഴിവാക്കിയാലേ ഈ മേഖലയിൽ പുരോ ഗതിയുണ്ടാകൂ.

ആദായകരമായ പാലുത്പാദനത്തിന് ഏറ്റവും വലിയ വെല്ലുവിളി അനുദിനം വർദ്ധിച്ചുവരുന്ന കാലിത്തീറ്റയുടെ വിലയാണ്. ആയതിനാൽ ഈ വില വർദ്ധനവിൽ സർക്കാർ ഇടപെടേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലെ പാലുത്പാദനം കൂട്ടുവാനും തൊഴിലില്ലായ്മ പ്രശ്നം ഒരളവുവരെ പരിഹരിക്കാനും 2–3 പശുക്കളുടങ്ങുന്ന വിവിധ ഡയറി യൂണിറ്റുകൾ വാർഡ്തോറും സർക്കാർ ധനസഹായത്തോടെ ആരംഭിക്കാവുന്നതാണ്. 15 വനിതകളടങ്ങുന്ന വനിതാ സംരഭകർക്കുള്ള പശുവളർത്തൽ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കാവുന്നതാണ്.

മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ കുട്ടികൾക്കും വീട്ടമ്മമാർക്കുമുള്ള മുയൽ വളർത്തൽ പദ്ധതികൾ പ്രോത്സാഹിപ്പിക്കണം. അതോടൊപ്പം തന്നെ മുയലിന്റെ തുകൽ സംസ്കരണ സാങ്കേതികവിദ്യ ലഭ്യമാക്കണം.

ചുരുക്കത്തിൽ കളിഞ്ഞ 3 ദശാബ്ദങ്ങളായിട്ട് വികസനം മുരടിക്കാത്ത ഗ്രാമീണ സമ്പദ്ഘടനയ്ക്ക് കാതലായ സംഭാവന നൽകിയ അസൂയാവഹമായ നേട്ടങ്ങൾ കൈവരിച്ച ഒരു രംഗമാണ് മൃഗസംരക്ഷണ പാലുത്പാദനമേഖല. എന്നാൽ ആസൂത്രണ പ്രക്രിയയിൽ കാര്യമായ പ്രാധാന്യവും സ്ഥാനവും പദ്ധതിവിഹിതവും ഈ മേഖലയ്ക്ക് ഇന്നുവരെ ലഭിച്ചിട്ടില്ല. അതിനാൽ വരും കാലപദ്ധതികളിൽ വേണ്ടത്ര പ്രാധാന്യവും വിഹിതവും ശ്രദ്ധയും കൊടുത്താൽ പ്രതിശീർഷ ഭൂമിയുടെ ലഭ്യതയിലും ആളോഹരി വരുമാനത്തിലും വളരെ പിന്നോക്കം നിൽക്കുന്നതുമായ കേരളം സാക്ഷരതയിലും ജീവിതനിലവാരത്തിലും തൊഴിലില്ലായ്മയിലും മുൻപന്തിയിൽ നിൽക്കുന്നതുമായ കേരളം പോലുള്ള സംസ്ഥാനത്ത് അനന്യസാധ്യതയുള്ള രംഗമാണ് മൃഗസംരക്ഷണ പ്രവർത്തനങ്ങൾ എന്നത് സംശയാതീതമായി പറയാൻ കഴിയും.

1. കോഴികുഞ്ഞുങ്ങളേയും, കാടകുഞ്ഞുങ്ങളേയും താറാവിൻ കുഞ്ഞുങ്ങളേയും കേടുതീർത്ത് ആവശ്യമുള്ള കർഷകന് ഓരോ ഇനത്തിനും വളരുവാൻ അനുകൂലമായ കാലാവസ്ഥകളിൽ ലഭിക്കുവാൻ സംവിധാനം ചെയ്യണം.
2. ഓരോ ഇനം കൃഷികളിൽ ഇടപെടുന്നവരുടെ പ്രശ്നങ്ങളെ കൂട്ടായി നേരിടുന്നതിനും, പരസ്പരം ആശയ വിനിമയം നടത്തുവാനുള്ള വേദി ഒരുക്കുകയും ചെയ്യണം.

മൃഗസംരക്ഷണം

പ്രശ്നങ്ങൾ– സങ്കരയിനം പശുക്കളുടെ വളർത്തലിനും, സരംക്ഷണത്തിനും ആവശ്യമായ ആഹാരപദാർത്ഥങ്ങളുടേയും മരുന്നുകളുടേയും ലഭ്യതകുറവ് അവയുടെ അമിതമായ വില, പാലിന് മാർക്കറ്റിൽ അനുഭവപ്പെടുന്ന വിലകുറവ്, പാൽ സൊസൈറ്റികളുടെ പ്രവർത്തനങ്ങളിലുള്ള അപാകതകളും അവയുടെ പോരായ്മകളും. നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങളിലെ കർഷകരും, കർഷക തൊഴിലാളികളും തിങ്ങിപാർക്കുന്ന പ്രദേശങ്ങളിൽ ആധുനിക മൃഗസംരക്ഷണങ്ങളെ കുറിച്ചുള്ള പഠനസൗകര്യങ്ങളുടെ കുറവ്.

കോഴിയിനങ്ങളുടെ വളർത്തലുകളിലും, മുട്ട ഉദ്പാദനത്തിലും അനുഭവപ്പെടുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും. അശാസ്ത്രീയമായ അറവുശാലകൾ. നല്ലയിനം മുയൽ വളർത്തുന്നതിനും, അതിന്റെ തുകൽ സംസ്കരിച്ചെടുക്കുന്നതിനും ഉള്ളസൗകര്യങ്ങളുടെ കുറവ്.

വളർത്തുനായ്ക്കളുടെ അലഞ്ഞുതിരിഞ്ഞു നടക്കുന്ന രീതി.

ക്ഷീര കർഷകർക്ക് ഉണ്ടാകുന്ന നഷ്ടത്തിന് ഇൻഷൂറൻസ് സൗകര്യങ്ങളിലുള്ള അപര്യാപ്തത.

കോഴി, മുയൽ, മാടുകൾ എന്നിവയുടെ വളർത്തലിനും വിപണനത്തിനും ഉള്ള മാർക്കറ്റുകളുടെ ദൗർലഭ്യം.

മൃഗസംരക്ഷണ കേന്ദ്രങ്ങളിലെ വാർത്താവിനിമയ ഉപാധികളുടെ അപര്യാപ്തത.

ദേശാടന പക്ഷികളുടെ നിലനിൽപ്പിനും വംശവർധനവിനും ഉള്ള സങ്കേതങ്ങളുടെ നശീകരണം.

പാലുല്പാദന സംഘങ്ങൾ, തീറ്റപുൽകൃഷി, പശുസംരക്ഷണം, പാൽ സംഭരണം മുതലായവയുടെ പ്രവർത്തനങ്ങളിൽ അനുഭവപ്പെടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ.

ശാസ്ത്രീയ അറവുശാലകളുടെയും ഗുണനിലവാരമുള്ള മാംസത്തന്റെ ലഭ്യതയിലും അനുഭവപ്പെടുന്ന ദൗർലഭ്യം.

ബീജസങ്കലന കേന്ദ്രങ്ങളുടെ അപര്യാപ്തത ബയോഗ്യാസ് പ്രോത്സാഹനം കൊടുക്കുക.

ക്ഷീരോദ്പാദകർക്ക് പ്ലാന്റ് നിർമ്മാണത്തിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തുക.

പിണ്ടിമന സർക്കാർ മൃഗാസ്പത്രിയുടെ ഇന്നത്തെ സൗകര്യങ്ങളുടെ അപര്യാപ്തത.

നിർദ്ദേശങ്ങൾ (മൃഗസംരക്ഷണം)

ശാസ്ത്രീയമായ അറവുശാലകൾ നിർമ്മിക്കുക. വിപണനവും വിലയും ഏകീകരിക്കുക. പാൽ സംഭരണകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ ആരംഭിക്കുക.

മാതൃകാ കോഴിവളർത്തൽ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകുകയും, ഉള്ളവ മെച്ചപ്പെടുത്തുകയും ചെയ്യുക.

കാടവളർത്തൽ മാതൃകായൂണിറ്റ് ആരംഭിച്ച് പ്രോത്സാഹിപ്പിക്കുക ക്ഷീരസംഘങ്ങളുടെ മേൽ നോട്ടത്തിൽ വൈയ്ക്കോൽ ശേഖരിച്ച് വിതരണം നടത്തുക.

സ്കൂൾ വിദ്യാർത്ഥികളുടെ ഇടയിലും പൊതുവായിട്ടും കാടകൃഷി ബോധവത്കരണവും പ്രോത്സാഹനവും നൽകുക.

അലഞ്ഞു നടക്കുന്ന നായ്ക്കളുടെ നശീകരണവും വളർത്തു നായ്ക്കൾക്ക് പ്രതിരോധകുത്തിവയ്പ് നല്കലും കാര്യക്ഷമതമാക്കുക.

ഇൻഷൂറൻസ് സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

പിണ്ടിമനമൃഗാശുപത്രിയിൽ ടെലഫോൺ സ്ഥാപിക്കുകയും എല്ലാവിധവാർഡിലും പബ്ലിക് ടെലഫോൺ ബൂത്തുകൾ ആരംഭിക്കുയും ചെയ്യുക.

മാടുകൾ മുയൽ മുതലായവയുടെ തുകൽ സംസ്കരിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുക.

ക്ഷീരസംഭരണകേന്ദ്രങ്ങളോട് അനുബന്ധിച്ച് ബീജസങ്കലനകേന്ദ്രങ്ങളും ആരംഭിക്കുക. കാലിത്തീറ്റ സബ്സിഡിനിരക്കിൽ വിതരണം ചെയുകയും വിലനിയന്ത്രിക്കുകയും ചെയ്യുക.

ബയോഗ്യാസ് പ്ലാൻറ് നിർമ്മാണത്തിന് കുറഞ്ഞ പലിശക്ക് പണം നൽകുകയും സബ്സിഡി വർദ്ധിപ്പിക്കുകയും ചെയ്യുക.

വരുമാനം കുറഞ്ഞ കുടുംബങ്ങൾക്ക് കന്നുകുട്ടികളെ സൗജന്യമായി നൽകുന്നതിനും, വളർത്തുന്നതിനുമുള്ള പദ്ധതികളെ പ്രോത്സാഹിപ്പിക്കുക.

ക്ഷീരസംഘങ്ങൾക്ക് ബിൽഡിംഗ്സ് സബ്സിഡി വർദ്ധിപ്പിക്കുക.

മാലിപ്പാറ സബ്സെൻററിന് സ്വന്തം കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം കൂടുതൽ കാര്യ ക്ഷമ മാക്കു കയും ചെയ്യുക.

മത്സ്യബന്ധനം

പഞ്ചായത്ത് പ്രദേശത്ത് മത്സ്യകൃഷി പറയത്തക്ക പ്രാധാന്യത്തിലേക്ക് പ്രവേശിച്ചിട്ടില്ല. നാമമാത്രമായികുളങ്ങൾ മത്സ്യംവളർത്തുവാൻ ചില ഭാഗങ്ങളിൽ ഉണ്ട്. മുഖ്യതൊഴിലാളി ആരും ഇതിനെ സീകരിച്ചതായി കാണുന്നില്ല. നമ്മുടെ പഞ്ചായത്തിലെ ഭൂപ്രകൃതിയും ജലസ്രോതസ്സുകളുടെയും രീതിയനുസരിച്ച് വളരെ പ്രോത്സാഹനം നൽകുന്ന മേഖലയാണിത്.

സാധ്യതകൾ

- പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിലെ സൗകര്യങ്ങൾ മത്സ്യകൃഷിക്കായി ഉപയോഗപ്പെടുത്തുക.
- പഞ്ചായത്തിലെ പൊതുചിറകളും, കുളങ്ങളും ശുദ്ധീകരിച്ച് മത്സകൃഷി പ്രോത്സാഹിപ്പിക്കുക.
- മെയിൻ കനാലിൻെറ ഇരുവശങ്ങളിലും വെള്ളം കെട്ടികിടക്കുന്ന ഭാഗങ്ങളിൽ മത്സ്യകൃഷി നടത്തുന്ന രീതികളെ ക്കുറിച്ച് ബോധവൽക്കരണം നടത്തുക.
- നെൽകൃഷിയും മത്സ്യകൃഷിയും ഒന്നിച്ചുചെയ്യുന്ന രീതികളെ പ്രോത്സാഹിപ്പിക്കുക.
- ഈ പങ്കാളിത്തത്തോടുകൂടിയുള്ള ചെമ്മീൻകൃഷി ആരംഭിക്കുക.

I. വ്യവസായം

വ്യവസായ മേഖലയിൽ പിണ്ടിമന പഞ്ചായത്ത് വളരെ പിന്നോക്കമാണ്. പൊതുമേഖലയിലോ, സ്വകാര്യ മേഖലയിലോ വൻകിട യൂണിറ്റുകൾ ഒന്നുംതന്നെയില്ല. 30 കുതിരശക്തിക്ക് മേൽ പവർ ഉപയോഗിക്കുന്ന 4 യൂണിറ്റുകളും 10 കുതിരശക്തിയുള്ള 8 യൂണിറ്റുകളും അതിൽ താഴെ ഒന്നര കുതിരശക്തി വരെ ഉപയോഗിച്ചുള്ള 29 യൂണിറ്റുകളും പ്രവർത്തിക്കുന്നു. ഇവയിൽ ആകെ 87 ജോലിക്കാരുണ്ട്. പഞ്ചായത്തിൽ ആകമാനം 3477 തൊഴിലാളികൾ വിവിധ മേഖലകളിലായി ജോലി ചെയ്യുന്നു. പഞ്ചായത്തിന് പുറത്ത് ജോലി ചെയ്യുന്ന ധാരാളം യുവാക്കളുണ്ട്. റബ്ബർ കൃഷി മേഖലയായ പഞ്ചായത്തിൽ വിദഗ്ദ്ധരായ തോട്ടം തൊഴിലാളികൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. പൊതുമേഖലയിൽ സ്ത്രീ തൊഴിലാളികളാണ് കൂടുതൽ. എങ്കിലും ചെറുകിട യൂണിറ്റുകളിൽ പുരുഷന്മാരാണ് കൂടുതൽ. ചെറുകിട യൂണിറ്റുകൾ മിക്കവയും കേരം, ഭക്ഷ്യം തുടങ്ങിയവയെ ആശ്രയിച്ച് കഴിയുന്നവയും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതുമാണ്.

നമ്പർ	ചെറുകിട വ്യവസായ യൂണിറ്റുകൾ	കുതിര ശക്തി
1	മെറ്റൽ ക്രഷർ	35
2	ക്രീപ്പ് മിൽ	50
3	നവാർഫുഡ് പ്രോഡക്ട്	70
4	എല്ല്പൊടി കമ്പിനി	
5	റൈസ് മിൽ	10
6	റൈസ് മിൽ	10
7	റൈസ് ആൻഡ് ഓയിൽ മിൽ	10
8	ഓയിൽ മിൽ	10
9	റൈസ് ആൻഡ് ഓയിൽ മിൽ	10
10	റൈസ് ആൻഡ് ഓയിൽ മിൽ	10
11	വുഡ്ക്രാഫ്ട് ഇൻഡസ്ട്രി	15
12	റൈസ് ആൻഡ് ഓയിൽ മിൽ	10
13	റൈസ് ആൻഡ് ഓയിൽ	10
14	റൈസ് ആൻഡ് ഓയിൽ	10
	10 എച്ച്.പി.യിൽ താഴെ 29	

പ്രശ്നങ്ങളും പരിഹാരങ്ങളും

പരമ്പരാഗത നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ, ചൂരൽ മുതലായ അസംസ്കൃത വസ്തുക്കൾ ഇപ്പോൾ ലഭ്യമല്ല. വ്യാപകമായ വനനശീകരണവും, കൃഷിരീതിയൽ ഉണ്ടായ മാറ്റങ്ങളും മൂലം നാട്ടിൻപ്രദേശങ്ങളിൽ ഉണ്ടായിരുന്ന ഈറ്റ, ചൂരൽ മുതലായവ ദുർലഭമായിട്ടുണ്ട്. തൽഫലമായി ഈ മേഖലയിൽ മാന്ദ്യം സംഭവിച്ചിട്ടുണ്ട്. പിണ്ടിമന പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഇടുക്കി ജില്ലയിൽപ്പെട്ട കുട്ടമ്പുഴ വില്ലേജിലെ വനമേഖലകളിൽ നിന്നും ധാരാളം ഈറ്റ, ബാംബൂ കോർപ്പറേഷനും മറ്റ് ഏജൻസികളും ചേർന്ന് ശേഖരിച്ച് വിവിധ പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്. ഇപ്രകാരം ശേഖരിക്കപ്പെടുന്ന ഈറ്റ ബാംബൂ കോർപ്പറേഷൻ മുഖേന മിതമായ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.

റബ്ബർ തോട്ടങ്ങൾ ധാരാളം ഉള്ള ഈ പ്രദേശത്ത് ഒരു റബ്ബർ തടി സംസ്കരണ യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ധാരാളം സാധ്യതകളുണ്ട്. കൂടാതെ തൊട്ടടുത്ത വനപ്രദേശങ്ങളിൽ നിന്നും ലേലം ചെയ്യുവരുന്ന തേക്ക് കഴകൾ ഫർണിച്ചർ വ്യവസായത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്.

വ്യവസായ സംരംഭകർക്ക് ലൈസൻസ് സബ്സിഡി വൈദ്യുത കണക്ഷൻ ഇവ ലഭിക്കുന്നതിന് അനാവശ്യമായ കാലതാമസം ഉണ്ടാകാറുണ്ട്. പലപ്പോഴും ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും വായ്പകൾ നിഷേധിക്ക പ്പെടുന്നുമുണ്ട്. സ്മോൾ ഇൻഡസ്ട്രിയിൽ ഡവലപ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നും സഹകരണ ബാങ്കുകൾ മുഖേന വ്യവസായിക ആവശ്യമായ വായ്പകൾ ലഭ്യമാക്കിയാൽ വ്യവസായിക പുരോഗതിക്ക് ആക്കം കൂട്ടാൻ കഴിയും. ഇക്കാര്യത്തിൽ വാണിജ്യ ബാങ്കുകളുടെ സമീപനം തൃപ്തികരമല്ല. ഈ മേഖലയിൽ അനുഭവപ്പെടുന്ന വൈദ്യുതി വോൾട്ടേജ് ക്ഷാമവും ഒരു പ്രശ്നമാണ്. വ്യാവസായിക ഉല്പാദന വിപണന മേഖലകളെക്കുറിച്ചുള്ള അറിവില്ലായ്മ മൂലം സാങ്കേതിക പരിശീലനം ലഭിച്ചവർ ഉൾപ്പെടെയുള്ള സാമ്പത്തിക പിൻബലമുള്ള ചെറുപ്പക്കാർ പോലും സ്വയം തൊഴിൽ ഉപാധിയെന്ന നിലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് തയ്യാറല്ല. സഹകരണ അടിസ്ഥാനത്തിൽ ക്രംബ് റബ്ബർ ഫാക്ടറിയും ഇതര വ്യവസായങ്ങളും തുടങ്ങുവാൻ അനുകൂല സാഹ ചര്യങ്ങൾ നിലവിലുണ്ട്.

പിണ്ടിമന ഗ്രാമ പഞ്ചായത്തിൽ തുടങ്ങുവാൻ സാധ്യതയുള്ള വ്യവസായങ്ങളുടെ പട്ടിക താഴെ ചേർക്കുന്നു.

കാർഷികാധിഷ്ഠിത വ്യവസായങ്ങൾ

കൊപ്ര സംസ്കരണം, ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനം, ജൈവ വളം നിർമ്മാണം, ഭക്ഷ്യ ധാന്യം പൊടിച്ച് പായ്ക്കു ചെയ്യൽ (കറി പൗഡർ, ഗോതമ്പ് മുതലായവ) ചുക്ക്, കുരുമുളക് എന്നിവയുടെ ഒളിയോറെസിൻ (സത്ത്) ഉല്പാദനം യന്ത്രവൽകൃത കയർ നിർമ്മാണം. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ കയർ ഉല്പന്നങ്ങളായ കാർപെറ്റ്സ്, ചവിട്ടി തുടങ്ങിയവയുടെ ഉല്പാദനം, തേനീച്ച വളർത്തൽ, പൈനാപ്പിൾ സംസ്കരണം, പട്ടുനൂൽ ഉല്പാദനം.

കാർഷികേതര വ്യവസായം

പ്ലാസ്റ്റിക്, ചിരട്ട, പ്ലാസ്റ്റിക് ബക്കറ്റ് റബ്ബർ മരത്തിന് ആവശ്യമായ വളയം, പീലി, വിവിധ ഇനം പശകളുടെ നിർമ്മാണം റബ്ബർ കോട്ട് നിർമ്മാണം., തടി ഫർണിച്ചർ, പേപ്പർ പൾപ്പ് ഉപയോഗിച്ച് കടലാസ് നിർമാണം

സിമൻറ് ഇഷ്ടിക നിർമ്മാണം, ലെതർ, റെക്സിൻ എന്നിവയെ ആശ്രയിച്ചുള്ള സ്കൂൾ ബാഗ്, വാനിറ്റി ബാഗ് എന്നിവയുടെ നിർമാണം.

സോപ്പ് നിർമ്മാണം, പപ്പടം, ബേക്കറി, ലികിഡ് സോപ്പ് നിർമ്മാണം, ഡിറ്റർജൻറ് പൗഡർ നിർമ്മാണം, റെഡിമെയ്ഡ് ഗാർമെൻറ്സ്

ചിരട്ട, ഈറ്റ എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമാണം, ബലൂൺ നിർമാണം (ഇപ്പോൾ കേരളത്തിലേക്ക് ആവശ്യമായ ബലൂൺ ഗുജറാത്തിൽനിന്നും കൊണ്ടുവരികയാണ്)


സാധ്യതകൾ

പിണ്ടിമന ഗവ. പോളിടെക്നിക്ക് പോലെയുള്ള സ്ഥാപനങ്ങളിൽ വ്യവസായ സംരംഭകർക്കും തൊഴിലാളികൾക്കും ഹ്രസ്വകാല സാങ്കേതിക വൈദഗ്ദ്ധ്യ പോഷണ പരിശീലന പരിപാടികൾ സംഘടിപ്പിക്കാ വുന്നതാണ്.

വ്യാവസായ സംരംഭകർക്ക് ബാങ്ക് ലോൺ, ലൈസൻസ്, സബ്സിഡി മുതലായവ ലഭ്യമാക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങളും മറ്റും നൽകുന്നതിനു വേണ്ടി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഒരു വ്യവസായ വികസന സമിതിക്ക് രൂപം നൽകേണ്ടതാണ്. പ്രസ്തുത സമിതികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരുകയും വ്യവസായികളുടെയും വ്യവസായ സംരംഭകരുടെയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കേണ്ടതുമാണ്.

റെഡിമെയിഡ് ഗാർമെൻറ്സ്, പപ്പടം, കരകൗശല ഉല്പന്നങ്ങൾ മുതലായവ വിറ്റഴിക്കുന്നതിനും അതിനാവശ്യമായ ശേഖരണ–വിതരണ ശൃംഖല ഫലപ്രദമാക്കുന്നതിനും ആവശ്യമായ പരസ്യങ്ങൾ നൽകുന്നതിനും മറ്റുമായി പഞ്ചായത്തിലെ ചെറുകിട വ്യവസായികളുടെയും സംരംഭകരുടെയും ഒരു സഹകരണ സംഘം ആരംഭിക്കുന്നത് വ്യാവസായിക രംഗത്ത് വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിക്കും.

പഞ്ചായത്ത് പരിധിക്കുള്ളിൽ പരിസ്ഥിതിക്കു ദോഷം വരാത്ത രീതിയിൽ ചെറുകിട വ്യവസായം തുടങ്ങുന്നതിന് തയ്യാറായി വരുന്ന വ്യക്തിഗത സംരംഭകർക്ക് എല്ലാവിധ അനുകൂല സാഹചര്യങ്ങളും സൃഷ്ടിച്ചുകൊടുക്കേണ്ടതാണ്. പഞ്ചായത്ത് പരിധിക്കുള്ളിൽ പുതിയതായി തുടങ്ങുന്ന കുടിൽ വ്യവസായങ്ങളെയും വ്യാവസായിക ഉല്പാദനം തുടങ്ങിയ തീയതി മുതൽ 5 വർഷത്തേക്ക് എല്ലാവിധ നികുതികളിൽ നിന്നും നികുതി സംബന്ധമായ പരിശോധനകളിൽ നിന്നും വൈദ്യുതി കട്ട് ൽനിന്നും, തൊഴിൽ സമരങ്ങളിൽ നിന്നും പൂർണമായി ഒഴിവാക്കേണ്ടതാണ്. ഇത് വ്യവസായിക രംഗത്ത് ആരോഗ്യകരമായ വളർച്ചക്കും ഈ പ്രദേശത്തിന്റെ സമഗ്ര വികസനത്തിനും ഉപകരിക്കും.



ഊർജ്ജം

കാർഷിക പശ്ചാത്തലമുള്ള പിണ്ടിമന പഞ്ചായത്തിൽ പാചകത്തിനുവേണ്ടി ഉപയോഗിക്കുന്ന പ്രധാന ഇന്ധനം തെങ്ങ്, റബ്ബർ എന്നീ വൃക്ഷങ്ങളിൽനിന്നും ശേഖരിക്കുന്ന വിറകാണ്. എന്നാൽ അടുത്ത കാലത്തായി മണ്ണെണ്ണ, കുക്കിംഗ് ഗാസ് എന്നിവയും വ്യാപകമായി ഉപയോഗിച്ചുവരുന്നുണ്ട്. ഗാർഹികാവശ്യത്തിനുവേണ്ടി ഗോബർ ഗാസ് ചിലയിടങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ട്. കാർഷിക മേഖലയാണെങ്കിൽ പോലും വിറകുകൾ ശേഖരിക്കുന്നതിനുവേണ്ടി സാധാരണക്കാരായ സ്ത്രീകളും കുട്ടികളും വളരെയധികം ദൂരങ്ങൾ സഞ്ചരിക്കേണ്ടതായി വരുന്നു. ഈർച്ച മില്ലുകൾ അല്ലാതെ മറ്റ് വിറകു വിപണന കേന്ദ്രങ്ങൾ ഈ പ്രദേശത്തില്ല. അധികം വീടുകളിലും പരമ്പരാഗത അടുപ്പുകളിലാണ് ഭക്ഷണം പാകം ചെയ്യുന്നത്. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. തെങ്ങ്, റബ്ബർ മുതലായ വൃക്ഷവിളകളുടെ ഇടയിൽക്കൂടി വൈദ്യുതി ലൈനിൽ തട്ടി വൈദ്യുതി ചോർന്നുപോകുന്നുണ്ട്. ഈ പഞ്ചായത്തു പരിധിക്കുള്ളിൽ ആകെ പത്തൊമ്പത് ലോ ടെൻഷൻ ട്രാൻസ്ഫോർമറുകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇപ്പോൾ പഞ്ചായത്തിൽക്കൂടി നിലവിലുള്ള 11 കെ.വി. വൈദ്യുതി ലൈൻ എല്ലാംതന്നെ ഓവർലോഡിലാണ്. ആയതുകൊണ്ട് വ്യാവസായികാവശ്യങ്ങൾക്കും മറ്റും പുതുതായി വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഇലക്ട്രിസിറ്റി ബോർഡിനു സാധിക്കുന്നില്ല.

ഇടമലയാറിൽ നിന്ന് ഭൂതത്താൻകെട്ടിലേക്ക് നിലവിലുള്ള 11 കെ.വി. വൈദ്യുതി ലൈൻ വഴി വൈദ്യുതി കൊണ്ടുവരുന്നതിനും ഈ പ്രദേശത്ത് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഇതുമൂലം ഈ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം ഒരു പരിധി വരെ പരിഹരിക്കാവുന്നതാണ്. കൂടാതെ നിർദ്ദിഷ്ട ഭൂതത്താൻകെട്ട് ജലവൈദ്യുത പദ്ധതിയുടെ ദ്രുതഗതിയിലുള്ള നിർമ്മാണം ഊർജപ്രതിസന്ധിക്ക് വളരെയേറെ അനിവാര്യമാണ്. ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ആവശ്യത്തിന് പുതിയ ലൈനുകൾ വലിച്ച് ഈ പ്രദേശങ്ങളിലും സമീപ പ്രദേശങ്ങളിലും വിതരണം ചെയ്യുന്നതിന് ആവശ്യമായ സംവിധാനം ഉണ്ടാക്കേണ്ടതുണ്ട്. ഭൂതത്താൻകെട്ട് ടൂറിസം മേഖലയിലും ഈ ഇതര മേഖലകളിലും ഉണ്ടാകാവുന്ന പുരോഗതിക്കനുസൃതമായി മതിയായ വൈദ്യുതി സപ്ലൈ ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം മൂലം സാധിക്കുകയില്ല. അതുകൊണ്ട് ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത പദ്ധതിയോടനുബന്ധിച്ച് ഇത്തരം ആവശ്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ടുള്ള ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതുണ്ട്. ഒമ്പതാം പദ്ധതി കാലയളവിൽ ഈ പഞ്ചായത്തിൽ ഉണ്ടാകാവുന്ന ടൂറിസം, വ്യവസായം, കാർഷികം തുടങ്ങിയ മേഖലകളിലെ സമഗ്ര വികസനത്തിന് വൈദ്യുതി ക്ഷാമം വിഘാതം സൃഷ്ടിക്കാതിരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

ഈ പഞ്ചായത്തിൽപ്പെട്ട ആമല–അടിയോടി കവലയിൽ മെയിൻ കനാലിലേക്ക് വെള്ളം തുറന്നുവിടുമ്പോഴുണ്ടാകാവുന്ന ജലശക്തി ഉപയോഗിച്ച് ഉദ്ദേശം 600 കിലോവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ് യുദ്ധകാലാടിസ്ഥാനത്തിൽ പണി നടത്തുകയാണെങ്കിൽ കേവലം ആറു മാസംകൊണ്ട് ഇവിടെനിന്ന് വൈദ്യുതി ഉല്പാദനം ആരംഭിക്കുവാൻ സാധിക്കും പിണ്ടിമന ഗ്രാമപഞ്ചായത്തിന് സ്വന്തം നിലയിൽ ഏറ്റെടുത്ത് നടത്താവുന്ന പദ്ധതിയാണിത്. അതിനെ സംബന്ധിക്കുന്ന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വെള്ളത്തിന്റെ പുറന്തള്ളൽ ഉദ്ദേശം (Water Discharge)	20 ക്യൂബിക് മീറ്റർ–സെക്കൻറ്
ജലവിതാനം തമ്മിലുള്ള വ്യത്യാസം Water lead	3.5 മീറ്റർ

പഞ്ചായത്തിൽ ആകെ 3113 ഗാർഹിക വൈദ്യുത കണക്ഷനുകളും 297 കാർഷിക വൈദ്യുത കണക്ഷനുകളും 94 വ്യാവസായിക കണക്ഷനുകളും 327 വാണിജ്യ കണക്ഷനുകളും മറ്റിനങ്ങളിലായി 89 കണക്ഷനുകളുമാണ് ഉള്ളത്. പഞ്ചായത്തിൽ വഴിവിളക്കുകളുടെ ലൈനുകൾ നിലവിലില്ലാത്തിടത്ത് നിലവിലുള്ള വൈദ്യുത ലൈനിൽ നിന്നും പ്രധാനപ്പെട്ട കവലകളിൽ വഴിവിളക്കുകൾ (ട്യൂബ് ലൈറ്റുകൾ) ജനകീയ സഹകരണത്തോടെ സ്ഥാപിച്ച് സംരക്ഷിച്ച് കൊണ്ടുപോകാവുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് പിണ്ടിമന പഞ്ചായത്തിൽ സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കേണ്ടതാണ്.

ലഭ്യമായ ചപ്പുചവറുകളും മറ്റും ഉപയോഗിച്ച് ബയോഗ്യാസ് ഉല്പാദനവും കമ്പോസ്റ്റ് നിർമ്മാണവും ലക്ഷ്യമാക്കി സംയോജിത പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കൂടാതെ കന്നുകാലി വളർത്തൽ മുഖ്യ തൊഴിലായും ഉപ തൊഴിലായും സ്വീകരിച്ചിട്ടുള്ള ധാരാളം കർഷകർ ഈ പഞ്ചായത്തിലുണ്ട്. ഇത്തരം കുടുംബങ്ങളെ ഉദ്ദേശിച്ച് ഗോബർ ഗാസ് പ്ലാൻറുകൾ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഈ പഞ്ചായത്തിൽ ഇന്ന് പരമ്പരാഗത രീതിയിലുള്ള അടുപ്പുകളാണ് കൂടുതൽ ഉപയോഗിക്കുന്നത്. ഇത് കൂടുതൽ ഊർജ്ജനഷ്ടത്തിനും സ്ത്രീകളുടെ ആരോഗ്യ ഹാനിക്കും ഇട വരുത്തുന്നു. എന്നാൽ രൂക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതുമൂലം ഊർജ്ജലാഭത്തിനും സമയ ലാഭത്തിനും ഉപകരിക്കുന്നതുമാണ്. ഈ പഞ്ചായത്തിലെയും സമീപ പഞ്ചായത്തുകളിലെയും ആളുകളുടെ ഊർജ ആവശ്യത്തിലേക്കായി മുത്തംകുഴിയിൽ ഒരു പാചക വാതക ഗ്യാസ് ഏജൻസി ആരംഭിക്കേണ്ടതാണ്.

പിണ്ടിമന പഞ്ചായത്തിലെ ശുദ്ധ ജലവിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഭൂതത്താൻകെട്ടിൽ സ്ഥിതി ചെയ്യുന്ന പമ്പുഹൗസിലേക്കും വേട്ടാംപാറ ബൂസ്റ്റർ ഹൗസിലേക്കുമുള്ള വൈദ്യുതി വിതരണം പ്രത്യേക ഫീഡറിൻെറ കീഴിലാക്കേണ്ടതാണ്.

പഞ്ചായത്ത് പ്രദേശത്ത് സൗരോർജ സ്രോതസ്സ് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല. അനർട്ടിൻെറ സഹകരണത്തോടെ സൗരോർജ സ്രോതസ്സിനെ ഉപയോഗിക്കാൻ കഴിയും. ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ പതിയേണ്ടിരിക്കുന്നു.

മിനി ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതകൾ

1. ഇരപ്പുങ്കൽ തോട്ടിലെ ചേലാട് ഭാഗത്ത് നിലവിലുള്ള ചെക്ക് ഡാമിൽ മിനി ജലവൈദ്യുത നിലയം സ്ഥാപിക്കുക
2. പാലയ്ക്കാട്ടുതോട്ടിൽ ചിറ്റേക്കാട് കാവിനു ഭാഗത്തുള്ള ചെക്ക്ഡാമിൽ മിനി ജലവൈദ്യുതനിലയം സ്ഥാപിക്കുക
3. ഭൂതത്താൻകെട്ട് മിനി ജലവൈദ്യുത നിലയം
4. അടിയോടി മിനി ജലവൈദ്യുത നിലയം

വോൾട്ടേജ് ക്ഷാമത്തിന് പരിഹാരങ്ങൾ

1. കോംപാക്ട് ഫ്ലൂറസെൻറ് ലാംപ് ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുക. ഇത് വ്യക്തിപരമായി ഉണ്ടാകാവുന്ന നേട്ടത്തേക്കാൾ സമൂഹത്തിനും വലിയൊരു നേട്ടവും കൂടിയാണ്.
2. സൂര്യ വിളക്കുകൾ ഉപയോഗിക്കുക (സൗരോർജം) അതിനു പ്രോത്സാഹനം നൽകുക
3. റബ്ബർ ഷീറ്റ് അടിക്കുമ്പോൾ ഉണ്ടാകുന്ന ആസിഡ് വെള്ളം ഉപയോഗപ്പെടുത്തി ബയോഗ്യാസ് ഉല്പാദിപ്പിക്കാം. ഇതിൽനിന്നും പരിസര മലിനീകരണം തടയുവാനും മണ്ണ് സംരക്ഷിക്കുവാനും സാധിക്കും.
4. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമ സഭ നിർദ്ദേശിച്ചിട്ടുള്ളിടത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കേണ്ടതാണ്.
5. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്നതിനുള്ള സന്നദ്ധ സേവനം
6. വിറകുല്പാദനം വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ വനവൽക്കരണം.
7. കാറ്റ്, സൗരോർജം എന്നിവ വഴി പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾ പ്രചരിപ്പിക്കൽ
8. പഞ്ചായത്തുടനീളം സമഗ്ര ഊർജ്ജാസൂത്രണ പരിപാടികൾ വരുത്തുക

ഗതാഗതം

പിണ്ടിമന പഞ്ചായത്തിൽ സാമാന്യം മെച്ചപ്പെട്ട ഒരു റോഡു ശൃംഖലയുണ്ട്. പഞ്ചായത്തുകളിലെ മൊത്തം റോഡുകളുടെ നീളം 122.40 കിലോമീറ്ററാണ്. ഇതിൽ 44.19 കിലോമീറ്റർ മാത്രമെ ടാർ ചെയ്തിട്ടുള്ളൂ. പഞ്ചായത്തിന്റെ കീഴിലുള്ള റോഡുകളുടെ ദൈർഘ്യം 81 കിലോമീറ്ററാണ്. റോഡു ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി മോശമാണ്. റോഡുകൾക്ക് ആവശ്യത്തിന് ഓവുചാലുകളോ കലുങ്കുകളോ ഇല്ല. സാമ്പത്തിക ബുദ്ധിമുട്ടുകൾ കൊണ്ടു റോഡിന്റെ അറ്റകുറ്റ പണികൾ നടത്തുകയെന്നത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ടുണ്ട്. കുന്നുംചെരുവുകളിലെ റോഡുകൾ മിക്കവാറും മഴക്കാലത്ത് ഗതാഗതയോഗ്യമല്ല. കലുങ്കുകളുടെ അപര്യാപ്തതയും ഓവുചാലുകൾ അടയുന്നതും ഓവുചാലുകൾ ഇല്ലാത്തതുമാണ് ഇതിനു കാരണം. പല റോഡുകളും ശരിയായ രീതിയിൽ ഓവുചാലുകൾ നിർമ്മിച്ചു നല്ല രീതിയിൽ സംരക്ഷിച്ചുകൊണ്ടു പോകാവുന്നതാണ്.

കുറുപ്പംപടി കൂട്ടിക്കൽ റോഡ് പൂർത്തീകരിക്കപ്പെട്ടാൽ ഭൂതത്താൻകെട്ടിൽ ടൂറിസം വികസിക്കുവാനും അതുവഴി ഈ പഞ്ചായത്തിന്റെ സാമ്പത്തിക സാംസ്കാരിക പുരോഗതിക്കുതകുന്നതുമാണ്. ബഹുജനപങ്കാളിത്തത്തോടെ മാത്രമെ പുതിയ റോഡുകൾ നിർമ്മിക്കുവാൻ പഞ്ചായത്തിന് കഴിയുകയുള്ളൂ. നിലവിലുള്ള റോഡുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനും എല്ലാം ബഹുജന പങ്കാളിത്തത്തോടെയുള്ള പ്രാദേശിക വിഭവ സമാഹരണ മാർഗങ്ങളിൽക്കൂടി മാത്രമെ പഞ്ചായത്തിന് മുന്നേറാൻ കഴിയുകയുള്ളൂ. പുതിയ റോഡുകൾ പഞ്ചായത്ത് ഏറ്റെടുക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് 8 മീറ്റർ വീതിയെങ്കിലും ഉണ്ടായിരിക്കേണ്ടതും തൽക്കാലം റോഡായി രൂപാന്തരപ്പെടുത്തിയിരിക്കേണ്ടതുമാണ്. ഈ പ്രദേശത്ത് താരതമ്യേന സാമാന്യം ഭേദപ്പെട്ട ഒരു റോഡുഗതാഗതസൗകര്യം നിലവിൽ ഉള്ളതുകൊണ്ട് (സംസ്ഥാനതലവുമായി താരതമ്യം ചെയ്യുമ്പോൾ) പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനേക്കാൾ ഉപരിയായി നിലവിലുള്ള റോഡുകൾ നല്ല രീതിയിൽ സംരക്ഷിച്ചു പോരികയാണ് വേണ്ടത്. റോഡുകൾക്ക് ആവശ്യത്തിന് വീതിയില്ലാത്തതുകൊണ്ട് റോഡുകളുടെ ഇരുവശവും ഓടകൾ നിർമ്മിക്കുന്നതിനു സാധിക്കാറില്ല. ഇത്തരം വീതി കുറഞ്ഞ റോഡുകൾ ഓടകളില്ലാതെ, ടാർ ചെയ്യുന്നതു മൂലം റോഡിൽ വെള്ളം തളം കെട്ടി നിൽക്കുന്നതിനും മറ്റും ഇടയാക്കുകയും അങ്ങനെ അധികം കഴിയാതെ തന്നെ ടാർ ചെയ്തത് പൊട്ടിപ്പൊളിഞ്ഞു പോകാൻ ഇടയാക്കുന്നുമുണ്ട്. അതുകൊണ്ട് ഗ്രാമ പഞ്ചായത്തുതലത്തിൽ പൊതുവായി റോഡുകൾ ടാർ ചെയ്യുന്നതിനു മുമ്പായി 8 മീറ്റർ വീതിയുണ്ടെന്ന് ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.

പഞ്ചായത്തിലെ വിവിധ കോളനികളിലേക്ക് ജനകീയ സഹകരണത്തോടെയും മറ്റും ഗതാഗത സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. പഞ്ചായത്ത് അതിർത്തിക്കുള്ളിലുള്ള എല്ലാവിധ റോഡുകളുടെയും അറ്റകുറ്റപ്പണികളിൽ ഗ്രാമ പഞ്ചായത്തിന്റെ അഭിപ്രായം കൂടി പരിഗണിക്കേണ്ടതാണ്. പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽക്കൂടി ഒഴുകുന്ന പിണ്ടിമന തോട്ടിൽ കരിങ്ങഴ ഭാഗത്തു പാലം പണി പൂർത്തിയാകുന്നതോടെ മുത്തംകുഴിയിൽ നിന്നും കോതമംഗലത്തേക്കുള്ള ദൂരം രണ്ടു കിലോമീറ്റർ ലാഭിക്കാവുന്നതാണ്. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ദീർഘദൂര സർവീസുകളൊന്നുംതന്നെ പിണ്ടിമന പഞ്ചായത്തിൽ നിന്നും ഇല്ല. ഏതാനും വർഷങ്ങൾ മുമ്പു വരെ ഇടമലയാറിൽ നിന്നും ഭൂതത്താൻകെട്ടു വഴി എറണാകുളത്തിനും തിരുവനന്തപുരത്തിനും കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഫാസ്റ്റ് പാസഞ്ചർ ബസ് സർവീസ് ഉണ്ടായിരുന്നതാണ്. അതുകൊണ്ട് ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻകെട്ടിൽനിന്നും തിരുവനന്തപുരത്തേക്കും എറണാകുളത്തിനും ബസ്സ് സർവീസ് പുനരാരംഭിക്കണം.

പിണ്ടിമന പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽക്കൂടി പോയിരുന്നതും 1099-ലെ (തൊണ്ണൂറ്റി ഒമ്പതിലെ) വെള്ളപ്പൊക്കത്തിൽ തകർന്നുപോയതുമായ പഴയ ആലുവ-മൂന്നാർ റോഡ് പുനരുദ്ധരിക്കേണ്ടതാണ്. നിർദ്ദിഷ്ട തട്ടേക്കാട് പാലം പണി തീരുന്നതോടെ ഇതുവഴി മൂന്നാറിലേക്കുള്ള ദൂരം ഗണ്യമായി ലാഭിക്കാവുന്നതാണ്. മലയാറ്റൂർ തുണ്ടത്തിൽ റോഡ് പൊതുഗതാഗതത്തിനായി തുറന്നു കൊടുക്കേണ്ടതാണ്. കോതമംഗലത്തു നിന്നു ഇടമലയാർ പൊങ്ങൻചുവട് വാച്ചുമരം ഷോളയാർ വഴി കോയമ്പത്തൂർക്ക് നിലവിലുള്ള റോഡുകൾ വികസിപ്പിച്ച് സ്റ്റേറ്റ് ഹൈവേയായി പ്രഖ്യാപിക്കണം. ഇതുവഴി കോതമംഗലത്തു നിന്നു കോയമ്പത്തൂർക്കുള്ള ദൂരത്തിൽ ഗണ്യമായി കുറവ് ഉണ്ടാകുന്നതാണ്. കോതമംഗലത്തു നിന്നും തൃശ്ശൂർ കോയമ്പത്തൂർക്കുള്ള ദൂരത്തിൽ 90

കിലോമീറ്ററും കോതമംഗലത്തുനിന്നും ആതിരപ്പള്ളി വാഴച്ചാൽ വഴി കോയമ്പത്തൂർക്കുള്ള ദൂരത്തിൽ 55 കിലോമീറ്ററും ലാഭിക്കാവുന്നതാണ്. എറണാകുളം, ഇടുക്കി ജില്ലകൾക്കു പുറമെ മറ്റ് തെക്കൻ ജില്ലകൾക്കും കോയമ്പത്തൂർക്കുള്ള ദൂരം ഇതുവഴി കുറക്കാൻ കഴിയുന്നതോടൊപ്പം സാമ്പത്തിക ലാഭം ഉണ്ടാകുന്നതിനു സഹായകമാവും.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

വാർഡ് –1

1. വേട്ടാമ്പാറ–ചേലാട് റോഡ് അറ്റകുറ്റപ്പണികൾ നടത്തുക
2. കോട്ടപ്പടി പഞ്ചായത്തിനെയും പിണ്ടിമന പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതും കുറുപ്പംപടി മുതൽ വാവേലി വരെ പി.ഡബ്ലിയു.ഡി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുള്ളതും വാവേലി മുതൽ പടിപ്പാറ വരെ (ചേലാട്–വേട്ടാമ്പാറ റോഡിൽ സന്ധിക്കുന്നത്) 8 മീറ്റർ വീതിയിൽ റോഡ് വെട്ടിയിട്ടുള്ളതും പഞ്ചായത്തിൽ മെയിൻറനൻസ് ചെയ്യുകൊണ്ടിരിക്കുന്നതുമായ കുറുപ്പംപടി–കൂട്ടിക്കൽ റോഡ് പണി പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കുക
3. കുറുപ്പംപടി–കൂട്ടിക്കൽ റോഡ് ഭൂതത്താൻകെട്ടുമായി ബന്ധിപ്പിക്കുക.
4. വേട്ടാമ്പാറ–കുരുടിച്ചാൽ റോഡ് പുനരുദ്ധാരണം നടത്തുകയും പെരിയാറിൻെറ തീരത്ത് മതിൽ നിർമ്മിക്കുകയും കുളിക്കടവ് പണിയുകയും ചെയ്യുക.
5. വേട്ടാമ്പാറ–പെരിയാർ–കോട്ടപ്പാറ റോഡ് ഗതാഗതയോഗ്യമായി തീർക്കുവാൻ വേണ്ട മൺപണികളും മതിൽ പണികളും കലുങ്കുകളും പൂർത്തിയാക്കി ടാർ ചെയ്യുക
6. പടിപ്പാറ–പിച്ചപ്ര–ഹരിജൻ കോളനി റോഡ് ടാർ ചെയ്യുക
7. പടിപ്പാറ–കുളങ്ങാട്ടുകുഴി റോഡ് പുനർ നിർമ്മാണം
8. കുളങ്ങാട്ടുകുഴി–തോണിച്ചാൽ റോഡ് നിർമിക്കുക
9. വേട്ടാമ്പാറ ഇല്ലിത്തണ്ട്, ഭൂതത്താൻകെട്ട് റോഡ് നിർമിക്കുക
10. കടുക്കാസിറ്റി–പടിപ്പാറ എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമിക്കുക
11. വേട്ടാമ്പാറ പ്രദേശത്തേക്ക് കെഎസ്ആർടിസി ബസ് സർവീസുകൾ ആരംഭിക്കുക

വാർഡ് 2

1. ഭൂതത്താൻകെട്ട്–ഇല്ലിത്തണ്ട്–വേട്ടാമ്പാറ റോഡ് നിർമ്മാണം
2. ചെങ്കര–ഭൂതത്താൻകെട്ട് റോഡ് അറ്റകുറ്റപ്പണി നടത്തുക
3. ചെങ്കര–മാലിപ്പാററോഡിൻെറ....അറ്റകുറ്റപ്പണി നടത്തുക
4. പൂച്ചക്കുത്ത്–മാലിപ്പാറ റോഡിൻെറ.....
5. പൂച്ചക്കുത്ത്–വെള്ളിലാംതൊട്ട–മാലിപ്പാറ റോഡ് ടാർ ചെയ്യുക
6. ചെങ്കര ലക്ഷംവീടുകോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുകയും കോളനിക്കകത്തുള്ള നടവഴി കോൺക്രീറ്റ് ചെയ്യുകയും ചെയ്യുക
7. ഭൂതത്താൻകെട്ടിൽനിന്നും എറണാകുളത്തേക്കും തിരുവനന്തപുരത്തേക്കും ബസ് സർവീസ് ആരംഭിക്കുക
8. പൂച്ചക്കുത്ത്–മാലിപ്പാറ റോഡ് സൈഡ് പരിപൂർണമായും സംരക്ഷിക്കുക
9. ഭൂതത്താൻകെട്ട്–മലയാറ്റൂർ റോഡ് പൊതുഗതാഗതത്തിന് തുറന്നുകൊടുക്കുക
10. ഇടമലയാർ–വാച്ചുമരം–കോയമ്പത്തൂർ റോഡ് സംസ്ഥാന ഹൈവേ ആയി പ്രഖ്യാപിച്ച് ഗതാഗതയോഗ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക
11. ഭൂതത്താൻകെട്ടിനെയും തട്ടേക്കാടിനെയും ബന്ധപ്പെടുത്തി ബോട്ട് സർവീസ് ഏർപ്പെടുത്തുക
12. ഭൂതത്താൻകെട്ട്–മാലിപ്പാറ–മുത്തംകുഴി വഴി കോതമംഗലം ബസ് സർവീസ് ആരംഭിക്കുക.

വാർഡ് 3

1. ചേലാട്–നാടോടി–മാലിപ്പാറ റോഡ് കാനകൾ നിർമിക്കുക
2. ചേലാട്–പത്തിരിച്ചാൽ റോഡ് ഗതാഗതയോഗ്യമാക്കുക
3. കക്കാടുകുടി–മാലിപ്പാറ റോഡ് ഗതാഗതയോഗ്യമാക്കുക
4. നാടോടി–ഊഞ്ഞാപ്പാറ കനാൽ റോഡ് ഗതാഗതയോഗ്യമാക്കുക
5. കരിപ്പൻകണ്ടം–മുടിയറ റോഡിൻെറ പണി പൂർത്തിയാക്കുക

വാർഡ് 4

1. ഇരപ്പുങ്കൽ–പാടംമാലി ഫാംറോഡ് വീതി കൂട്ടി ടാർ ചെയ്യുക
2. ചെമ്മീൻകുത്ത്–പുതുകുടി റോഡ് ടാർ ചെയ്യുക
3. കോച്ചാപ്പിള്ളി റോഡ് പാലംവരെ നീട്ടുക
4. പഴങ്ങര ഇഞ്ചക്കണ്ടം റോഡ് ടാർ ചെയ്യുക
5. അങ്കിൾബൺ റോഡ് ടാർ ചെയ്യുക
6. ആനോട്ടുപാറ–സൊസൈറ്റി റോഡ് ടാർ ചെയ്യുക
7. വില്ലേജ് ഓഫീസ്–പാടംമാലി റോഡ് മെയിൻറനൻസ് നടത്തുക

8. പഴങ്ങര—ഇഞ്ചക്കണ്ടം റോഡ്.....അറ്റകുറ്റപ്പണി നടത്തുക
9. ചെമ്മീൻ കുത്ത്—മുത്തംകുഴി റോഡിന്റെ.....

വാർഡ് 5

1. കുളങ്ങാട്ടുകുഴി—കോട്ടപ്പാറ റോഡിന്റെ പൂർത്തീകരിക്കാത്ത ഭാഗം പൂർത്തീകരിക്കുക
2. കുളങ്ങാട്ടുകുഴി—തോണിപ്പാറ റോഡ് ടാർ ചെയ്യുക
3. കുളങ്ങാട്ടുകുഴി—പടിപ്പാറ റോഡ് വീതി കൂട്ടി കലുങ്കുകൾ തീർത്ത് ടാർ ചെയ്യുക
4. വെറ്റിലപ്പാറ കപ്പേളപ്പടി റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക
5. കുളങ്ങാട്ടുകുഴി—മാലിപ്പാറ റോഡ് പൂർത്തിയാക്കാത്ത ഭാഗം ടാർ ചെയ്യുക
6. കുളങ്ങാട്ടുകുഴി കപ്പേളപ്പടിയിൽനിന്നും അറാക്കുടി പാടത്തേക്ക് റോഡ് തുറക്കുക
7. വെറ്റിലപ്പാറ—മാലിപ്പാറ റോഡ് ടാർ ചെയ്യുക
8. വെറ്റിലപ്പാറ മുസ്ലിംപള്ളി പടിയിൽ നിന്നും കടുവാപ്പടിയിലൂടെ ആലിൻചുവട്—മാലിപ്പാറ വഴി തുറന്ന് ടാർ ചെയ്യുക
9. മാലിപ്പാറയിൽ നിന്നും കിളികുത്തിപ്പാറ വഴി ആലിൻചുവട് റോഡിലേക്ക് വഴി തുറന്ന് ടാർ ചെയ്യുക
10. മാലിപ്പാറ—ചെങ്കര റോഡിൽനിന്നും വെള്ളിലാംതൊട്ടി കോളനി റോഡ് ടാർ ചെയ്യുക.
11. കാളവണ്ടി പടിയിൽ നിന്നും സബ് കനാലിലേക്കുള്ള വഴി തുറന്ന് ഗതാഗത യോഗ്യമാക്കുക.
12. പീടിയേക്കൽ പടിയിൽനിന്നും പൂച്ചക്കുത്ത്—മാലിപ്പാറ റോഡിലേക്ക് വഴി തുറക്കുക
13. വെറ്റിലപ്പാറ നിന്നും മാലിപ്പാറ കുളങ്ങാട്ടുകുഴി റോഡിലേക്ക് വഴിവെട്ടുക

വാർഡ് 6

1. കമ്പനിപ്പടിയിൽ നിന്നും പൊട്ടംകണ്ടം ഭാഗത്തേക്ക് തുറന്നിരിക്കുന്ന വഴി ഗതാഗതയോഗ്യമാക്കുക
2. അമ്പോലിക്കാവിന്റെ അരികിൽക്കൂടി കിഴക്കോട്ടുള്ള വഴി കമ്പനിപ്പടിയിലേക്കുള്ള വഴിയുമായി യോജിപ്പിച്ച് റോഡ് നിർമിക്കുക
3. കാവുംപടി—പാടംമാലി റോഡിന്റെ മൂന്നു കലുങ്കുകളും ഒരു സൈഡും കെട്ടി ഗതാഗതയോഗ്യമാക്കുക
4. ചാത്തൻചിറ റോഡ് പഞ്ചായത്തിൽ നിർമിക്കാൻ നടപടികളെടുക്കുക
5. കമ്പനിപ്പടി—പൊട്ടക്കണ്ടം ഭാഗത്തുള്ള റോഡ് 8—ാംവാർഡിൽ നിന്നും അമ്പോലിക്കാവിന്റെ ഭാഗത്തുനിന്നും വരുന്ന റോഡിനോട് ബന്ധിപ്പിക്കുക.
6. മഹാത്മാഗാന്ധി റോഡിൽ നിന്നും വില്ലേജ് പടി വരെയുള്ള റോഡ് ടാർ ചെയ്യുക. റോഡിലുള്ള വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക.
7. മഹാത്മാഗാന്ധി റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് ടാർ ചെയ്യുക.
8. മുത്തംകുഴി, കാവുംപടി, സ്കറിയപ്പടി ഇവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് പണിയണം.
9. കോതമംഗലം—വാവേലി കെഎസ്ആർടിസി ബസ് പിണ്ടിമനയുമായി ബന്ധപ്പെട്ടു പോകാൻ നടപടിയെടുക്കുക.

വാർഡ്—7

1. മുത്തംകുഴി തോളേലി റോഡ് ടാർ ചെയ്യുക
2. അത്താണി സ്കൂളിന്റെ പടിഞ്ഞാറു വശത്തുകൂടി പോകുന്ന റോഡ് ടാർ ചെയ്യുക.
3. മുത്തംകുഴി, അടിയോടി അയിരൂർപാടം വഴി കടന്നുപോകുന്ന കനാൽ റോഡ് ടാർ ചെയ്യുക
4. കുട്ടംകുളംചിറ മുതൽ നെടുമലത്തണ്ട് കോളനിയിലേക്കുള്ള വഴിയുടെ കിഴക്കുവശം ഗതാഗതസൗകര്യം കണക്കിലെടുത്ത് പിണ്ടിമന പഞ്ചായത്തിൽ ഉൾപ്പെടുത്തുക
5. ആനോട്ടുപാറ—ഉപ്പുകണ്ടം റോഡ് ഗതാഗത യോഗ്യമാക്കുക
6. മുത്തംകുഴിയിൽ വന്നുപോകുന്ന ട്രാൻസ്പോർട്ട് ബസ്സ് അയിരൂർപാടം വരെ നീട്ടുക
7. മുത്തംകുഴിയിൽ നിന്നും എറണാകുളം തിരുവനന്തപുരം എന്നിവിടങ്ങളിലേക്ക് ബസ്സ് സർവീസുകൾ നടത്തുക
8. അടിയോടി മെയിൻ കനാലിന്റെ വടക്കുവശത്ത് താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ വീടുകളിൽ എത്തിപ്പെടുന്നതിന് വഴിസൗകര്യം ഏർപ്പെടുത്തുക.

വാർഡ്—8

1. പയസ് ഗാർഡൻസ് മുതൽ ഹൈലെവൽ കനാൽ വരെയുള്ള വഴി വീതി കൂട്ടി ടാർ ചെയ്യണം.
2. തൃക്കാരിയൂർ ഉപ്പുകണ്ടം റോഡിന്റെ മെയിൻ കനാൽ പാലം വലിയ വാഹനങ്ങൾ തിരിയത്തക്കവിധം വീതി കൂട്ടണം.
3. മെയിൻ കനാൽ തോളേലി റോഡിന് ഇടയിൽ ഹൈലെവൽ കനാലായി യോജിക്കുന്ന റോഡും ഈ മെയിൻ റോഡിൽ നിന്നും ഇടത്തേക്ക് തെക്കോട്ടുള്ള റോഡിലേക്ക് പോകുന്ന പുതിയ റോഡ് നേരെയാക്കി പൊതുജന പങ്കാളിത്തത്തോടെ പണിതീർത്ത് ടാർ ചെയ്യണം.
4. മെയിൻ കനാലിൽ നിന്നും കല്ലമ്പിള്ളി പാടത്തേക്കുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
5. തൃക്കാരിയൂർ ഉപ്പുകണ്ടം റോഡിൽ അയിരൂപ്പാടം

പാൽ സൊസൈറ്റി പരിസരത്തു നിന്നും തുടങ്ങി മെയിൻ കനാൽ തോളേലി റോഡിൽ അവസാനിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.


6. തൃക്കാരിയൂർ ഉപ്പുകണ്ടം റോഡിൽ നിന്നും നാവിൻചിറ പാടത്ത് അവസാനിക്കുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം
7. അയിരൂർ പാടം മുസ്ലിം പള്ളി പടിയിൽ നിന്നും ഉള്ളതായ തോളേലി റോഡും ഹൈലെവൽ ബണ്ടും ടാർ ചെയ്ത് യാത്രായോഗ്യമാക്കണം.
8. അടിയോടി കല്ലമ്പിള്ളി റോഡ് വേണ്ടവിധത്തിൽ പാലങ്ങളും കലുങ്കുകളും തീർത്ത് ടാർ ചെയ്യണം.
9. തോളേലി റോഡിൽ നിന്നും കഴുതപ്പാടത്തേക്കുള്ള വഴി പൊതുജന പങ്കാളിത്തത്തോടെ വീതി കൂട്ടി ടാർ ചെയ്യണം.
10. അമ്പോലിക്കാവ് പൊട്ടേക്കണ്ടം കമ്പനിപ്പടി റോഡ് യാത്രായോഗ്യമാക്കണം.
11. തൃക്കാരിയൂർ അയിരൂർ പാടം വടക്കുംഭാഗം റോഡ് പിഡബ്ലിയുഡി ഏറ്റെടുത്ത് അറ്റകുറ്റ പണികൾ തീർക്കുക.
12. അടിയോടി കവലയിൽ നിന്നും കുട്ടംകുളംചിറ കൂടിയുള്ള റോഡ് വീതി കൂട്ടി ടാർ ചെയ്യുക
13. തോളേലിപ്പാടം വഴിയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക
14. മുത്തംകുഴി വരെ വരുന്ന കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസ്സ് അയിരൂർപാടം വരെയാക്കുക
15. പയസ് ഗാർഡൻസ്—ഹൈ ലവൽ കനാൽ റോഡിൽ നിന്നും ഇടത്തോട്ടു പോകുന്ന വഴി വീതി കൂട്ടി ടാർ ചെയ്യണം.

വാർഡ്—9

1. പുലിമല കനാൽ റോഡു മുതൽ പൂക്കോട് കോളനി വഴി ആയക്കാട് കവല വരെയുള്ള റോഡ് ടാർ ചെയ്യുക
2. ആയപ്പാറ പുലിമല റോഡിന്റെ ബാക്കിയുള്ള ഭാഗം ടാർ ചെയ്യുക
3. കനാൽ ബണ്ടിൽനിന്നും ആരംഭിക്കുന്ന ഞാറ്റിൻകാലപ്പടി റോഡ് ടാർ ചെയ്യുക
4. ആയക്കാട് റേഷൻകട പടിയിൽനിന്നും പെരിയാർവാലി കനാൽ ബണ്ടിലേക്കുള്ള റോഡ് ടാർ ചെയ്യുക
5. ആയക്കാട് അമ്പലപ്പടി കൊളവേലിപ്പാറ റോഡിന്റെ കിഴക്കുഭാഗം ചരലുമാലി റോഡ് ടാർ ചെയ്യുക.
6. ആയപ്പാറ ഹൈലെവൽ കനാൽ ബണ്ടിൽ നിന്നും ആരംഭിച്ച് തോട്ടത്തുമാലിയിൽ അവസാനിക്കുന്ന റോഡ് ടാർ ചെയ്യുക.
7. ആയപ്പാറ പുലിമല റോഡിൽ ആരംഭിച്ച് ഹൈലെവൽ കനാലിൽ അവസാനിക്കുന്ന റോഡ് ടാർ ചെയ്യുക.
8. ആയക്കാട് റോഡിൽ നിന്നും പഴയ റേഷൻകട പടി മുതൽ വടക്കോട്ടു പോരുന്ന റോഡ് ടാർ ചെയ്യുക.
9. മരോട്ടിച്ചുവട് റോഡിൽ നിന്നും ആക്കുഴി തൈക്കാവിൽ അവസാനിക്കുന്ന റോഡ് ടാർ ചെയ്യുക.
10. കുന്നത്ര തോടിന്റെ വടക്കുഭാഗത്തു താമസിക്കുന്നവർക്ക് സഞ്ചരിക്കുന്നതിന് റോഡ് നിർമ്മിച്ചു ടാർ ചെയ്തു കൊടുക്കണം.
11. ആയക്കാട് എൻ.എസ്.എസ്. യു.പി. സ്കൂളിന്റെ പടിക്കൽ നിന്നു കുന്നുമലപ്പാവിൻചോട്ടിലേക്ക് പോകുന്ന നാട്ടു റോഡ് നന്നാക്കി ഗതാഗതയോഗ്യമാക്കുക.
12. പെരിയാർവാലി മെയിൻ കനാൽ റോഡ് ടാർ ചെയ്തു ഗതാഗതയോഗ്യമാക്കണം.
13. ആയപ്പാറ ഹൈലെവൽ കനാൽ ഭാഗത്തുനിന്നും ആരംഭിച്ച് വെമ്മേലി മറ്റത്തിലൂടെ പോകുന്ന റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കണം.

ഭൂതത്താൻകെട്ടിൽനിന്നും വേട്ടാമ്പാറ റോഡിലേക്ക് പമ്പ് ഹൗസിന് സമീപം ഈറ്റക്കനാൽ റോഡിൽ നിന്നു നിലവിലുള്ള റോഡ് പുനർ നിർമ്മിക്കണം.


1. ആയപ്പാറ ഹൈലെവൽ കനാലിൽ നിന്നും ആരംഭിച്ച് വൈമ്മേലി മറ്റത്തിൽ കൂടി പോകുന്ന റോഡ് വീതി കൂട്ടി ടാർ ചെയ്യണം.
2. മില്ലുംപടി ബസ്സ്റ്റോപ്പിൽ നിന്നും ആയക്കാട്ട് പാടത്തു പോകുന്ന റോഡ് നന്നാക്കി ടാർ ചെയ്യണം.
3. ആയക്കാട്ട് അമ്പലപ്പടി തോളേലി റോഡ് വീതി കൂട്ടി ടാർ ചെയ്യുക. കഴുതറ—തോളേലി പാടത്തുകൂടി ഫാം റോഡ് നിർമ്മിക്കുക.



KOTHAMANGALAM to COEMBATOOR (Via PERUMBAVOOR, ANGAMALY, THRISSUR, PALGHAT) ABOUT 200 K.M.

KOTHAMANGALAM to COIMBATOOR (Via EDAMALAYAR, KOLLATHIRUMEDU, SHOLAYAR, POLLACHY, COEMBATOOR) ABOUT 110 K.M.

NOT TO SCALE


PROPOSED COCHIN - MADURAI NH
SCALE 1CM: 8KM
PALAGHAT
POLACHI
TRICHUR
Karukutty
Parur
Angamali
Malayattur
Kuttampuzha
Perumbavoor
Kothamangalam
Munnar
Devikulam
Alwaye
Ernakulam
ERNAKULA
Bodinayakknur
MADURAI
Muvattupuzha
Tripunittura
IDUKKI
TAMIL NADU
KOTTAYAM
ALLEPPEY
PATHANAMTHITTA
REF: PROPOSED NH
RIVERS/ LAKES

മാർക്കറ്റ്

പിണ്ടിമന പഞ്ചായത്തിന്റെ വികസനത്തിന് , ഉത്പ്പാദന വർദ്ധനവിനോടൊപ്പം വിപണന സൗകര്യവും വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ് . പഞ്ചായത്ത് പ്രദേശങ്ങളിൽ അനവധി കാർഷികവിളകൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ടെങ്കിലും അവ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നാമമാത്രമാണ്. പഞ്ചായത്തിലെ ചെറുകിട ഉത്പ്പാദകർക്ക് അർഹിക്കുന്ന വില ലഭിക്കണമെങ്കിൽ ആസൂത്രിതമായ ഒരു മാർക്കിറ്റിങ്ങ് സംവിധാനം കൂടിയേ തീരൂ. ഇടത്തട്ടുകാരുടെ ചൂഷണത്തെ ഒഴിവാക്കി കൊണ്ടുവേണം ഈ സംവിധാനത്തിന് രൂപം കൊടുക്കേണ്ടത്.

ഈ പഞ്ചായത്തിൽ റബ്ബർ, നാളികേരം, കുരുമുളക്, തുടങ്ങിയ നാണ്യവിളകളും ഇഞ്ചി, പൈനാപ്പിൾ കൊക്കൊ ജാതി, വാഴക്കുല മുതലായ ഇടവിളകളും പച്ചക്കറികളും ആണ് പ്രധാനമായും ഉത്പ്പാദിപ്പിക്കപ്പെടുന്നത് .

തെങ്ങ്, റബ്ബർ, കുരുമുളക്, ഉല്പാദകരുടെ വാർഡ് അടിസ്ഥാനത്തിലുള്ള സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും പഞ്ചായത്ത് തലത്തിൽ വിപണനത്തിന് കേന്ദ്രീകൃത സ്വഭാവം ചിട്ടപ്പെടുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. ആധുനിക, ശാസ്ത്ര—സാങ്കേതിക വിദ്യയുപയോഗിച്ച് ഗുണമേൻമയുള്ള റബ്ബർഷീറ്റ് ഉൽപ്പാദിപ്പിച്ചും റബ്ബർകറ ഭാഗികമായി സംസ്കരിച്ചും കർഷകന് പരമാവധി വില ലഭിക്കുവാൻ സംവിധാനം ഉണ്ടാക്കണ്ടതാണ്.

മുഖ്യ ഉത്പ്പന്നമായ തേങ്ങ ഭാഗികമായി സംസ്കരിക്കുവാൻ ഉണ്ടായിരുന്ന കൊപ്രാകളങ്ങൾ ഇല്ലാതായതോടെ നാളികേരത്തിന് അർഹമായ വില ലഭിക്കാതായി, പൊതിയ്ക്കാത്ത നാളികേരം അന്യനാടുകളിലേക്ക് കയറ്റിപ്പോകുന്നത് ഒഴിവാക്കി ഇവിടെത്തന്നെ സംസ്കരിക്കാനുള്ള സൗകര്യം ഉണ്ടാക്കുകയാണെങ്കിൽ ചിരട്ടയുടെയും ചകിരിയുടെയും വില കർഷകന് ലഭിക്കുകയും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് ഒഴിവാകുകയും ചെയ്യും.

ഏത്തയ്ക്കാ, പച്ചക്കറി തുടങ്ങിയവയ്ക്ക് വാർഡ് അടിസ്ഥാനത്തിൽ വിൽപന സ്റ്റാളുകൾ തുറക്കേണ്ടതാണ്. ഇറച്ചി, മീൻ മുതലായവയ്ക്ക് വാർഡുതോറും കോൾഡ് സ്റ്റോറേജ് ഉൾപ്പടെയുള്ള വിപണനകേന്ദ്രങ്ങൾ തുറക്കേണ്ടതാണ് . ഇത് ആസൂത്രിതമായി നടപ്പാക്കിയാൽ വിൽക്കൽ വാങ്ങൽ പ്രക്രിയ ഏറെ പ്രയോജനകരമാകും പഞ്ചായത്ത് തലത്തിൽ അനുയോജ്യമായ സ്ഥലത്ത് മിനി മാർക്കറ്റ് സ്ഥാപിക്കണം.


ചെറുകിട വ്യവസായ ഉൽപന്നങ്ങളായ സോപ്പ്, മെഴുകുതിരി, മുതലായവയും പായ്ക്കറ്റിലാക്കാവുന്ന കറി പൗഡർ, അച്ചാറുകൾ, ചിപ്പ്സ്, ബേക്കറി സാധനങ്ങൾ തുടങ്ങിയവയും ഉപഭോക്താവിന് നേരിട്ട് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി, വിപണന ശൃഖല ശ്കീപ്പെടുത്തണം. ഇതിന് വേണ്ടി മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ രൂപീകരിക്കണം.

പൈനാപ്പിൾ മുതലായ പഴവർഗ്ഗങ്ങൾ സംഭരിച്ച് നേരിട്ട് കമ്പനികളിൽ എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമാണ്. പിണ്ടിമന പഞ്ചായത്തിന്റെ ആസ്ഥാനമായ മുത്തംകുഴിയലും

ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻ കെട്ടിന് അടുത്തുള്ള പൂച്ചക്കുത്തിലും ആഴ്ച ചന്തകൾ തുടങ്ങുന്നത് സൗകര്യപ്രദമായിരിക്കും.

പഞ്ചായത്തിൽ ആകെ 10 പൊതു വിതരണകേന്ദ്രങ്ങൾ ഉണ്ട് . പഞ്ചായത്ത് അതിർത്തികളിൽ സ്ഥിതിചെയ്യുന്ന ഏതാനും ചില പൊതുവിതരണ കേന്ദ്രങ്ങൾ സമീപപഞ്ചായത്തുകളെക്കൂടി ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതുകൊണ്ട് പഞ്ചായത്ത് തലത്തിൽ പ്രതിവർഷം വിതരണം ചെയ്യ ഭക്ഷ്യധാന്യങ്ങളുടെയും മറ്റും കണക്കുകൾ ലഭ്യമല്ല. പൊതുവേ റേഷൻ കടകൾ വഴിവിതരണം ചെയ്യേണ്ടതായ ഭക്ഷ്യധാന്യങ്ങളും, പഞ്ചസാരയും മണ്ണെണ്ണയും മറ്റും യഥാർത്ഥ അളവിൽ ഉപഭോക്താവിനു ലഭിക്കുന്നില്ല. പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിൽ കർമ്മസമിതികൾക്കും മറ്റും നിർണ്ണായക പങ്കുവഹിക്കുവാൻ കഴിയും . പൊതു വിതരണ കേന്ദ്രങ്ങളിലെ സ്റ്റോക്കും മറ്റുരേഖകളും പരിശോധിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അംഗങ്ങൾക്കും മറ്റും ചുമതലയും അധികാരവും നൽകേണ്ടതാണ്. പഞ്ചായത്ത് പ്രദേശങ്ങളിലെ റേഷൻ കടകളുടെ പ്രവർത്തനം പൊതുവേ തൃപ്തികരമല്ല. പൊതുവിതരണ രംഗത്ത് നിലവിലുള്ള കാലഹരണപ്പെട്ട പലനിയമങ്ങളും മാറ്റേണ്ടിയരിക്കുന്നു. പൊതു വിതരണ ശൃംഖലയിലെ ഏറ്റവും താഴെത്തട്ടിലുള്ള റീട്ടയിൽ ലൈസൻസികൾക്ക് നിലവിലുള്ള സംവിധാനത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. ഈ രംഗത്തെ പോരായ്മകൾ പരിഹരിച്ചുകൊണ്ട് കുറ്റമറ്റ ഒരു പൊതുവിതരണ ശൃംഖല ഉടലെടുക്കാത്തിടത്തോളം കാലം സാമാന്യജനങ്ങൾക്കുനീതി ലഭിക്കുകയില്ല.

3— പാർപ്പിടം



പിണ്ടിമന ഗ്രാമപഞ്ചായത്തിലെ പാർപ്പിട സൗകര്യം തൃപ്തികരമല്ല. 1991 ലെ സെൻസസ് കണക്കനുസരിച്ച് ഇവിടത്തെ ജനസംഖ്യ 14951 ആണ്. പഞ്ചായത്തിൽ നിലവിൽ 4970 ഭവനങ്ങളാണ് ഉള്ളത്.

1993—96 കാലത്ത് ഈ പഞ്ചായത്തിൽ 189 കെട്ടിടങ്ങൾക്ക് ലൈസൻസ്സ് നൽകിയിട്ടുണ്ട്. ഭവനങ്ങളിൽ 55% ഓടുമേഞ്ഞതും കോൺക്രീറ്റ് മേൽക്കൂരകളുള്ളതുമായ ഇടത്തരം പാർപ്പിടങ്ങളാണ്. ചുമർ ചെങ്കല്ല് കൊണ്ടും ഇഷ്ടികകൊണ്ടും നിർമ്മിച്ചതാണ്. 35% പാർപ്പിടങ്ങൾ ഓലമേഞ്ഞവയും ലക്ഷം വീടുകളുമാണ്. പണി തീരാത്തതും താൽക്കാലികകുടിലുമായ ലക്ഷം വീടുകളുമുണ്ട് . തറകൾ പരമ്പരാഗതരീതിയിൽ മണ്ണും ചാണകവും കൊണ്ടുള്ളതാണ് 5% ഭവനങ്ങൾ വൻ കിടകളാണ് 5% ആളുകൾ സ്വന്തമായി പാർപ്പിടമില്ലാത്തവരാണ്.

നിലവിലുള്ള ലക്ഷം വീട് — പട്ടിക ജാതി— കോളനികളിലെ ഭൂരിഭാഗം വീടുകളുടെയും തറ ചുമർ, മേൽകൂര എന്നീഘടകങ്ങൾ പരിശോധിച്ചാൽ തൃപ്തികരമല്ലാത്തതും അടിയന്തിരമായി പുനർ നിർമ്മാണം ആവശ്യമുള്ളതുമാണ്. ചില ഇടങ്ങളിൽ വെള്ളക്കെട്ടുമൂലം തകർന്നുകൊണ്ടിരിക്കുന്നതും അപകടസാദ്ധ്യതയുള്ള വീടുകളുമുണ്ട്.

സർക്കാർ ഭവന നിർമ്മാണബോർഡ് വഴി ദുർബല ഇടത്തര വിഭാഗങ്ങൾക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ— ദുർബലവിഭാഗങ്ങൾക്ക് അതും വിരലിൽ എണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്.

ദുർബലവിഭാഗക്കാർക്ക് വീടുവെക്കാനും ഇടത്തരക്കാർക്ക് ഭവനനിർമ്മാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ, വായ്പകളോ ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവേ

പൊതു പ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു.

ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിടപ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുൽപാദന രംഗത്ത് ആത്മാർത്ഥയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗത്തേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

കെട്ടിടനിർമ്മാണസാമഗ്രികളുടെ അമിതമായ വിലവർദ്ധനമൂലം സർക്കാർ വിവിധ പദ്ധതികളിൽ കൂടി നൽകുന്ന വായ്പകൾ വളരെ തുഛമാണ്. അതുകൊണ്ട് വിലവർദ്ധനവിനനുസൃതമായി പദ്ധതി വിഹിതം കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്.

ഈ പഞ്ചായത്തിൽ പാർപ്പിട നിർമ്മാണത്തിനാവശ്യമായ അസംസ്കൃതവസ്തുക്കൾ സുലഭമാണ്. അതുകൊണ്ട് ഭവന നിർമ്മാണ നിർമ്മിതി കേന്ദ്രങ്ങൾക്ക് സാധ്യതയുണ്ട് . നൂറുക്കണക്കിന് കുടുബങ്ങൾക്ക് സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്തവരാണ്. ഈ ജനവിഭാഗങ്ങളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് ആകർഷിക്കുന്നതിന്ന് പാർപ്പിട സൗകര്യം ഒരു അനിവാര്യ ഘടകമാണ്.

പാർപ്പിടരംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെപ്പറയുന്ന നിർദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രുപീകരിക്കുക. എൻജിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി (സന്നദ്ധസംഘടന) ഈ സംഘത്തെ ഏൽപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ (സിമൻറ് കമ്പി മുതലായവ) വിതരണത്തിൽ സിവിൽ സപ്ലൈസ് കോർപറേഷൻ സഹകരണ സ്ഥാപനങ്ങൾ ഇടപെടുക

3.സർക്കാർവഴി ലഭ്യമാകുന്ന വായ്പ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക

a) അപേക്ഷ ഗ്രാമപഞ്ചായത്ത് വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

4.സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

5.നിർമ്മാണച്ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6. സർക്കാർവഴി ലഭ്യമാക്കുന്ന ഭവനനിർമ്മാ ന വായ്പകളുടെ സംഖ്യ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

a) പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി കാലോചിതമായി ഉയർത്തുക.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണമായ മറ്റു പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചു കൂരകളിലെ ജനബാഹുല്യമാണ് ഇതിന് കാരണം. വീടുകൾ തൊട്ടുതൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട് കോളനികളിൽ ഫ്ലാറ്റ് സിസ്റ്റം നടപ്പാക്കുന്നതും പരിശോധിക്കേണ്ടതാണ്. ഇന്ദിര ആവാസ് യോജന രാജീവ് മെമ്മോറിയൽ ട്രസ്റ്റ് തുടങ്ങിയ കേന്ദ്ര ഏജൻസികളെ ഇതിന് ഉപയോഗപ്പെടുത്താവുന്നതാണ് .

III ത്രിതീയമേഖല(സേവനങ്ങളും ക്ഷേമപ്രവർത്തനങ്ങളും)

ആരോഗ്യം

ഈ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. സ്ത്രീകളും പുരുഷൻമാരും തുല്യഅനുപാതത്തിൽ ഇതിൽ ഏർപ്പെട്ടിരിക്കുന്നു. ആരോഗ്യ കാര്യത്തിൽ ഇവർ തുല്യ അനുഭവസ്ഥരാണ്. വനത്തോട് അടുത്ത് കിടക്കുന്ന ഈ പഞ്ചായത്തിൽ അന്തരീക്ഷ പ്രകൃതി മലിനീകരണത്തിന് വൻഫാക്ടറികളും മറ്റും കാര്യമായി ഇല്ലാത്തതിനാൽ ജനങ്ങൾ പൊതുവേ ഇതുമൂലം ഉണ്ടാകുന്ന അസുഖങ്ങളിൽ നിന്നും വിമുക്തരാണ്.

ഈ പഞ്ചായത്തിൽ ഒരു പി എച്ച് സെൻററും 5 സബ് സെൻററും ഒരു സ്വകാര്യമാനസികാരോഗ്യകേന്ദ്രവും മാത്രമേയുള്ളു.P H Cയിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ടെങ്കിലും സ്ഥിര താമസക്കാരില്ലാത്തിനാലും കെട്ടിടത്തിൻെറ അറ്റകുറ്റ പണികൾ തീർത്ത് ഫർണിഷ്ചെയ്ത് സെൻററിൻെറ ശോചനീയാവസ്ഥ മാറ്റിയെടുക്കാത്തതിനാലും, മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫിൻെറ പോരായ്മ മൂലവും മരുന്നുകളുടെ അഭാവം നിമിത്തവും P H C. യുടെ പ്രവർത്തനം അത്ര കാര്യക്ഷമമല്ല. 5 വാർഡുകളിൽ സബ് സെൻററുകളുണ്ടെങ്കിലും മരുന്നുകൾ ലഭിക്കാതെയും രോഗനിവാരണ ബോധവൽക്കരണം പഞ്ചായത്തിലെ എല്ലാഭാഗങ്ങളിലും തക്കസമയത്ത് നടത്താൻ സാധിക്കാതെയും വരുന്നു. ഹോമിയോ ആസ്പത്രികളോ, ആയുർവേദ ആസ്പത്രികളോ ഇല്ലന്നുമാത്രമല്ല ചികിത്സക്കായി ഈ പഞ്ചായത്തിലെ ഒരോ കുടുബവും ഏകദേശം 5—12 കി.മീ. യാത്ര ചെയത് മുനിസിപ്പാലിറ്റിയിലുള്ള ആസ്പത്രിയെ ആശ്രയിക്കേണ്ടിവരുന്നു.

പ്രതിരോധ ചികിത്സാക്കാവശ്യമായ മരുന്നുകളുടെ അഭാവം വളരെ കൂടുതലാണ്. ഏകദേശം 29 കോളനികളുള്ളതിൽ അംഗീകൃത കോളനികൾ ഒൻപതെണ്ണം മാത്രമാണ്. ഈ കോളനികളിൽ പാവപ്പെട്ട കൂലിവേലക്കാരാണ് താമസിക്കുന്നത്. ഗർഭാവസ്ഥയിൽ പോലും അവർക്കാവശ്യമായ വിറ്റാമിനുകളും പോക്ഷകാഹാരവും കൊടുക്കുവാനുള്ള സംവിധാനങ്ങളുടെ കുറവ് വളരെയാണ് ഈ പഞ്ചായത്തിൽ അയിരൂർപാടം പോലെയുള്ള സ്ഥലത്ത് ആയൂർവേദ ആസ്പത്രി സ്ഥാപിക്കാനാവശ്യമായ സ്ഥലവും ആയതിലേക്കാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നതിനുള്ള സൗകര്യങ്ങളും ഉണ്ട്. അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും വച്ചുപുലർത്തുന്ന ആളുകൾ ഇന്നും ഈ പ്രദേശങ്ങളിൽ ഉണ്ട്. ഇതു സംബന്ധമായ ബോധവൽക്കരണത്തിൻെറ ആവശ്യങ്ങൾ വളരെയാണ്.

കാലാവസ്ഥയുടെ മാറ്റങ്ങളും ശുചിത്വക്കുറവും മൂലം മഞ്ഞപ്പിത്തം, വയറിളക്കം, ചെങ്കണ്ണ് തുടങ്ങിയ രോഗങ്ങൾ സാധാരണമാണ്. ഈ പഞ്ചായത്തിൻെറ വടക്കുകിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ഭൂതത്താൻ കെട്ടിലെ ജനങ്ങളുടെ മാനസികവും ശാരീരികവും ആയ അനാരോഗ്യത്തിൻെറ മറ്റൊരു കാരണം കൂലിപ്പണിക്കാർ താമസിക്കുന്ന കോളനികളിലെ ജനങ്ങളുടെ മദ്യാസക്തിയാണ് . അതിനവസരം ഒരുക്കുന്ന വ്യാജവാറ്റിനും, വിൽപനയ്ക്കുമെതിരേ ബോധവൽക്കരണം അത്യാന്താപേക്ഷിതമാണ്.

കുടുംബക്ഷേമകേന്ദ്രങ്ങൾ പ്രത്യേകമായി ഇല്ലങ്കിലും പബ്ലിക്ക്ഹെൽത്ത് സബ് സെൻറർ വഴി താൽക്കാലിക രീതികളിൽ വേണ്ടനിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്

പുഴയരികിലും റോഡിറമ്പിലും താമസിച്ച് തുറസ്സായ സ്ഥലങ്ങളിൽ മല മൂത്രവിസർജ്ജനം നടത്തുകയും പുഴയിലെ ജലം കുടിവെള്ളമായി ഉപയോഗിക്കയും ചെയ്യുന്ന കോളനികളും ഉണ്ട് ഇത്തരക്കാരെ ഗവൺമെറിൻെറ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിലേക്ക് മാറ്റിതാമസിപ്പിച്ചും കക്കൂസുകളും കിണറുകളും ഉണ്ടാക്കിക്കൊടുത്ത് ജനങ്ങളുടെ മാനസികവും ശാരീരികവുമായുള്ള ആരോഗ്യസംരക്ഷണം പരിപാലിക്കേണ്ടതാണ്. ധാരാളം ടുറിസ്റ്റുകൾ എത്തുന്ന ഭൂതത്താൻ കെട്ടിൽ പോലും പ്രാഥമികാവശ്യങ്ങൾക്കായുള്ള സംവിധനങ്ങളില്ല comfort station കളുടെ പ്രവർത്തനം ഇവിടെ നല്ലഫലം ചെയ്യും.

മൂന്നുനാല് സെൻറ് കോളനികളിൽ ഏകദേശം 30 മുതൽ 70 വരെ വീടുകളുണ്ട്. ഇവരുടെയെല്ലാം പൊതുതൊഴിൽ കൂലിപ്പണിയാണ്. പൊതുശ്മശാനം പൊതുകുളിസ്ഥലം, പൊതുകളിസ്ഥലം തുടങ്ങിയവയുടെ അഭാവം, ഇവയെല്ലാം ഇക്കൂട്ടരുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. കൂടാതെ ഏതുതരം ബോധവൽക്കരണം നടത്തുന്നതിനായാലും ജനങ്ങൾക്ക് ഒന്നിച്ചുകൂടുവാനുള്ള കമ്മ്യൂണിറ്റി ഹാളുകൾ എല്ലാവാർഡുകളിലും ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാവുന്ന എല്ലുപൊടിക്കമ്പനികൾ, കോഴിവളർത്തൽ, പന്നിവളർത്തൽ

കേന്ദ്രങ്ങൾ, മെറ്റൽ ക്രഷർ തുടങ്ങിയവ പരിസര മലിനീകരണ സുരക്ഷിതത്വനിയമങ്ങൾക്കനുസരിച്ച്മാത്രമേ അനുവാദം കൊടുക്കാവു. അതിനതീതമായിനടത്തുന്ന വ്യവസായങ്ങൾക്കെതിരെ വേണ്ട നടപടികൾ കർശനമായും സ്വീകരിക്കേണ്ടതുണ്ട്.

കോളനിനിവാസികളിൽ ഏകദേശം 10% ജനങ്ങൾക്ക് കക്കൂസുകളില്ല. സാമ്പത്തികപരാധീനതയാണ് ഇതിനുകാരണം. ഏതെങ്കിലും സ്കീമിൽ പെടുത്തി പണിയിക്കാമെന്നുതീരുമാനിച്ചാൽ തന്നെയും അതിനാവശ്യമായ സ്ഥലത്തിന്റെ കൈവശാവകാശ രേഖകൾ ഇല്ലാത്തതിനാൽ എവിടെയും ഇക്കൂട്ടർ പരാജയപ്പെടുകയാണ്. മാനസികാരോഗ്യം നിലനിറുത്താൻ ഉതകുന്ന വിധം നിയമങ്ങളിലെ വിട്ടുവീഴ്ച ഗവണ്മെൻറ് തലത്തിൽ നിന്നുണ്ടാക്കി പുതിയ സ്ക്കീമുകൾവഴി പട്ടികജാതിക്കാർക്കും താഴ്ന്നവരുമാനമുള്ള പാവപ്പെട്ടവർക്കും കക്കൂസുകൾ നിർമ്മിച്ച് കൊടുക്കേണ്ടതാണ്. ഇന്നത്തെ അവസ്ഥയിൽ ആദ്യഘട്ട പണികൾ തുടങ്ങാനുള്ള സാമ്പത്തികപരാധീനതകൾ കാരണം മിക്കവാറും ജനങ്ങൾ ഇക്കാര്യത്തിൽ ഉത്സാഹം കാണിക്കുന്നില്ല. സന്നദ്ധസംഘടനകളുടെ പ്രവർത്തനം ഒട്ടും തന്നെഇല്ലാതിരിക്കുന്ന ഈ പഞ്ചായത്തിൽ അതുണ്ടാക്കുകമൂലം ഇത്തരം പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരമാകും.

ഈ പഞ്ചായത്തിലെ കോളനിനിവാസികളിലും കർഷകത്തൊഴിലാളികളിലും പ്രത്യേകിച്ച് കുട്ടികളിലും വൃദ്ധജനങ്ങളിലും അംഗവൈകല്യമുള്ളവരിലും പോഷകാഹാരത്തിന്റെ കുറവ് വ്യക്തമായികണ്ടുവരുന്നു.

പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, മൃഗാശുപത്രി, പി. എച്ച്. സി. തുടങ്ങിയവ സ്ഥിതിചെയ്യുന്ന മുത്തംകുഴിയിൽ എത്തിച്ചേരുവാൻ തക്കവണ്ണം പഞ്ചായത്തിന്റെ വടക്കുകിഴക്കുഭാഗത്തുനിന്നും യാത്രാസൗകര്യം ഇല്ലാത്തതു് ഒട്ടുവളരെ ജനങ്ങളുടെ പൊതുജനാരോഗ്യത്തെ ബാധിക്കുന്നുണ്ട്.

അശാസ്ത്രീയമായി പ്രവർത്തിക്കുന്ന അറവുശാലകൾ പരിസ്ഥിതിമലിനീകരണത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചായ, കാപ്പി കടകളിൽ ആഹാരപദാർത്ഥങ്ങൾ സൂക്ഷിക്കുന്ന ക്രമീകരണങ്ങളുടെ പോരായ്മകളും പരിഹരിക്കേണ്ടതുണ്ടു്.

ഹോമിയോ, ആയുർവേദം, അലോപ്പതി തുടങ്ങിയവയുടെ ഏതെങ്കിലും ഒരു ഡിസ്പെൻസറി വീതം എങ്കിലും എല്ലാവാർഡിലും സ്ഥാപിക്കയും പി. എച്ച്. സി. യുടെ സബ് സെൻറർ ഇല്ലാത്ത വാർഡുകളുൽ സബ് സെൻറർ തുറക്കുകയും PHC ൽ ഒരു ലേഡീഡോക്ടറെ കൂടിനിയമിക്കുകയും ചെയ്യുന്നതോടൊപ്പം ആരോഗ്യ പ്രവർത്തകർക്ക് താമസസൗകര്യം, കുടിവെള്ള സൗകര്യം മുതലായവയും ചെയ്തുകൊടുക്കണം.

ഈ പഞ്ചായത്തിൽ വൈകല്യമുള്ളവർ ഏകദേശം 104 പേർ ഉണ്ട്.

അവർക്ക് വേണ്ടതായ ക്ഷേമ പ്രവർത്തനങ്ങൾ അടിയന്തിരമായിനടപ്പാക്കേണ്ടതാണ്.

പിണ്ടിമന ഗ്രാമപഞ്ചായത്ത് ആരേ

നമ്മുടെ പഞ്ചായത്തിലുള്ള സ്ഥാപനങ്ങളും ജീവനക്കാരുടെ എണ്ണവും

സ്ഥാപനങ്ങളുടെ പേര്.	ജീവനക്കാരുടെ എണ്ണം
1. പ്രൈമറി ഹെൽത്ത് സെൻറർ പിണ്ടിമന	ഡോക്ടർ — 1 നേഴ്സ് — 2 നേഴ്സിംഗ് അസിസ്റ്റെൻറ് — 1 അറ്റൻഡർ ഗ്രേയിഡ്2— 1 അറ്റൻഡർ ഗ്രേയിഡ് I Nil — കുക്ക് — Nil
2.പബ്ലിക്ക് ഹെൽത്ത് സബ് സെൻറർ ചെങ്കര	നേഴ്സ് — 1
3.പബ്ലിക്ക് ഹെൽത്ത് സബ് സെൻറർ മാലിപ്പാറ	നേഴ്സ് — 1
4.പബ്ലിക്ക് ഹെൽത്ത് സബ് സെൻറർ ചെമ്മീൻ കുത്ത്	നേഴ്സ് — 1
5.വേട്ടാം പാറപബ്ലിക്ക് ഹെൽത്ത് സബ് സെൻറർ	നോഴ്സ് — 1
6.പബ്ലിക്ക് ഹെൽത്ത് സബ് സെൻറർ പിണ്ടിമന	നേഴ്സ് — 1

ാഗ്യസ്ഥിതി
വിവരങ്ങൾ

1. ആകെവീടുകൾ —4864

a)കോൺക്രീറ്റ് — 805

b)ഓട് മേഞ്ഞത് 3739

c)ഓലമേഞ്ഞത് 248

d)കുടിൽ 72

e)വൈദ്യുതീകരിച്ചവ 4056

f)അല്ലാത്തവ—708

2.കുടിവെള്ള സ്രോതസ്സ്

a)കുഴൽ കിണർ 7

b)സാധാരണകിണർ 70

c)പൊതുടാപ്പുകൾ 73

d)കുളം —4

3കമ്പോസ്റ്റ്കുഴി —400

4.ജനസംഖ്യ — 14951

a)പുരുഷന്മാർ — 7513

b)സ്ത്രീകൾ — 7438

c)കുട്ടികൾ 1680

5.അമ്മമാരുടെ എണ്ണം 1869
(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

a)ഒരു കുട്ടിയുടെ അമ്മ. 461

b)രണ്ടുകുട്ടികൾ 908

c)രണ്ടിൽ കുടുതൽ 500

6.കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ
(ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)

a)ഒരു കുട്ടി— 20

b)രണ്ടുകുട്ടികൾ—516

c)രണ്ടിൽ കൂടുതൽ 427

7. അംഗവൈകല്ല്യമുള്ളവർ

a)അന്ധർ — 19

b)ബധിരർ — 11

c)മൂകർ — 8

d)ബധിര — മൂകർ 8

e)ചലനവൈകല്ല്യങ്ങൾ 58

8. മന്ദബുദ്ധികൾ

a)1—5 വയസ്സുവരെ —1

b)11—15 വരെ —7

c)16 നു മുകളിൽ — 16

അവലംബം

(ആരോഗ്യവകുപ്പ് ദ്വിതീയ സ്ഥിതി വിവര കണക്കുകൾ)
പിണ്ടിമ P H C വരുന്ന രോഗികളുടെ അടിസ്ഥാനത്തിലുള്ള list
രോഗങ്ങൾ സംബന്ധിച്ച വിവരം, പ്രതിവർഷം എണ്ണം

വർഷം	ഇൻപേഷ്യന്റ് എണ്ണം	ഔട്ട് ഇൻപേഷ്യന്റ് എണ്ണം	ത്വക്ക്രോഗം	വാതരോഗം എല്ലുരോഗം	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റു രോഗങ്ങൾ	ആകെ
1992—93	17	12240	71	41	7575	Nil	7353	12257
1993—94	Nil	11769	79	43	8251		3396	11769
1994—95	24	14456	85	51	5950		8376	14480
1995—96		11309	307	3	6321		10968	11309
ആകെ								

നിർദ്ദേശങ്ങൾ

1.നിലവിലുള്ള പിണ്ടിമന പ്രൈമറി ഹെൽത്ത് സെൻററിൻെറ 12 ബെഡ് ഉള്ള വാർഡ് ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്. അതിൻെറ പ്രവർത്തനം തുടങ്ങുന്നതിന് ആവശ്യമായ സ്റ്റാഫ് പാറ്റേൺ ഇപ്പോഴില്ല പുതുതായി ഒരു 18 ബെഡിൻെറ വാർഡുകൂടി നിർമ്മിച്ച് താഴെ പറയുന്ന തരത്തിൽ ഒരു സ്റ്റാഫ് പാറ്റേൺ ഉണ്ടാക്കുകയും അവർക്ക് താമസിക്കുന്നതിനായി ക്വോർട്ടേഴ്സുകളും ഉണ്ടാകേണ്ടത് ആവശ്യമാണ്.

നിലവിലുള്ള സ്റ്റാഫ് പറ്റേൺ	അധികമായി വേണ്ടുന്ന സ്റ്റാഫ്	ആവശ്യമായ ക്വോട്ടേഴ്സിൻെറ എണ്ണം
ഡോക്ടർ 1	2	2
നേഴ്സ് 2	3	2
നേഴ്സിംഗ് അസിസ്റ്റൻറ് 1	4	2
അറ്റൻഡർ ഗ്രേയിഡ് 2nd 1	4	2
അറ്റൻഡർ ഗ്രേയിഡ് 1st Nil	1	
കുക്ക്		1

2. ഇപ്പോഴുള്ള ആസ്പത്രി കെട്ടിടത്തിൻെറ മുകൾ ഭാഗത്ത് family welfare administration Block ഉം അതിനോടനുബന്ധിച്ച് ഒരു Hall ഉം പണിയണം ഈ വിഭാഗത്തിൽ ഇപ്പോൾ 8 ജീവനക്കാരാണുള്ളത് ഇത് തീരേ അപര്യാപ്തമായതിനാൽ താഴെ പറയുന്നതരത്തിൽ staff pattern ഉം staff quarters ഉം പണിയണം

നിലവിലുള്ള സ്റ്റാഫ് പാറ്റേൺ	അധികമായി വേണ്ടുന്ന സ്റ്റാഫ്	ആവശ്യമായ ക്വോർട്ടേഴ്സ്
ഹെൽത്ത് ഇൻസ്പെക്ടർ	1	1
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	1	1
ജൂനിയർ പി എച്ച് നേഴ്സ്	5	1
Juner. H. I gade 1st -1		
Juner. H. I gade IInd -1	4	1
clark -1	1	1

3.പ്രൈമറി ഹെൽത്ത് സെൻറർ പിണ്ടിമനയിൽ ഒരു ലാബോറട്ടറി (കെട്ടിടം + സ്റ്റാഫ്)

4. Over head water tank പണിയുക

5.വേട്ടാം പാറ ഫാമിലി വെൽഫയർ സെൻററിന് സ്വന്തമായി വാങ്ങിയിട്ടുള്ള പത്തുസെൻറ് സ്ഥലത്ത് പുതിയ സെൻറർ പണിത് ജലം, വൈദ്യുതി സൗകര്യങ്ങൾ ഏർപ്പെടുത്തുക

6.ചെമ്മീന കുത്ത് ഫാമിലി വെൽഫയർ സെൻററിൻെറ അറ്റകുറ്റപണികൾ നടത്തുകയും ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം

7. ചെങ്കര ഫാമിലി വെൽഫയർ സെൻററിൻെറ അറ്റകുറ്റ പണികൾ നടത്തുകയും ജല ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യണം

8. മാലിപ്പാറ ഫാമിലി വെൽഫയർ സെൻററിൻെറ അറ്റകുറ്റ പണികൾ നടത്തുകയും വാട്ടർടാങ്ക് പണിയുകയും ചെയ്യണം

9.ഡ്രെയിനേജ് സിസ്റ്റം കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കേണ്ടതോടൊപ്പം തന്നെ അറവുശാലകൾ, ഹോട്ടലുകൾ, മാർക്കറ്റുകൾ എന്നിവയിൽ നിന്നുള്ള മാലിന്യങ്ങൾ കുഴിച്ചുമൂടുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക


10.മയക്കുമരുന്ന് ഉപയോഗത്തിന്റെ അതിപ്രസരം എയിഡ്സ് എന്ന മാരകരോഗത്തിന്റെ കടന്നുകയറ്റത്തിന് വഴിഒരുക്കുന്നതിനാൽ ബോധവൽക്കരണ പരിപാടികൾ നടത്തി നമ്മുടെ ഭാരതീയ സംസ്ക്കാരത്തെ ഉയർത്തി കൊണ്ടുവരുന്നതിനോടൊപ്പം ആരോഗ്യത്തെയും സംരക്ഷിക്കേണ്ടതാണ്.

11. വ്യാജവാറ്റിനും വിൽപ്പനക്കുമെതിരെ പൗരസമിതികൾ രൂപീകരിച്ചും ബോധവൽക്കരണം നടത്തിയും കഠിനമായ ശിക്ഷാനടപടികൾ സ്വീകരിച്ചും ഇതിന് പരിഹാരം കാണണം.

12. വാർഡ് 9 ൽ ഒരു ഫാമിലി വെൽഫയർ കേന്ദ്രം ആരംഭിക്കണം

പിണ്ടിമന പി എച്ച് സി. യിലെ സേവന സംവിധാനങ്ങളുടെ അപര്യാപ്തതമൂലം ഈ പ്രദേശത്ത് ബഹുഭൂരിപക്ഷം ആൾക്കാരും കോതമംഗലത്തുള്ള സ്വകാര്യ ആശുപത്രികളെയാണ് ആശ്രയിക്കുന്നത് തൻമൂലം പിണ്ടിമന പി എച്ച് സിയുടെ വികസനം അത്യന്താപേക്ഷിതമാണ്

കുടിവെള്ളം



പിണ്ടിമന പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ് പെരിയാർ നദിയാണ്. പെരിയാർ വാലി ഇറിഗേഷൻ പ്രൊജക്ട് മെയിൻ കനാൽ ഈ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൂടി കടന്ന് പോകുന്നു. പഞ്ചായത്തിന്റെ വടക്കെ അതിർത്തിയിലൂടെ പെരിയാറും തെക്കെ അതിർത്തിയിലൂടെ ഇരപ്പുങ്കൽ തോടും മദ്ധ്യത്തിലൂടെ എന്ന് പറയത്തക്കരീതിയിൽ മെയിൻ കനാലും കടന്ന് പോകുന്നത് കൊണ്ട് പിണ്ടിമന പഞ്ചായത്ത് ജലത്താൽ അനുഗ്രഹീതമാണെന് തോന്നുമെങ്കിലും കുടിവെള്ളത്തിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇവിടത്തെ പ്രധാന കുടിവെള്ളമാർഗ്ഗം കിണറുകളാണ്. ഇതിൽ നിന്നും എല്ലാ ക്കാലത്തും ജലം കിട്ടുന്നത് കനാലിന്റെ പാർശ്വങ്ങളിലെ താഴ്ന്ന പ്രദേശങ്ങിൽ മാത്രമാണ് എന്നുള്ളതും എടുത്ത് പ്രസ്താവിക്കേണ്ടതുമാണ്. 60% വീടുകളിൽ കിണറുകളുണ്ട്. അതുകൂടാതെ പഞ്ചായത്ത് വക '4' കുഴൽ കിണറുകളും, 19 കിണറുകളും 7 കുളങ്ങളും നിലവിലുണ്ട്. ഈ പഞ്ചായത്തിന്റെ ഭൂരിഭാഗവും കുന്നിൻ ചെരിവുകളാണ്. ഇവിടെ പ്രകൃതിദത്തമായ കുടിവെള്ളം എല്ലാകാലത്തും ലഭ്യമല്ല. പഞ്ചായത്ത്വക 73 പബ്ലിക്ക് ടാപ്പുകളും 2,3,5, വാർഡുകളിലായി 25 കിലോ മീറ്റർ പൈപ്പ് ലൈനുകളുമുണ്ടെങ്കിലും അത്യാവശ്യത്തിന് പോലും വെള്ളം ലഭിയ്ക്കാത്ത അവസ്ഥയാണുള്ളത്. അരകിലോമീറ്റർ മുതൽ രണ്ട് കിലോമീറ്റർ വരെ ദൂരം

വാർഡ് പ്രദേശം	നിർദേശങ്ങൾ
1,– വാർഡിൽ പൊതുവായും പ്രത്യേകിച്ച് പിച്ചപ്ര കോളനിയിൽ	പെരിയാറിൽ നിന്നും ഉയർന്ന പ്രദേശമായ വേട്ടാം പാറ സ്കൂൾ പരിസരത്ത് വെള്ളമെത്തിച്ച് മറ്റുപ്രദേശത്തേക്ക് വിതരണം ചെയ്യാവുന്നതാണ്.
2–ഓലിപ്പാറകോളനി – പി. എച്ച് സെൻറർ– വെള്ളിലാ തൊട്ടികോളനിയിൽ നിന്നും പൂച്ച ക്കുത്തിലേക്ക്.	നിലവിലുള്ള R.W സപ്ലൈസ്ക്കീമിൽ മോട്ടോറുകൾ മാറ്റിയും 3 ഭാഗങ്ങളിലായി 800 മീറ്റർ പൈപ്പ് ലൈൻ നീട്ടിയും വാർഡിലെ ജലക്ഷാമം പരിഹരിക്കാം ഭൂതത്താൻ കെട്ട്, ഇല്ലിത്തണ്ട് കോളനിയിൽ റോഡിൽ നിലവിലുള്ള കുളം ഉപയോഗയോഗ്യമാക്കുക.
3. മൊത്തത്തിൽ കൂർപ്പിള്ളിച്ചാൽ കോളനി, നെടുമ്പാറ കോളനി പൈപ്പ് ലൈൻ നീട്ടണം.	മൊത്തിൽ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ മാലിപ്പാറവാട്ടർ സപ്ലൈസ്കീമിലെ മോട്ടോർ മാറ്റിയാൽ മതി.
4.ചെമ്മിൻ കുത്ത് കുറുമറ്റം	മാലിപ്പാറ വാട്ടർ സപ്ലൈസ്ക്കീം വിപുലികരിക്കുക. ആനോട്ടു പാറപാടത്ത് നിന്നും കോച്ചേരിത്തണ്ടിലേക്ക് വെള്ളം എത്തിച്ച് വിതരണം ചെയ്യുക.
വില്ലേജ് ഓഫീസ് പരിസരം	കനാലിൽ നിന്നും ഫീൽഡ് ചാനൽ ഉണ്ടാക്കുക. കീരംപാറ പഞ്ചായത്തിലെയും മുൻസിപ്പാലിറ്റിലേയും ലൈനുകളിൽ നിന്നും ഈ പ്രദേശത്തേക്ക് വെള്ളം എടുക്കാവുന്നതാണ്
5.മാലിപ്പാറ കുളങ്ങാട്ടു കുഴി വെറ്റിലപ്പാറ കുറുമറ്റം	മാലിപ്പാറ വാട്ടർ സപ്ലൈസ്ക്കീമിൻെറ പ്രവർത്തനം വിപുലികരിക്കുക. 5 ഭാഗങ്ങളിലായി 3 3/4കിലോമീറ്റർ പൈപ്പ് ലൈൻ നീട്ടണം. ആനോട്ട്പാറപാടത്ത് നിന്ന് കോച്ചോരിത്തണ്ടിൽ വെള്ളം എത്തിച്ച് വിതരണം ചെയ്യുക.
6) മുത്തം കുഴി	പണിതുകൊണ്ടിരിക്കുന്ന വാട്ടർ ടാങ്കിൽ നിന്നും എല്ലാ ഭാഗത്തേക്കും വെള്ളം എത്തിക്കുക നിലവിലുള്ള കുളങ്ങളും കിണറുകളും നന്നാക്കുക.
7.പി. എച്ച് സെൻറർ, ഐരൂർപാടം പള്ളിക്ക് സമീപം പ്രാഥമീകാശുപത്രിയുടെ പടിഞ്ഞാറ് വശം ശിശുമന്ദിരത്തിൻെറ സമീപം	കുഴൽ കിണർ എല്ലാ ഭാഗത്തും നിർമ്മിക്കുക.
8.തേയിഞ്ചിറ പ്രദേശം, അയിരൂർ പാടം പള്ളികവലയക്ക് സമീപം	ഈ പ്രദേശത്ത് കിണറ് കുഴിച്ച് ഉയർന്നസ്ഥലത്തെത്തിച്ച് വിതരണം നടത്തുക. പാടത്തിൻെറ സൈഡിൽ കുളം നിർമ്മിച്ച് വെള്ളം പമ്പ് ചെയ്യണം.
9. തൈക്കാവും പടി	കനാലിനരികിൽ കിണർ നിർമ്മിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുക.

മാലിപ്പാറ വാട്ടർ സപ്ലൈ സ്ക്കീമിന്റെ പോരായ്മകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ

പെരിയാറിൽ സ്ഥിതിചെയ്യുന്ന മെയിൻ പമ്പ് ഹൗസിലെ മോട്ടോറിന്റെ കപ്പാസിറ്റി കൂട്ടി ബൂസ്റ്റർ സംവിധാനം ഒഴിവാക്കാൻ സാധിച്ചാൽ വെള്ളത്തിന്റെ അളവ് വർദ്ധിപ്പിക്കാൻ കഴിയും അതിന് കഴിയുന്നില്ലെങ്കിൽ ബൂസ്റ്ററിലേയും മോട്ടോറിന്റെറയും ശക്തി കൂട്ടുകയും, രണ്ട് പമ്പ് ഹൗസുകളിലേയും കറണ്ട് സപ്ലൈ ഒരു ഫീഡറിൽ നിന്നാക്കുകയും വേണം. ഇങ്ങനെ ആക്കുന്നതായാൽ നിലവിൽ പൈപ്പ് ലൈൻ ഉള്ള പ്രദേശത്ത് കുറച്ച് കൂടി ലൈൻ നീട്ടിയാലും ജലത്തിനു ബുദ്ധിമുട്ട് ഉണ്ടാകുകയില്ലെന്ന് കരുതുന്നു. ഇത്, 2, 3, എന്നീ വാർഡുകളിൽ ഏകദേശം പൂർണ്ണമായും 4,5,വാർഡുകളിൽ ഭാഗികമായും പ്രയോജനപ്പെടും

ചെറുകിട ജലസേചന പദ്ധതികൾ

പഞ്ചായത്തിലെ ഒന്നാംവാർഡായ വേട്ടാം പാറപുഴയോടുചേർന്ന് കിടക്കുന്നതും എന്നാൽ ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെട്ടതുമാണ്. പുഴയിൽ നിന്നും വെള്ളം പമ്പുചെയ്ത് 1 കി. മി. അകലെ സ്ക്കൂൾ പടിക്കൽ എത്തിച്ച് അവിടെ ടാങ്കിൽ സംഭരിച്ച് വിവിധ ഭാഗങ്ങളിലേക്കായി 6 കി. മീ. പൈപ്പുലൈനും നീട്ടിയാൽ 1—ാം വാർഡിലെ കുടിവെള്ളക്ഷാമം പരിഹരിക്കാം.

3—ാം വാർഡിൽ പ്രധാന ഭാഗങ്ങളിലെല്ലാം പൈപ്പുലൈനുകൾ ഉണ്ടെങ്കിലും നിലവിലുള്ള സംവിധാനത്തിൽ വെള്ളം ആവശ്യത്തിനെത്താൻ സാധിക്കാത്ത സാഹചര്യത്തിൽ പകുതിയോളം പട്ടിക ജാതികുടുംബങ്ങളും മൊത്തം 80 — ഓളം കുടുംബങ്ങൾ ഉള്ളതുമായ 4 സെൻറ് കോളനിയിൽ 400 മീറ്റർ അകലെയുള്ള കനാൽ കരയിൽ കുളമുണ്ടാക്കി കോളനിയിൽ വെള്ളമെത്തിച്ച് വിതരണം നടത്തുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കേണ്ടതാണ്.

4—ാം വാർഡിൽ കുറുമറ്റം പള്ളിയുടെ സമീപമുള്ള ഇരട്ടപ്പൊട്ട എന്ന ചിറയിൽ നിന്നും വെള്ളം എടുത്ത് ആവശ്യമായ സംവിധാനങ്ങളോടെ ചെമ്മീൻ കുത്ത് ഭാഗത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

5—ാം വാർഡിൽ ആനോട്ടുപാടത്ത് കുളം നിർമ്മിച്ച് അവിടെ നിന്നും 1 കി. മീ. അകലെയുള്ള കോച്ചേരിത്തണ്ട് മലയിൽ വെള്ളം എത്തിച്ച് അവിടെ നിന്നും പലവഴികളിലായി 5 കി. മീ. പൈപ്പുലൈൻനീട്ടിയാൽ കൂറുമാറ്റം കുറുവാപ്പാറ, 4—ാം വാർഡുകൂടി ഉൾപ്പെട്ട ഇഞ്ചക്കണ്ടം എന്നിവിടങ്ങളിലായി 200 ഓളം കുടുംബങ്ങൾക്ക് ഉപകാരപ്രദമാകും. കൂടാതെ നിർദ്ദിഷ്ടപദ്ധതി വികസിപ്പിക്കുന്നതായാൽ പഞ്ചായത്തിലെ മറ്റുപല ഭാഗങ്ങളിലേക്കും കുടിവെള്ളം എത്തിക്കാൻ കഴിയുന്നതാണ്.

8 ാം വർഡിൽ മുസ്ലീം പള്ളിയുടെ അടുത്തുള്ള ഉയർന്ന പ്രദേശങ്ങളും പുലിമലഭാഗത്തും യഥാക്രമം കനാൽ അരികിലും , തേയ്ഞ്ചിറയിൽ നിന്നും വെള്ളമെടുത്ത് രണ്ട് ചെറുടാങ്കിലാക്കി ഉപയോഗിച്ചാൽ ഈപ്രദേശത്തെ വെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

9 ാം വാർഡിൽ അഞ്ചേരിമഠം കുന്നിൽ മുകളിൽ കനാൽ അരികിലുണ്ടാകുന്ന കുളത്തിൽ നിന്നും വെള്ളമെത്തിച്ചാൽ തൈക്കാവും പടിഭാഗമുൾപ്പെട്ട പ്രദേശത്ത് കുട്ടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

നിർമ്മാണത്തിലിരിക്കുന്ന ചെറിയ ശുദ്ധജലപദ്ധതി.

പഞ്ചായത്തിലെ 6ാം വാർഡിൽ മൃഗാശുപത്രി സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിൽ ടാങ്കുനിർമ്മിച്ച് സമീപമുള്ള പഞ്ചായത്തുകിണറിൽ നിന്നും വെള്ളം എടുത്ത് രണ്ടു ലൈനുകളിലായി ഉദ്ദേശം 100 ഓളം വീട്ടുകാർക്ക് ഉപയോഗിക്കത്തക്ക വിധത്തിൽ ഉള്ള പദ്ധതികുറച്ച് J.R.Y.ഫണ്ടും അതിന്റെറ ഏതാണ്ട് 60% മേൽജനസംരഭവും യോജിപ്പിച്ചാണ്. ഇത് പൂർത്തീകരിക്കാനുദ്ദേശിക്കുന്നത്.

പൊതു നിർദ്ദേശം

1.പൊതുജനങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നതും ആയതിന് സഹകരിക്കയും ചെയ്യുന്ന പദ്ധതി എന്ന നിലയിൽ വൻ പദ്ധതികൾക്കുപകരം ഗ്രാമങ്ങൾ തോറും ജലലഭ്യതയനുസരിച്ചുള്ള ചെറുപദ്ധതികൾ നടപ്പാക്കുന്നതായാൽ ഇതിന് പൊതു ഫണ്ടിന്റെറ ചിലവ് കുറക്കുകയും ചുരുങ്ങിയ കാലം കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാവുന്നതുമാണ്.

2.മാലിപ്പാറ വാട്ടർ ഡിവിഷൻ പദ്ധതിയുടെ —

സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ

1. പമ്പുഹൗസും, ബുസ്റ്റർപമ്പുഹൗസും ഒരു ഫാഡറിൽ ആക്കുക.

2. ഒരു പമ്പ് ഓപ്പറേറ്ററെക്കൂടി നിയമിച്ച് ജലവിതരണം ഒന്നിടവിട്ടദിവസങ്ങളിൽ ഓരോ മേഖലകളിലേക്കും നടപ്പാക്കുക.

വാർഡ് VIII

1. ആമല ഹരിജൻ കോളനിയിൽ കുടിവെള്ള സൗകര്യം ഏർപ്പെടുത്തണം

വിദ്യാഭ്യാസം



പിണ്ടിമന ഗ്രാമപഞ്ചായത്ത് ബ്രിട്ടീഷ് ഭരണകാലത്തുതന്നെ വിദ്യാഭ്യാസത്തിന് വളരെയധികം മുന്നിലാണെന്ന ചരിത്ര പശ്ചാത്തലമാണുള്ളത്. പിണ്ടിമന ഇരപ്പുങ്കൽ യു.പി. സ്കൂളാണ് ആദ്യകാല വിദ്യാഭ്യാസത്തിന്റെ നാഴികക്കല്ല്. 1902—ൽ ആരംഭിച്ച പ്രസ്തുത വിദ്യാലയം ഇന്നും വിദ്യാഭ്യാസമേഖലയിൽ ഗണ്യമായ സംഭാവനകൾ നൽകുന്നുണ്ട്. കേരള ചരിത്രത്തിൽ തന്നെ വിദ്യാഭ്യാസ പുരോഗതിക്ക് വളരെയധികം അദ്ധ്യാപകരെയും ഉന്നത വിദ്യാഭ്യാസ വിചക്ഷണരേയും പ്രദാനം ചെയ്യാൻ ഇവിടുത്തെ സരസ്വതി ക്ഷേത്രങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇങ്ങനെ പലവിധത്തിൽ സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പുതന്നെ പിണ്ടിമന ഗ്രാമ പഞ്ചായത്ത് വിദ്യാഭ്യാസത്തിൽ ബഹുദൂരം മുമ്പിലായിരുന്നു. മുത്തംകുഴി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന "ഗോവിന്ദൻ ആശാൻ കളരി" പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇന്നും തിളങ്ങുന്നു.

വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം	സ്കൂളിന്റെ പേര്	മാനേജ്മെന്റ്	കുട്ടികളുടെ എണ്ണം	അദ്ധ്യാപകരുടെ എണ്ണം
1	ജോസഫൈൻ എൽ.പി.എസ്. വേട്ടാംപാറ	എയിഡഡ്	100	4
2	ഗവ. യു.പി.എസ്. ചെങ്കര	സർക്കാർ	244	9
3	ഗവ. യു.പി.എസ്. പിണ്ടിമന	സർക്കാർ	292	13
4	ഫാത്തിമ മാതാ യു.പി.എസ്. മാലിപ്പാറ	എയിഡഡ്	523	21
5	ആത്താണിക്കൽ യു.പി.എസ്. പിണ്ടിമന	എയിഡഡ്	425	18
6	എൻ.എസ്.എസ്. യു.പി.എസ്. തൃക്കാരിയൂർ	എയിഡഡ്	622	20
7	ടി.വി.ജോസഫ് മെമ്മോറിയൽ ഹൈസ്കൂൾ പിണ്ടിമന	എയിഡഡ്	600	24
8	ഗവ. പോളിടെക്നിക് പിണ്ടിമന	സർക്കാർ	266	55

ക്രമ നമ്പർ	സ്കൂളിന്റെ പേര്	ഡിവിഷനുകളുടെ എണ്ണം	ഓഫീസ് മുറി ഉണ്ട്–ഇല്ല	സ്റ്റാഫ് മുറി ഉണ്ട്–ഇല്ല	ലാബ് ഉണ്ട്–ഇല്ല	മൂത്രപ്പുര കക്കൂസ് എണ്ണം		വൈദ്യുത കണക്ഷൻ ഉണ്ട്–ഇല്ല	കളിസ്ഥലം വിസ്തീ:	കിണർ ഉണ്ട്–ഇല്ല	
1	ജോസഫൈൻ എൽപിഎസ് വേട്ടാംപാറ	4	ഉണ്ട്	ഉണ്ട്	ഇല്ല	1	1	ഉണ്ട്	ഉണ്ട്	50 സെ.	ഉണ്ട്
2	ഗവ. യുപിഎസ് ചെങ്കര	8	ഉണ്ട്	ഇല്ല	ഇല്ല	3	3	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
3	ഗവ. യു.പി.എസ്. പിണ്ടിമന	10	ഉണ്ട്	ഉണ്ട്	ഇല്ല	2	2	ഇല്ല	ഉണ്ട്	10 സെ.മീ.	ഉണ്ട്
4	ടി.വി. ജോസഫ് മെമ്മോറിയൽ എച്ച്.എസ്. പിണ്ടിമന	14	ഉണ്ട്	ഉണ്ട്	ഉണ്ട്	4	4	ഇല്ല	ഉണ്ട്	1.75 ഏക്കർ	ഉണ്ട്
5	ഫാത്തിമ മാ യുപിഎസ് മാലിപ്പാറ	15	ഉണ്ട്	ഉണ്ട്	ഇല്ല	4	2	ഉണ്ട്	ഉണ്ട്	245 മീറ്റർ	ഉണ്ട്
6	ആത്താണിക്കൽ യുപിഎസ് പിണ്ടിമന	14	ഉണ്ട്	ഉണ്ട്	ഇല്ല	1	1	ഉണ്ട്	ഇല്ല	40 സെ.	ഉണ്ട്
7	എൽഎസ്എസ്യുപിഎസ് തൃക്കാരിയൂർ	17	ഉണ്ട്	ഉണ്ട് ഇല്ല	2	1	ഉണ്ട്	ഇല്ല	40 സെ.	ഉണ്ട്	
8	ഗവ. പോളിടെക്നിക് പിണ്ടിമന	3									


1982 നമ്മടെ പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ ടി. വി. ജോസഫ് മെമ്മോറിയൽ ഹൈസ്ക്കുൾ ആരംഭിച്ചു. 1985ലും 86ലും 100% എസ്സ്. എസ്സ്. എൽ. സി. വിജയശതമാനം കൈവരിച്ച സ്ക്കുൾ ഇന്നും ഉന്നതനിലവാരം പുർത്തിവരുന്നു പഞ്ചായത്തിലെ എൽപി, യുപി, ഹൈസ്ക്കുൾ വിഭാഗങ്ങളിലെല്ലാം പാഠ്യേതര പ്രവർത്തർനങ്ങളിലെല്ലാം മുമ്പന്തിയിലാണ് കഴിഞ്ഞ പതിനൊന്ന് വർഷമായി കായികരംഗത്ത് ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്ന ഫാത്തിമമാതാ യുപി സ്ക്കുൾ ഈ രംഗത്ത് പ്രത്യേകം നിലകൊള്ളുന്നു.

സാങ്കേതികവിദ്യാഭ്യാസത്തിന്റെ കാര്യമാത്രമായ ആവശ്യകത വർദ്ധിച്ചുവരുന്ന ഈകാലയളവിൽ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ഏക തൊഴിലധിഷ്ഠിത കലാലയമായ പോളിടെക്നിക്ക് ഒരു മുതൽകൂട്ടാണ്.

അനൗപചാരിക വിദ്യാഭ്യാസ മേഖലയിൽ ദേശീയ പ്രസ്ഥാനം നവോത്ഥാന പ്രസ്ഥാനം ഇവയുമായി ബന്ധപ്പെട്ട് വളർന്നു വന്ന ആശാൻ കളരികൾ നാടൻ കലാ സമിതികൾ വായനശാലകൾ ഗ്രന്ഥാലയങ്ങൾ എന്നിവ വിദ്യാഭ്യാസ കാര്യത്തിൽ മുന്നിട്ടുനിൽക്കുന്നു സാക്ഷരതാ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ പ്രശംസാർഹമാണ് നവ സാക്ഷരരുടെ തുടർസാക്ഷരതയും ജനവിദ്യാകേന്ദ്രങ്ങളും ഭംഗിയായി നടക്കുന്നു. 1995ൽ എറണാകുളം ജില്ലയിൽ നവസാക്ഷരർക്കുവേണ്ടിനടത്തിയ കണ്ടൻസ്ഡ് കോഴ്സ് പരിക്ഷയിൽ പിണ്ടിമന പഞ്ചായത്തിൽനിന്നും പങ്കെടുത്ത നാല് പേരും പാസായി എന്നത് പ്രത്യേകം അഭിനന്ദനീയമാണ്.

അക്കാതമിക്ക് നിലവാരം പോളിടെക്കനിക്ക് പിണ്ടിമമന

നമ്പർ ക്ലാസുകഴ വർഷം	1994 —1995	വിജയ സതമാനം
1. സിവൽ ഡിപ്ലോമ		64%
2 മെക്കാനിക്കൽ ഡിപ്ലോമ		46×
3. ഇലട്രോണിക്ക് ഡിപ്ലോമ		39%



9.5. അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് — ജോസഫൈൻ എൽ.പി.സ്കൂൾ വേട്ടാമ്പാറ

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94 - 95	95-96
1	2	3	4	5	6	7	8	9	10	11	12
3	25	4	1	1	7	12					
4	27	5	4	2	4	12					
5											
6											
7											
8											
9											
10											
S.S.L.C പരീക്ഷ എഴുതിയവർ											

9.5.അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് **Fathima Matha U.P.S. Malippara**

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94 - 95	95 - 96
1	2	3	4	5	6	7	8	9	10	11	12
3	62	18	8	20	7	9					
4	62	15	9	18	9	11					
5	87	12	13	24	18	20					
6	90	18	26	13	20	16					
7	100	21	10	24	18	27					
8											
9											
10											
S.S.L.C പരീക്ഷ എഴുതിയവർ											

9.5. അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് — ഗവ. U.P.S.ചെങ്കര

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94 - 95	95 - 96
1	2	3	4	5	6	7	8	9	10	11	12
3	35	5	10	5	5	10					
4	40	8	7	10	5	10					
5	28	5	8	3	2	10					
6	27	4	5	9	2	7					
7	53	15	12	15	5	6					
8											
9											
10											
S.S.L.C പരീക്ഷ എഴുതിയവർ											

9.5.അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് — ഗവ. U.P.S.പിണ്ടിമന

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94 - 95	95- 96
1	2	3	4	5	6	7	8	9	10	11	12
3	31	2	2	10	10	5					
4	51	5	6	30	6	2					
5	41	10	15	10	2	3					
6	59	12	25	20	1	1	-				
7	56	8	12	20	15	1	-				
8 9 10 S.S.L.C പരീക്ഷ എഴുതിയവർ											

9.5.അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് — ആത്താനിയ്ക്കൽ യു.പി.എസ്

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92 കൂടുതൽ നേടുന്നവർ	92- 93	93 - 94	95 - 96	97 - 98
1	2	3	4	5	6	7	8	9	10	11	12
3	57	7	10	25	10	5	1				
4	56	6	10	25	10	2	3				
5	58	5	12	30	5	3	3				
6	66	6	10	25	10	5	10				
7	69	6	15	30	10	2	6				
8											
9											
10											
S.S.L.C പരീക്ഷ എഴുതിയവർ											

9.5.അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര് - **N.S.S.U.P. School Thrikkariyoor**

ക്ലാസ്സ്	ആകെ	കുട്ടികളുടെ പൊതു നിലവാരം					S.S.L.C വിജയശതമാനം				
		30%താഴെ കുട്ടികൾ	30 - 40 മാർക്കു നേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60%ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94- 95	95 - 96
1	2	3	4	5	6	7	8	9	10	11	12
3	61	15	20	12	8	6					
4	85	14	15	30	18	8					
5	74	28	13	11	12	10					
6	144	50	35	20	14	15					
7	124	60	30	12	10	12					
8											
9											
10											
S.S.L.C പരീക്ഷ എഴുതിയവർ											

അക്കാദമിക് നിലവാരം

(പഞ്ചായത്തു തല ക്രോഡീകരണം) ഹൈസ്കൂൾ

ക്ലാസ്സ്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതു നിലവാരം						S.S.L.C വിജയശതമാനം			
		30% താഴെ കുട്ടികൾ	30 - 40 മാർക്കു തേടുന്നവർ	40 - 50 ശതമാനം നേടുന്നവർ	50 - 60 ശതമാനം നേടുന്നവർ	60% ത്തിൽ കൂടുതൽ നേടുന്നവർ	91 - 92	92- 93	93 - 94	94 - 95	95 - 96
1	2	3	4	5	6	7	8	9	10	11	12
3											
4											
5											
6											
7											
8	225	62	58	42	29	34					
9	202	19	51	60	33	39					
10	166	28	51	28	23	36					
							93%	94%	94%	90%	95%

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് ജോസഫൈൻ എൽ.പി.സ്കൂൾ വേട്ടാമ്പാറ

സ്റ്റാന്റേർഡ്	ആകെ കുട്ടികൾ			SCകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	അൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആൺ	പെൺ	ആകെ		
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	15	15	30	2	0	2	-	-	-	-	-	-	-	-	-	-	-	-	-
II	11	7	18	0	1	1	-	-	-	1	1	2	-	-	-	0	1	1	1
III	11	14	25	1	0	1	-	-	-	0	2	2	-	-	-	-	-	-	-
IV	16	11	27	0	2	2	0	1	1	1	0	1	-	-	-	-	-	-	-
V																			
VI																			
VII																			
VIII																			
IX																			
X																			
ആകെ	53	47	100	3	3	6	-	1	1	2	3	5	-	-	-	-	1	1	1

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്
9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് ഫാത്തിമ മാതാ U.P.S മാലിപ്പാറ

സ്റ്റാന്റേഡേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	30	34	64	4	1	5	-	-	-	0	-	-	-	-	-	1	0	1	1
II	30	32	62	4	2	6	1	0	1	2	1	3	-	-	-	3	6	9	9
III	27	32	59	3	0	3	Nil	Nil	Nil	1	3	3	-	-	-	6	3	9	9
IV	38	24	62	3	6	9	1	0	1	5	0	5	1	0	1	1	0	1	2
V	48	39	87	7	1	8	Nil	Nil	Nil	4	0	4	-	-	-	3	0	3	3
VI	42	47	89	3	5	8	-	-	-	7	2	9	2	0	2	3	0	3	5
VII	52	48	100	2	4	6	0	1	1	11	6	17	0	1	1	2	1	3	4
VIII																			
IX																			
X																			
ആകെ			523																

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്
9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് ഗവ.യൂ.പി.സ്കൂൾ, ചെങ്കര

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	അൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	17	11	28	2	2	4	-	-	-	-	-	-	-	-	-	3	1	4	4
II	19	14	33	2	0	2	-	-	-	1	0	1	1	0	1	1	0	1	2
III	18	17	35	5	3	8	1	0	1	0	2	2	-	-	-	1	0	1	1
IV	24	16	40	5	5	10	1	0	1	0	2	2	1	0	1	1	0	1	2
V	19	9	28	3	1	4	-	-	-	1	0	1	1	0	1	1	0	1	2
VI	15	12	27	3	1	4	-	-	-	1	0	1	2	0	2	2	1	3	5
VII	26	27	53	3	4	7	1	0	1	6	1	7	2	0	2	2	0	2	4
VIII																			
IX																			
X																			
ആകെ	138	106	244	23	16	39	3	0	3	9	5	14	7	0	7	11	2	13	20

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്
9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് ഗവ.യു.പി.സ്കൂൾ, പിണ്ടിമന

	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						
സ്റ്റാന്റേർഡ്							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	11	14	25	1	4	5	-	-	-	-	-	-	-	-	-	1	-	1	1
II	15	14	29	-	3	3	-	-	-	-	-	-	-	-	-	-	-	-	-
III	15	16	31	1	4	5	-	-	-	1	-	1	-	-	-	-	-	-	-
IV	27	24	51	6	7	13	-	-	-	2	-	2	-	-	-	-	-	-	-
V	24	17	41	3	2	5	-	2	2	2	-	2	-	-	-	-	-	-	-
VI	32	27	59	6	2	8	-	-	-	4	1	5	-	-	-	-	-	-	-
VII	37	19	56	7	5	12	4	-	4	4	1	5	-	-	-	-	-	-	-
VIII																			
IX																			
X																			
ആകെ	161	131	292	24	27	51	4	2	6	13	2	15	-	-	-	1	-	1	1

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് ആത്താണിക്കൽ യു.പി.സ്കൂൾ പിണ്ടിമന.

സ്റ്റാന്റേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	അൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	33	28	61	0	5	5	0	0	0	-	-	-	-	-	-	4	3	7	7
II	37	21	58	4	1	5	1	1	2	2	1	3							
III	34	23	57	2	4	6	1	0	1	4	-	5							
IV	21	35	56	2	2	4	0	1	1	1	2	3							
V	26	32	58	3	3	6	1	0	1	1	1	2							
VI	37	29	66	2	6	8	0	1	1	4	2	6							
VII	41	28	69	6	2	8	0	0	0	5	3	8							
VIII																			
IX																			
X																			
ആകെ	229	196	425	19	23	42	3	3	6	17	9	26							

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്
9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര് N.S.S.U.P School Thrikkariyoor

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I	31	29	60	4	2	6	-	-	-	-	-	-	1	-	1				
II	39	35	74	3	3	6	-	-	-	3	1	4				2	2	4	4
III	32	29	61	-	-	-	-	-	-	2	-	2							
IV	30	55	85	4	5	9	1	0	1	-	-	-							
V	44	30	74	8	3	11	1	0	1	-	1	1							
VI	80	64	144	9	2	11	4	-	4	5	3	8				1	-	1	1
VII	66	58	124	7	6	13	1	-	1	7	8	15							
VIII																			
IX																			
X																			
ആകെ	322	300	622	35	21	56	7	0	7	17	13	30	1	-	1	3	2	5	6

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്

9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

As on 6th Working Day 96-97

സ്ക്കൂളിന്റെ പേര് — T.V.J മെമ്മോറിയൽ H.S. പിണ്ടിമന

സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	അൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
I																			
II																			
III																			
IV																			
V																			
VI																			
VII																			
VIII	115	113	228	13	14	27	2	2	4	16	14	30	-	-	2	1	3		
IX	121	82	203	8	84	12	2	1	3	16	12	28			6	2	8		
X	94	75	169	4	6	10	-	-	-	-	-	-	-	-	-	-	-		
ആകെ	330	270	600	25	24	49	4	3	7	32	26	58	-	-	8	3	11		

അനുബന്ധം— 9

പിണ്ടിമന . . . . . .ഗ്രാമപഞ്ചായത്ത്
9.1 കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

As on 6th Working Day 96-97

Govt. Poly technic, Kothamangalam

	ആകെ കുട്ടികൾ			SC/STകുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിർത്തിയവർ						
സ്ട്രാന്റ് ഡേർഡ്							SC/STകുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ മൊത്തം എണ്ണം
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	അൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17	18	19	20
3year diploma in civil Mech Elect	187	79	266	SC-9 ST-2	SC-4 SC ST	13 2 15													
ആകെ																			

N.S.S.U.P. School, Thrikkariyoor. പഠനം നിർത്തിയ കുട്ടികളുടെ വിവരങ്ങൾ (1991--92 to 1995--96)

സ്റ്റാൻഡേർഡ്	1991 - 92							1992 - 93							1993 - 94							1994 - 95							1995 - 96							പഠനം നിർത്തിയ ആകെ എണ്ണം
	SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം	SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം	SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം	SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം	SC/ST കുട്ടികൾ			മറ്റുള്ളവർ			പഠനം നിർത്തിയവരുടെ ആകെ എണ്ണം	
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
I									1	1	4	6	10	11					2	2	4				4	1	1	1									
II				2	-	2	2		1	1			1												3	3	3										
III		1	1		1	1	2		1	1			1																								
IV																									1	1	1										
V																			1	1	1				1	1	1										
VI					1	1	1				1	3	4	4											2	2	4	4									
VIII				4	2	6	6				2	1	3	3					1	1	1				2	1	3	3				2		2	2		
ആകെ		1	1	6	4	10	11		3	3	7	10	17	20				2	4	6	6				8	5	13	13				2		2	2		

പ്രശ്നങ്ങൾ

1. വിദ്യാലയങ്ങളിലേക്കുള്ള ദൂരക്കൂടുതൽ
2. ദൃശ്യ–ശ്രവണ മാധ്യമ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത
3. സ്കൂളിലെ ഉച്ച ഭക്ഷണ വിതരണത്തിലുള്ള പോരായ്മകൾ
4. തുടർ സാക്ഷരതാ പ്രവർത്തന അപര്യാപ്തത
5. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മകൾ
6. ഭൗതിക വളർച്ചക്കുവേണ്ട സൗകര്യങ്ങളുടെ അഭാവം
7. വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു
8. സമീപസ്ഥനഗരങ്ങളിലെ അൺ എയിഡഡ് സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പ്രവാഹം പൊതു വിദ്യാലയങ്ങളുടെ ഭാവിയെ ബാധിക്കുന്നു
9. പി.ടി.എ. പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല
10 ശിശു വിദ്യാഭ്യാസ സൗകര്യത്തിന്റെ അഭാവം
11 അംഗൻവാടികളുടെ പ്രവർത്തനം ഫലവത്തല്ല
12 തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത

പരിഹാര നിർദ്ദേശങ്ങൾ

— സിലബസ് പരിഷ്കരിക്കുക തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ കൊടുക്കുക

— കലാ കായിക രംഗങ്ങളിൽ ഗണ്യമായ പ്രാധാന്യം നൽകുക

— എൽപി സ്കൂളിനോടനുബന്ധിച്ച് പ്രീ പ്രൈമറി ക്ലാസ്സുകൾ സംഘടിപ്പിക്കുക

— ഉച്ച ഭക്ഷണ പദ്ധതി കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക

— ആധുനിക വിദ്യാഭ്യാസ ബോധന മാധ്യമങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കുക

— പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിൽ ഊന്നി മാത്രം നടത്തുക

— ശുദ്ധ ജല വിതരണവും പോഷകാഹാര വിതരണവും കാര്യക്ഷമമാക്കുക

— സ്കൂളുകളുടെ അറ്റ കുറ്റ പണികളും ഗ്രാൻറും കാലാകാലങ്ങളിൽ നൽകുകയും കാലാനുസൃതമായി വർദ്ധിപ്പിക്കുകയും ചെയ്യുക

— കുട്ടികളുടെ ലംപ്സം ഗ്രാൻറും സ്കോളർഷിപ്പും കാലാനുസൃതമായി വർധിപ്പിക്കുക

— പ്രമോഷൻ സമ്പ്രദായം പരിഷ്കരിക്കുക

— സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ വർധിപ്പിക്കുക

— സ്കൂളുകളിൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്തുക

— പഠന യാത്രകൾക്ക് പ്രോത്സാഹനവും സഹായവും നൽകുക

— അച്ചടക്കം കർശനമാക്കുക

— വായനശാലകൾ, ഗ്രന്ഥാലയങ്ങൾ, പത്രമാധ്യമങ്ങൾ എന്നീ മേഖലകളുടെ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക

— നവസാക്ഷരർക്ക് വൈദഗ്ധ്യ പോഷണത്തിന് സ്വയംതൊഴിൽ പദ്ധതികൾക്ക് രൂപം കൊടുക്കുകയും സാമ്പത്തിക സഹായം ഉറപ്പു വരുത്തുകയും ചെയ്യുക.

—അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 എന്ന് ഉറപ്പ് വരുത്തുക

— പഠന നിലവാരം വിലയിരുത്താൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുകയും സ്കൂൾ വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ഗ്രാമ പഞ്ചായത്തിന് റിപ്പോർട്ട് നൽകുകയും ചെയ്യുക.

—സ്കൂൾ മാതൃ സംഗമം, പിടിഎ, പൂർവ വിദ്യാർഥി സംഘടന എന്നിവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക

—സാക്ഷരതാ പ്രവർത്തനം, പബ്ലിക് ലൈബ്രറി പ്രവർത്തനം, അംഗൻവാടി തുടങ്ങിയ അനൗപചാരിക വിദ്യാഭ്യാസമേഖല എന്നിവ പരസ്പരം കൂട്ടിയിണക്കുക.

—പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് നടപ്പാക്കുക

—

— എൽ.പി. സ്കൂളുകളിൽ പ്യൂണിനെ നിയമിച്ചും യു.പി. സ്കൂളുകളിൽ ക്ലാർക്കിനെ നിയമിച്ചും പ്രവർത്തനം കാര്യക്ഷമമാക്കുക

— പിണ്ടിമന ഇരപ്പുങ്കൽ ഗവ. യു.പി.എസ്. പഴക്കമുള്ള കെട്ടിടങ്ങളുടെ പുനർ നിർമാണം നടത്തുക

— ഗവ. പോളിടെക്നിക്ക് സ്വന്തമായി വാങ്ങിയിട്ടുള്ള സ്ഥലത്ത് കെട്ടിടം പണിത് വാടകക്ക് പ്രവർത്തിച്ചുവരുന്ന കലാലയങ്ങളെ. എത്രയും പെട്ടെന്ന് സ്ഥിര സംവിധാനത്തിലേക്ക് മാറ്റി സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ പ്രോത്സാഹിപ്പിക്കുക.

4—സംസ്കാരം

സാംസ്കാരിക പൈതൃകം

പുരാതനവും പ്രസിദ്ധവുമായ ചരിത്ര പശ്ചാത്തലമാണ് പിണ്ടിമന പഞ്ചായത്തിനുള്ളത് . ഹിന്ദു, ക്രൈസ്തവ മുസ്ലീം മതങ്ങൾ ഈ പഞ്ചായത്തിൽ ഇടകലർന്ന് വസിക്കുന്നു. മതസൗഹാർദ്ദത്തിന് പ്രസിദ്ധമായ പ്രദേശമാണിത് . ചില ചരിത്രകാരന്മാർ ഈ പ്രദേശത്തെ ആദ്യത്തെ ചേരരാജാക്കന്മാരുടെ തലസ്ഥാനമായി കണക്കാക്കുന്നു. ഈ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻ കെട്ടും പ്രസിദ്ധമായ തൃക്കാരിയൂർ ശിവക്ഷേത്രവും പരസ്പര ബന്ധമുള്ളതായി ഐതിഹ്യങ്ങളിൽ പറയപ്പെടുന്നു. ഈ പഞ്ചായത്തിൽ

1. ആയക്കാട് ശ്രീ ശിവക്ഷേത്രം

2.ആയിരൂർപാടം ശ്രീധർമ്മശാസ്താക്ഷേത്രം.

3. ശ്രീ ചിറ്റേക്കാട്ട് കാവ് ഭഗവതീക്ഷേത്രം

4.കുറുമറ്റം ശ്രീ കോട്ടേക്കാവ് ഭഗവതീ ക്ഷേത്രം

5.അമ്പോലിക്കാവ് ശ്രീഭഗവതി ക്ഷേത്രം

6.ആയക്കാട് മതിലെപറമ്പ് ശ്രീ ശിവക്ഷേത്രം എന്നീ

ഹൈന്ദവാരാധനാലയങ്ങളും കൂടാതെ കുടുംബവകയായ നിരവധി സർപ്പകാവുകളും ഉണ്ട്

1. സെൻറ്മേരീസ് ചർച്ച് മാലിപ്പാറ

2. സെൻറ്ജോർജ്ജ് ചർച്ച്, കുളങ്ങാട്ടുകുഴി

3.സെൻറ്ജോൺസ് ചർച്ച്, പിണ്ടിമന

4.സെൻറ്തോമസ് ചർച്ച്, അയിരൂർപാടം

5.മാർതോമ്മ ചർച്ച് ആയക്കാട്

6. സെൻറ്തോമസ് ഇവാൻജലിക്കൽ ചർച്ച്, ആയക്കാട്

എന്നീ ക്രൈസ്തവ അരാധനാലായങ്ങളും

1.ആമല ഐരൂർ മുസ്ലിം ജുമാഅത്ത്

2.മസ്ജിദ് നൂർ

3.ആയക്കാട് മുഹയുദ്ദീൻ ജുമാഅത്ത്

4. വെറ്റിലപ്പാറ മുസ്ലിം ജുമാഅത്ത്

5. ഭൂതത്താൻ കെട്ട് മുസ്ലിം ജുമാഅത്ത്

എന്നീ മുസ്ലീം അരാധനാലയങ്ങളും ഉണ്ട്.

പ്രസ്തുത അരാധനാലയങ്ങളോട് അനുബന്ധിച്ചുള്ള ഉത്സവങ്ങളും പെരുന്നാളുകളും മറ്റാഘോഷങ്ങളും ജാതിമത ഭേദമന്യേ സഹകരിച്ചു നടത്തി വരുന്നു. മൂന്ന് മതങ്ങളിൽ മുസ്ലീം മതസ്ഥർ മറ്റുള്ളവരെ അപേക്ഷിച്ച് കുറവാണ്. ശാസ്ത്രസാങ്കേതികരംഗത്തിന്റെ ഉയർച്ചയിൽ ഈ പഞ്ചായത്ത് ഒപ്പം നിൽക്കുന്നുണ്ടങ്കിലും നാടൻ കലാരീതികളെ ഒട്ടും തന്നെ അവഗണിക്കുന്നില്ല. ഇലക്ട്രോണിക്ക് മാദ്ധ്യമങ്ങളുടെയും; വീഡിയോ യുഗത്തിന്റെ ഇടയിലും ഈ നാടൻകലാരൂപങ്ങളെ സംരക്ഷിക്കുന്നതിൽ നിന്നും ഈ പഞ്ചായത്തിലെ ജനങ്ങളുടെ സംസ്ക്കാരിക പ്രബുദ്ധതയെ ഉയർത്തിക്കാണിക്കുന്നു. അക്ഷരാഭ്യാസത്തിൽ സമ്പന്നമായ ഈ നാട് വയനാശീലത്തിൽ മുമ്പിലാണ്.

പിണ്ടിമന പഞ്ചായത്തിലുൾപ്പെടുന്ന ഭൂപ്രദേശം ഒരു കാലത്ത് ഒരു മനയുടെ അധീനതയിലായിരുന്നു എന്നും , പിൽക്കാലത്ത് കർത്താക്കന്മാർ മുഖേന പലർക്കായി ഈ ഭൂവിഭാഗങ്ങൾ വിഭജിച്ച് നൽക്കുകയാണുണ്ടായതെന്നും അനുമാനിക്കപ്പെടുന്നു. പിണ്ടിമന എന്ന സ്ഥലനാമത്തിന്റെ ഉത്ഭവം ഇതിൽ നിന്നുണ്ടായതാണെന്ന് കരുതപ്പെടുനു. തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തൊടനുബന്ധിച്ച് ഒരു ഹെന്ദവസംസ്ക്കാരം നിലനിന്നിരുന്നു. (കർത്താക്കന്മാരുടെ കോട്ടയുണ്ടായിരുന്ന സ്ഥലമായ കോട്ടപ്പടി പിണ്ടി മനയുടെ സമീപസ്ഥ പഞ്ചായത്താണ്.)

കോതമംഗലം കേന്ദ്രമാക്കിയ ക്രൈസ്തവ സംസ്ക്കാരത്തിന്റെ സ്വാധീനവും ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഏറെ പഴക്കമുള്ള മുസ്ലീംസംസ്ക്കാരവും ഇവിടെയുണ്ട്. പഴയ ആലുവ – മുന്നാർ റോഡ് ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ കൂടികടന്നു. പോകുന്നു

ഈ പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന തൃക്കാരിയൂർ മഹാദേവക്ഷേത്രം കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് ഇതിഹാസപരമായി ഈ ക്ഷേത്രത്തിന് ഒരു സ്ഥാനം കൂടി ഉണ്ട് അനേക വർഷങ്ങൾക്കുമുമ്പ് പരശുരാമനാൽ പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രമാണ് ഇതെന്ന് പറയപ്പെടുന്നു. പരശുരാമ പാദസ്പർശനങ്ങളാൽ സമ്പന്നമായ ഈ പ്രദേശം ക്ഷേത്രാചാരകലകളുടെയും മറുനാടൻ കലകളുടെയും പ്രാദേശിക കേന്ദ്രമാണ് എന്നു പറയുന്നതിൽ തെറ്റില്ല. ഈക്ഷേത്രത്തോടനുബന്ധിച്ച് ഇവിടെ സമ്പന്നമായ ഒരു ഹിന്ദുസംസ്ക്കാരം നിലനിന്നിരുന്നു. അത് ഇപ്പോഴും തനതുപോലെ നലനിന്നു പോകുന്നു. ഈ പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിലൂടെ നമ്മുടെ കേരളത്തിന്റെ പ്രധാന നദികളിലൊന്നായ പെരിയാർ ഒഴുകുന്നു. ആയതിനാൽ പെരിയാറിന്റെ സാന്ത്വനമായ തലോടൽ പഞ്ചായത്തിനെ സമ്പന്നമാക്കുന്നു. ഈ നദിയിലെ ഭൂതത്താൻകെട്ട് അണക്കെട്ട് കൃഷിസാംസ്ക്കാരിക രംഗത്തെ നാഴികക്കല്ലാണ്. കേരളാ സർക്കാറിന്റെ ഏറ്റവും വലിയ ജലസേചന പദ്ധതികളിലൊന്നായ പെരിയാർ വാലി ഇറിഗേഷൻ പ്രൊജക്ട് ഈ ഭൂതത്താൻ കെട്ടിനോട് അനുബന്ധിച്ചുള്ളതാണ്.

കൃത്രിമ അണക്കെട്ടല്ലാതെ ഇവിടെ പഴയ ഭൂതത്താൻ കെട്ട് എന്ന ഒരു പ്രകൃതിദത്തമായ അണക്കെട്ടുകൂടി ഉണ്ട്. ഇതിന് പിന്നിൽ ഒരു ഐതിഹ്യം കൂടി ഉള്ളതായി പറയപ്പെടുന്നു. ഇതിന്റെ പിന്നിലെ കഥ ഇങ്ങനെ അറിയപ്പെടുന്നു. തൃക്കാറിയൂർ മഹാദേവനെ ജനങ്ങൾ അതീവവിശ്വാസത്തോടെ ഭജിക്കുന്നത് കണ്ട് അസൂയാലുക്കളായ ഭൂതത്താന്മാർ ഈ പ്രദേശത്തെ മുഴുവൻ വെള്ളത്തിൽ മുക്കി നശിപ്പിക്കുന്നതിന് ഒരു രാത്രി കൊണ്ട് പണിത് അണക്കെട്ടുണ്ടാക്കുവാൻ പണി ആരംഭിച്ചു., പക്ഷേ അവർക്കത് പൂർത്തീകരിക്കാൻ സാധിച്ചില്ല. കാരണം ൯൯ രാത്രിയിൽ തീർക്കാനുദ്ദേശിച്ചിരുന്ന ഇത് പാതിരാത്രിയിൽ തൃക്കാരിയൂർ മഹാദേവൻ കോഴിരൂപം പുണ്ട് വന്നു കൂവിയപ്പോൾ നേരം വെളുക്കാൻ പോകുന്നതായികരുതി ഭൂതത്താന്മാർ ഓടീ രക്ഷപെട്ടു. ആ ഭാഗത്തിന് ഇന്നും കെട്ടുവാതിൽ എന്നറിയപ്പെടുന്നു ഭൂതത്താൻ കെട്ട് എന്നുള്ള പേരിന്റെ ഉത്ഭവം ഇതിൽ നിന്നാണ്

ഈ പഞ്ചായത്തുൾപ്പെട്ട കോതമംഗലം താലൂക്കിൽ ചരിത്രപ്രധാനമായ കോതമംഗലം ചെറിയപള്ളി സ്ഥിതചെയ്യുന്നു. ഈ പള്ളിയിലാണല്ലോ വിശുദ്ധ മാർബസ്സേലിയോസ്സ് ബാവയുടെ കബറ് സ്ഥിതിചെയ്യുന്നത്. ഇവിടെ അതിപുരാതനമായ ഒരു ക്രൈസ്തവൻ സംസ്ക്കാരം നിലനിന്നിരുന്നതായി കോതമംഗലം വലിയപള്ളിയുടെ പ്രായം വെളിപ്പെടുത്തുന്നു. ഈ പള്ളിക്ക് 1300ൽ പരം വർഷത്തെ പഴക്കമുള്ളതായി പറയപ്പെടുന്നു. അതുകൊണ്ട്, അതിപുരാതനകാലം മുതലേ, ക്രൈസ്തുമതം ഉള്ളതായിസൂചിപ്പിക്കപ്പെടുന്നു. മിഷനറിമാരുടെ പ്രവർത്തനം ഈ പഞ്ചായത്തിന്റെ സാംസ്കാരിക നിലവാരം ഉയർത്തുന്നതിന് വളരെ ഏറെ ഉതകിയിട്ടുണ്ട്

.

ഈ പഞ്ചായത്തിന്റെ പലഭാഗത്തായി മുസ്ലീം മതസ്ഥർ താമസിച്ചുവരുന്നു ഇക്കൂട്ടർ മറ്റുകേന്ദ്രങ്ങളിൽനിന്നും വ്യാപാര ആവശ്യങ്ങൾക്കായി വന്ന് കുടിയേറിപാർത്തിട്ടുള്ള വരാണ്

രാജകൊട്ടാരങ്ങളിലും സവർണരുടെ മേടകളിലും മാത്രം അവതരിപ്പിക്കുവാൻ അനുവദിക്കപ്പെട്ടിരുന്ന ശ്രേഷ്ഠകലയായ കഥകളി 1912ൽ പിണ്ടിമനയിലെ പുരാതന കുടുംബമായ പുത്തൻ പുരയിലെ കുടുംബാംഗങ്ങൾ സംഘടിപ്പിക്കുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. നവോത്ഥാന പ്രവർത്തനങ്ങളിൽ ഈ പ്രദേശത്തുള്ള വരുടെ താത്പര്യം ഇതിൽ നിന്നും വ്യക്തമാണ്

ഇന്ത്യ– ചൈനയുദ്ധകാലത്ത് ഈ പഞ്ചായത്തിലെ ചെമ്മീൻകുത്ത് ആസ്ഥാനമായി "വില്ലേജ് ഡീഫെൻസ് ഫോഴ്സ്" എന്ന ഒരു സംഘടന രൂപീകരിക്കയും ദേശസ്നേഹികളായ ഒട്ടേറെ ആളുകൾ രാജ്യസുരക്ഷക്കുവേണ്ടി പ്രവർത്തിക്കയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണസാക്ഷാരതായജ്ഞത്തിൽ 100% സാക്ഷരത കൈവരിച്ച ഈ പഞ്ചായത്ത് മറ്റുപഞ്ചായത്തുകളേക്കാൾ മുന്നിട്ടുനിന്നു. വിദ്യാലയങ്ങളും, വായനാശാലകളും കൊണ്ട് സമ്പന്നമായ ഈ പഞ്ചായത്തിൽ ഒരു സാങ്കേതികവിദ്യാലയവും , ഒരു ഹൈസ്കൂളും അഞ്ച് യുപി. സ്ക്കൂളുകളും, ആറ് എൽ.പി. സ്ക്കൂളുകളും 5 ഗ്രന്ഥാലയങ്ങളും ഉണ്ട്. 6 വായനശാലകളും പത്തോളം വരുന്ന Arts & Sports ക്ലബുകളും ഉണ്ട്. ഇവിടെ 80% ആൾക്കാർ ദിനപ്പത്രം വായിക്കുന്നവരും അതിൽ 30 ശതമാനത്തോളം സ്ത്രീകളും ആകുന്നു. ഏകദേശം 50% ജനങ്ങൾ മറ്റ് അനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കുന്നവരുമാകുന്നു ഇവിടെ അംഗൻവാടികളും , നേഴ്സറി സ്ക്കൂളുകളും പരമ്പരാഗത കളരികളും, ശിശുവിദ്യാഭ്യാസത്തെ സമ്പന്നമാക്കുന്നു.

കലാ–സാഹിത്യ – സാംസ്ക്കാരിക വിഷയങ്ങൾക്ക് ഊന്നൽ കൊടുത്ത് കൊണ്ടു് ഈ പഞ്ചായത്തിലെ മാലിപ്പാറ നിന്നും ഒരു ലഘുമാസിക പ്രസിദ്ധീകരിച്ചു വരുന്നു.

പഞ്ചായത്തിന്റെ കായികസംസ്കാരം പ്രത്യേകം ശ്രദ്ധപതിയുന്ന മേഖലയാണ് വോളിബോൾ ഫുട്ബോൾ ക്രിക്കറ്റ്, നാടൻ കളികൾ മുതലായവയിൽ നമ്മുടെ പഞ്ചായത്ത് സുതൃർഹമായ സ്ഥാനം കരസ്ഥമാക്കിയിട്ടുണ്ട് പഞ്ചായത്തിലുള്ള സ്ക്കൂൾ കളിസ്ഥലങ്ങൾ, പഞ്ചായത്ത് മിനിസ്റ്റേഡിയം മുതലായവയാണ് പൊതുകളിസ്ഥലങ്ങൾ കായികരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തവും ശ്രദ്ധാർഹമാണ് കഴിഞ്ഞ പതിനൊന്നു വർഷമായി കലാമത്സരങ്ങളിൽ തുടർച്ചയായി ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കുന്ന ഫാത്തിമാ മാതാ യൂ. പി. സ്ക്കൂൾ കായിക രംഗത്തും മുതൽക്കൂട്ടാണ്.

നാടൻ കലകളിൽ ജനങ്ങൾക്കുള്ള മികവും താത്പര്യവും ഈ പഞ്ചായത്തിൽ ശ്രദ്ധേയമാണ്.

പ്രശ്നങ്ങൾ:

കോളനികളിൽ സാംസ്കാരിക സ്ഥാപനങ്ങളുടെ അപര്യാപ്തത

മഹിളാ സമാജങ്ങളുടെയും ആർട്സ് & സ്പോട്സ് ക്ലബ്ബുകളുടേയും പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിന്റെ കുറവ്

ഗ്രന്ഥ ശാലകൾക്ക് നിലവിലുള്ള ഗ്രാന്റ് കളുടെ കുറവ്

നാടൻ കലാ രൂപങ്ങളുടെ വളർച്ചക്കാവശ്യമായ ബോധവത്കരണ ക്ലാസുകളുടെ ഇല്ലായ്മ

ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ അതിപ്രസരം

അനാചാരങ്ങളും അന്ധവിശ്വാസങ്ങളും

സ്ത്രീകളോടുള്ള സമീപനത്തിലെ അധഃപതനം

തനത് കലകളുടെ നാശം .

വിവഹാദിചടങ്ങുകളിലെ വർധിച്ചുവരുന്ന ആർഭാടം.

അശ്ലീല സിനിമകളുടെ അതിപ്രസരം

അസാന്മാർഗിക പ്രവർത്തനങ്ങളുടെ മേഖലകൾ

നിർദേശങ്ങൾ

സ്കൂൾ ലൈബ്രറി പബ്ലിക്ക് ലൈബ്രറി, മഹിളാ സമാജങ്ങൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

കോളനികളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

യുവജനങ്ങളുടെ മാനസികവും കായികവുംമായ വളർച്ചക്ക് ഉതകുന്ന കരാട്ടേ, ജിംനേഷ്യം, കളരി കേന്ദ്രങ്ങളുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.

ടൂറിസ്റ്റ് കേന്ദ്രമായ ഭൂതത്താൻ കെട്ട് ജലാശയത്തിൽ വള്ളം കളിയെ പ്രോത്സാഹിപ്പിക്കുക.

ചെങ്കരയിൽ സ്ഥിതിചെയ്യുന്ന ആശ്വാസകേന്ദ്രത്തെ കമ്മ്യൂണിറ്റിഹാളാക്കി മാറ്റുക.

പ്രാദേശിക ഉത്സവങ്ങളും ദേശീയ പ്രാധാന്യമുള്ള ദിനങ്ങളും സമുചിതമായി ആഘോഷിക്കുക.

സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ടെലിവിഷൻ സംവിധാനങ്ങളും കലാസാഹിത്യാദികലകളെ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്രങ്ങളും സ്ഥാപിക്കുക.

പഞ്ചായത്ത് മിനിസ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കുക.

ലൈബ്രറികളുടെ പ്രവർത്തനസമയം വർദ്ധിപ്പിക്കുകയും ലൈബ്രേറിയന്റെ പ്രവർത്തനങ്ങൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ച് നൽകുകയും ചെയ്യുക.

മതസൗഹാർദം വളർത്തുന്നതിനാവശ്യമായ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക

വയോജന വിദ്യാഭ്യാസവും സാക്ഷരതാപ്രവർത്തനങ്ങളും ഊർജ്ജിതപ്പെടുത്തുക.

അന്യം നിന്നുകൊണ്ടിരിക്കുന്ന നാടൻ കലകളെ പുനർജീവിപ്പിക്കുകയും പ്രേത്സാഹിപ്പിക്കുകയും ചെയ്യുക

കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഏർപ്പെടുത്തുക

ഫിലിം സൊസൈറ്റികളുടെ രൂപീകരണം.

അതാത് പ്രദേശങ്ങളിൽ ലഭ്യമായ കളിസ്ഥലങ്ങൾ കണ്ടെത്തി ജനങ്ങൾക്കനുയോജ്യമായ കായിക വേദി ഒരുക്കുക.

വിദ്യാഭ്യാസ ചരിത്രത്തെ കുറിച്ച് പറയുമ്പോൾ മുത്തംകുഴി ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന ഗോവിന്ദൻ ആശാൻ കളരി ആണ് ആദ്യത്തേത്. ഇന്ന് പഞ്ചായത്തിൽ ആറ് എൽപി സ്കൂളുകളും അഞ്ച് യൂപി. സ്കൂളുകളും ഒരു ഹൈസ്കൂളും ഒരു സാങ്കേതികവിദ്യാഭ്യാസ കേന്ദ്രവും നല്ല നിലയിൽ പ്രവർത്തിക്കുന്ന അനവധി നേഴ്സറി സ്കൂളുകളും ഉണ്ട് .

പഞ്ചായത്തിൽ ആറു പബ്ലിക്ക് ലൈബ്രറികളാണ് ഉള്ളത്.

1. പബ്ലിക്ക് ലൈബ്രറി, ചെമ്മിൻകുത്ത്

2. പബ്ലിക്ക് ലൈബ്രറി, ചെങ്കര

3. പബ്ലിക്ക് ലൈബ്രറി. മാലിപ്പാറ

4. പബ്ലിക്ക് ലൈബ്രറി, വെറ്റിലപ്പാറ

5. പബ്ലിക്ക് ലൈബ്രറി, വേട്ടാംപാറ

6. പബ്ലിക്ക് ലൈബ്രറി, മൂത്തംകൂഴി

ലൈബ്രറികളിൽ പഞ്ചായത്തിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ചത് ചെമ്മീൻ കുത്ത് ലൈബ്രറി ആണ്

ആറ് വായനശാലകളുടേയും പ്രവർത്തനം പഞ്ചായത്തിലെ ജനങ്ങളുടെ വായനാശീലത്തെ പരിപോഷിപ്പിക്കാനും, വിജ്ഞാന രംഗത്തെ പരിപോഷിപ്പിക്കാനും ഒരു പരിധിവരെ സഹായിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തിൽ പത്തോളം ആർട്സ് &സ്പോർട്സ് ക്ലബ്ബുകളുണ്ട്. കലാകായിക രംഗങ്ങളിൽ പുരോഗതി കൈവരിക്കുന്നതിന് ഈ ക്ലബ്ബുകൾ സഹായകമായിട്ടുണ്ട്.

രാഷ്ട്രത്തിന്റെ ശാസ്ത്ര സാങ്കേതികവികസന ത്തോടൊപ്പം ഈ പഞ്ചായത്തും വികസനം കൈവരിച്ചിട്ടുണ്ട്. 75% ആളുകളും ദൂരദർശൻ പ്രക്ഷേപണ വലയത്തിൽപ്പെടുന്നു. 90% ആളുകളും റേഡിയോ ആശ്രദകരുമാണ് ശാസ്ത്രസാങ്കേതികരംഗങ്ങളിൽ ഇത്രയേറെ ഉയർച്ചഉണ്ടായിട്ടും നാടൻ കലാപരൂപങ്ങളോട് ഉള്ള താത്പര്യം ജനങ്ങളിൽ ഉണ്ട്.

ഓണം, റംസാൻ, ക്രിസ്തുമസ് , വിഷു എന്നീ ആഘോഷങ്ങളിൽ ജനങ്ങൾ ജാതിമത ഭേദമന്യേ പങ്കെടുക്കുന്നത് മത സൗഹാർദ്ദത്തിന്റെ ഉത്തമ ഉദാഹരണമാണ്.



'രാഷ്ട്രത്തിന്റെ ആത്മാവ്
കുടികൊള്ളുന്നത്
ഗ്രമങ്ങളിലാണ് '

—മഹാത്മാ ഗാന്ധി

വാർഡ് 1

പ്രശ്നം.

1. ഹരിജൻ കോളനികളിൽ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ അപര്യാപ്തത .
2. നാടൻ കലകളുടെ നിലനിൽപ്പിനുള്ള അന്തിരീക്ഷമില്ലായ്മ
3. ഗ്രന്ഥശാലയുടെ ഫണ്ടിന്റെ കുറവ്.
4. മഹിളാസമാജത്തിന്റെയും, ആട്സ് & സ്പോർട്സ് ക്ലബ്ബിന്റെയും പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ടിന്റെ അപര്യാപ്തത.

നിർദ്ദേശം

1. സ്ക്കൂൾ ലൈബ്രറി പബ്ലിക്ക് ലൈബ്രറി, മഹിളാസമാജം, ആട്സ് & സ്പോർട്സ് ക്ലബ്ബ് എന്നിവ ഊർജ്ജിതമായി പ്രവർത്തിക്കുന്നതിനാവശ്യമായ ഗ്രാൻറുകൾ നൽകുക.
2. കമ്യൂണിറ്റഹാൾ പണിയുക
3. ഹരിജൻ കോളനികളിൽ ടെലിവിൻ സെറ്റുകൾ സ്ഥാപിക്കുക.
4. യുവജനോത്സവത്തിന് പ്രോത്സാഹനം നൽകുക.
5. പരമ്പരാഗത കലകളെ പ്രോത്സാഹിപ്പിക്കുക.

വാർഡ് 2

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. ക്ലബ്ബുകളുടേയും, സമാജങ്ങളുടേയും പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
2. നാടൻ കലാ രൂപങ്ങൾ വളർത്തുന്നതിനാവശ്യമായ പ്രോത്സാഹനം നടത്തുക.

3. ബാലവേദികൾ രൂപീകരിക്കുക.
4. സാംസ്ക്കാരികവും, കായികവും, മാനസികവുമായ ഉന്നമനത്തിനുവേണ്ടി ഭൂതത്താൻ കെട്ട് ജലാശയത്തിൽ വള്ളംകളി ആരംഭിക്കുക.
5. ആശ്വാസ കേന്ദ്രത്തെ കമ്മ്യൂണിറ്റി ഹാളാക്കി ഉപയോഗിക്കാൻ വേണ്ട സംവിധാനം ചെയ്യുക.
6. പ്രാദേശിക ഉത്സവങ്ങളും, സ്വാതന്ത്ര്യദിനം, റിപ്പബ്ലിക്ക് ദിനം, മുതലായവയുടെ പ്രാധാന്യം ജനങ്ങൾക്ക് നൽകുന്നതിന്നും, വരുംതലമുറകൾക്ക് കൈമാറുന്നതിന്നും ആവശ്യമായ നേതൃത്വവും പ്രോത്സാഹനവും വളർത്തി എടുക്കുക.

വാർഡ് 3

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. സാംസ്ക്കാരികനിലയവും, T.V. center ഉം ആരംഭിക്കുക.
2. കലാ സാഹിത്യ രചനാമത്സരങ്ങൾ പഞ്ചായത്തുതലത്തിൽ നടത്തുക.
3. സന്നദ്ധ സംഘടനകളുടെ നേതൃത്വത്തിൽ രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പുകൾ സംഘടിപ്പിക്കുക.

വാർഡ് 4

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. ഗ്രന്ഥശാല ഊർജ്ജിതമായി നടത്തുന്നതിനാവശ്യമായ എല്ലാ വിധ ഗ്രാൻറും, പ്രോത്സാഹനങ്ങളും ഏർപ്പെടുത്തുക,

വാർഡ് 5

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. ലൈബ്രറിയോടനുബന്ധിച്ച് നഴ്സറി സ്ക്കൂൾ ആരംഭിക്കുക.
2. വാർഡിലുള്ള പഞ്ചായത്ത് മിനി സ്റ്റേഡിയത്തിൻെറ പണി പൂർത്തീകരിക്കുക.
3. ലൈബ്രറിയുടെ പ്രവർത്തനസമയങ്ങൾ വർദ്ധിപ്പിക്കയും ലൈബ്രേറിയന് പഞ്ചായത്ത് ഗ്രാൻറ് നൽകുകയും ചെയ്യുക.
4. ലൈബ്രറികളിൽ സ്ത്രീകൾക്ക് മുൻ ഗണന നൽകുക.
5. പഞ്ചായത്തുതലത്തിൽ സാംസ്കാകരിക നിലയവും അതിനോടനുബന്ധിച്ച് T.V.center ഉം ഏർപ്പെടുത്തുക
6. മതസൗഹാർദ്ദം വളർത്തുന്നതിനാവശ്യമായ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുക.
7. പബ്ലിക്ക് ടെലഫോൺ ബൂത്ത് ഏർപ്പെടുത്തുക.

വാർഡ് 6

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. മുത്തംകുഴിയിൽ ഒരു വെയിറ്റിംഗ് ഷെഡ്ഡ് ഉണ്ടാക്കുക.
2. കലാ കായികാദികൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള സമിതിയും, കമ്മ്യൂണിറ്റി ഹാളും ഉണ്ടാക്കുക.

വാർഡ് 7

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. ലൈബ്രറികളിൽ മഹിളകൾക്കും മഹിളാ സമാജങ്ങളിൽ ഹരിജനങ്ങൾക്കും മുൻഗണന ആവശ്യമാണ്.
2. ആത്താണിക്കൽ റേഡിയോ, പുനർപ്രവർത്തനം നടത്തുക
3. പ്രദേശിക ഉത്സവങ്ങളും സാംസ്ക്കാരിക മത്സരങ്ങളും കാര്യക്ഷമാക്കുക.
4. കുട്ടികൾക്ക് പ്രയോജന കരമായ പഠനക്ലാസുകൾ നടപ്പാക്കുക.

വാർഡ് 8

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. ദേശിയ പ്രധാന്യമുള്ള ദിനങ്ങളും ഉത്സവങ്ങളും ഭംഗിയായി ആഘോഷിക്കുന്നതിനാവശ്യമായ ധനസഹായം ലഭ്യമാക്കുക.
2. അമച്വർ നാടക വേദിക്ക് കൂടുതൽ പ്രോത്സാഹനം കൊടുക്കുക (ജാസ് ക്ലബ്)
3. നാടൻ കാലാരൂപങ്ങൾ അഭ്യസിക്കുന്നതിനുള്ള ഒരു സ്ക്കൂൾ തുടങ്ങുകയും , വർഷത്തിലൊരിക്കൽ ഗ്രാമോത്സവം നടത്തുകയും ചെയ്യുക.

വാർഡ് 9

പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ:

1. സാംസ്ക്കാരിക ഉന്നമനത്തിന് തടസ്സമായി നിൽക്കുന്ന അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരേ ബോധവല്ക്കരണ ക്ലാസ്സുകൾ നടത്തുക.
2. സമൂഹത്തിലെ സ്ത്രീകളോടുള്ള സാംസ്ക്കാരിക സമീപനത്തിലെ അധപതനം മാറ്റി എടുക്കുന്നതിനാവാശ്യമായ നേതൃത്വപരിശീലനം നൽകണം

4 പട്ടികജാതി – പട്ടിക വർഗ്ഗക്ഷേമം.

"അക്ഷരമെന്നതറിവീല ചാത്തന്,
യക്ഷിയും പേയുമിവർക്കു ദൈവം
കുക്ഷിയിൽ കൊണ്ട കരിക്കാടിയല്ലാതെ
നിക്ഷേപമായിവർക്കൊന്നുമില്ല:"

ഇങ്ങനെ അക്ഷരാഭ്യാസമില്ലാതെ പ്രാകൃത ദൈവങ്ങളേ മാത്രം ആരാധിച്ച് ഒരു നേരത്തെ ആഹാരം പോലും വയറു നിറച്ചുണ്ണാനില്ലാതെ, ഒരു കരുതലും ഇല്ലാതെ കഴിഞ്ഞു കൂടിയ ചാത്തൻ കേരളത്തിലെ ഹരിജനങ്ങളുടെ പ്രതിനിധിയായിരുന്നു. അവർ ഈ നിലയിലായത് അവരുടെ കുറ്റം കൊണ്ടായിരുന്നില്ല. പണ്ടെങ്ങോ സംഭവിച്ച ഒരു തെറ്റിന്റെ പരിണിത ഫലമായിരുന്നു അയിത്തമെന്നും മറ്റുമുള്ള പേരിൽ ഉപദ്രവിക്കുകയും സമൂഹത്തിൽ കൃഷിപ്പണിക്കു മാത്രമായി നിയോഗിക്കുകയുമായിരുന്നു. അക്കാരണം കൊണ്ടുതന്നെ അവർക്കു സ്ക്കൂളുകളിലും ആശാൻ കളരികളിലും പ്രവേശനമില്ലാതെ വരികയും വിദ്യാഭ്യാസം അവർക്കു നഷേധിക്കപ്പെടുന്നതായിത്തീരുകയും ചെയ്തു.

പിണ്ടിമന ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മൊത്തമുള്ള ജനസംഖ്യയിൽ1/6 ഭാഗത്തോളം ഹരിജനങ്ങളാണ്. ഇവർ സാമൂഹികമായും, സാമ്പത്തികമായും, വളരെ പിന്നോക്കം നിൽക്കുന്നവരാണ്.

70 വയസ്സിനു മുകളിലുള്ളവർ പലരും സ്ക്കൂളിലോ ആശാൻ കളരിയിൽ പോലുമോ പോയിട്ടുള്ളവരല്ല. കാർഷികമേഖലയിലെ ക്രിസ്ത്യൻ , മുസ്ലീം ജനതയുടെ കൂടിയേറ്റത്തോടെയാണ് ഇവരുടെ ജീവിതരീതിക്ക് ചെറിയ മാറ്റം വന്നത്. എന്നാൽ അടിമത്വ ബോധത്തിൽ നിന്ന് വിദ്യാഭ്യാസ മേഖലയിലേക്ക് ഇവരെ കൈപിടിച്ചുയർത്തിയത് 1940 കളിൽ N D P സംഘടനയും ഉൽപ്പതിഷ്ണുക്കളായ വ്യക്തികളുമാണ് പിണ്ടിമന ഗ്രാമ പഞ്ചായത്തിൽ 1 ഏക്കർ കൃഷിഭൂമിയുള്ള ഹരിജനങ്ങൾ ഇല്ല എന്നുതന്നെ പറയാം. 10 സെൻറിൽ കൂടുതൽ ഭൂമി കൈവശമുള്ളവർ വളരെ കുറച്ച് മാത്രമാണ്. 90% 10 സെൻറിൽ താഴെ മാത്രം ഭൂമി ഉള്ളവർ ആണ് . ബഹുഭൂരിപക്ഷവും പട്ടികജാതി കോളനികളിലും, ലക്ഷം വീടുകോളനികളിലും താമസിക്കുന്നവരാണ്. റോഡു പുറമ്പോക്കിലും താമസിക്കുന്നവർ ഉണ്ട്. ഇവർക്കിടയിൽ പാർപ്പിടം തന്നെയാണ് ഏറ്റവും വലിയ പ്രശ്നം. പിണ്ടിമന പഞ്ചായത്തിൽ 14 പട്ടികജാതി കോളനികളും 4 ലക്ഷംവീട് കോളനികളുമാണുള്ളത്.

ലക്ഷം വീട് — പട്ടിക ജാതി — പട്ടിക വർഗ്ഗ കോളനി

കോളനിയുടെ പേര്	വാർഡ്	ആകെ വീടുകൾ	പട്ടിക ജാതി	പട്ടികവർഗ്ഗം ആകെ	ജനസംഖ്യ	പട്ടിക ജാതി	പട്ടിക വർഗ്ഗം.
1 ഇല്ലിത്തണ്ട് കോളനി	1	16	10		160	62	
2. പിച്ചപ്രകോളനി	1	45	15		200		
3. വെള്ളിലാം തൊട്ടി കോളനി	2	17	10		70	4	
4. കൂർപ്പിളിച്ചാൽ കോളനി	3	15	12		65	48	
5. മാലിപ്പാറ 3 സെന്റേറ് കോളനി	3	79	32		413	65	
6. മാലിപ്പാറ 5 ഏക്കർ കോളനി	3						
7. മാലിപ്പാറ കോളനി	3	28	14		146	62	
8. ചെമ്മീൻ കുത്ത് കോളനി	4	15	11		140	65	
9. കിളികുത്തിപ്പാറ	5	15	10		80	52	
10. ഇഞ്ചക്കണ്ടം കോളനി	5	20	12 —		125	50	
11. മുത്തം കുഴി നെടുമലത്തണ്ട്	6	22	12		130	60	
12. ആമല നെടുമലത്തങ്ങ് കോളനി	7						
13. കാവുംപടി കോളനി	6						
14. പുലിമല കോളനി	8	18	14		105	50	
15 പുവാലിമറ്റം കോളനി	8	10	19 —				
16. മുത്തംകുഴി ലക്ഷം വീട് കോളനി	7	44	15	—	180	15	
17 മാലിപ്പാറ ലക്ഷം വീട് കോളനി	4	27	15		100	15	

പ്രശ്നങ്ങൾ

1. ഹരിജൻ കോളനികളിൽ കുടിവെള്ളത്തിനും വൈദ്യുതിക്കും ബുദ്ധിമുട്ടാണ്.
2. പ്രാഥമിക ആവശ്യനിർവ്വഹണ സൗകര്യങ്ങളുടെ അപര്യാപ്തത.
3. ഹരിജൻ കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
4. കാർഷികത്തൊഴിലാളികൾക്ക് തൊഴിൽ കുറഞ്ഞു വരുന്നു.
5. പാർപ്പിട സൗകര്യങ്ങളുടെ അപര്യാപ്തത.
6. ഭൂരഹിതർ ഉണ്ട്
7. വീട് നിർമ്മിക്കാൻ നൽകുന്ന ധനസഹായം അപര്യാപത്മാണ്
8. 9 വാർഡിലും കൂടി ഒരു ശ്മശാനം മാത്രമാണ് പട്ടികജാതിക്കാർക്കുള്ളത്
9. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
10. ആരോഗ്യസംരക്ഷണ രംഗം മെച്ചപ്പെട്ടതല്ല.
11. നിർദ്ധന കുടുബത്തിലെ അഗങ്ങളുടെ ചികിത്സക്കും, പെൺമക്കളുടെ വിവാഹത്തിനും സഹായം ലഭിക്കുന്നില്ല.

1. പട്ടിക ജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ വ്യാജസർട്ടിഫിക്കറ്റുവഴി നഷ്ടപ്പെടാതിരിക്കാൻ നടപടികൾ സീകരിക്കുക.
2. പട്ടിക ജാതി — പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ഇടനിലക്കാരും കമ്മീൻ എജൻറുകളും തട്ടിയെടുക്കാതിരിരിക്കാൻ നടപടി സീകരിക്കുക.
3. പട്ടിക ജാതിക്കാരുടെ ഉന്നമനത്തിന് വേണ്ടി രൂപം കൊണ്ടിട്ടുള്ള സഹകരണ സംഘങ്ങളിൽ നിന്നും രാഷ്ടീയ അതിപ്രസരം ഒഴിവാക്കുക
4. പട്ടിക ജാതിക്കാരിൽ ആത്മാഭിമാനം വളർത്തുന്നതിനും സാമൂഹ്യമായ അവഹേളനം അസവസാനിപ്പിക്കുന്നതിനും സാമൂഹ്യ ബോധവൽക്കരണം നടത്തുക.
5. പായ് നെയ്ത്ത്, കൊട്ട,. പനമ്പ് എന്നിവയുടെ നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അസംസ്കൃത വസ്തുക്കൾ സൗജന്യനിരക്കിൽ ലഭിക്കുന്നതിന് നടപടി സീകരിക്കുയും ചെയ്യുക.
6. കുടിവെള്ള പ്രശ്നം അടിയന്തിരമായി പരിഹരിക്കുക.
7. സഹകരണ മേഖലയിൽ ചെറുകിട വ്യവസായിക യൂണിറ്റുകൾ ആരംഭിക്കുക.
8. അഭ്യസ്ത വിദ്യർക്ക് (പട്ടികജാതി വികസന വകുപ്പ് പട്ടിക ജാതി (കോർപ്പറേഷൻ) വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായ്പയുടെ മാനദണ്ഡം ലഘൂകരിച്ച് മേൽനോട്ടം പട്ടിക ജാതി മെമ്പറുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ കമ്മിറ്റിയെ ഏൽപിക്കുക.
9. വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങുവാൻ ആവശ്യമായ വായ്പ്കൾ ഉദ്ദേശിച്ച കാര്യത്തിന് തന്നെ ഉപയോഗിക്കുന്നോ എന്ന് പരിശോധിക്കുകയും — വായ്പകൾ ദുരുപയോഗം ചെയ്യുന്നത് തടയുകയും ചെയ്യുക.
10. സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതവർദ്ധിപ്പിക്കുന്നതിന് സഹകരണമേഖലയിൽ പായ് നെയ്ത്ത്, റെഡിമെയ്ഡ് യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിന്നു പദ്ധതികൾ ആവിഷ്കരിക്കുക.
11. ഭവനനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക വീട് വയ്ക്കുന്നതോടപ്പം കക്കൂസ് നിർമ്മിക്കുന്നതിനും ധനസഹായം നൽകുക. വീടിൻെറ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് അനുവാദം നൽകുക.
12. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളുടെ മേൽനോട്ടത്തിൽ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
13. ലക്ഷം വീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി കൊടുക്കുക.
14. വീട് പുതുക്കപ്പണിയുന്നതിനും അറ്റകുറ്റ പണികൾക്കും പലിശരഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പാക്കുക.
15. പട്ടികജാതി — ലക്ഷംവീട് കോളനി നിവാസികൾക്ക് ശ്മശാനം അനുവധിക്കുക. നിലവിൽ പട്ടിക ജാതിക്കാർക്കുള്ള ശ്മശാനത്തിന് മതിൽ കെട്ടുക.
16. പട്ടിക ജാതി വികസനവകുപ്പ് നടപ്പിലാക്കി വരുന്ന 3 മുതൽ 5 വരെ പ്രായമുള്ള കുട്ടികൾക്ക് ബാലവാടികളും, നഴ്സറികളും രണ്ടോ, മുന്നോ കോളനിക്കൾക്ക് സംയുക്തമായി രൂപീകരിക്കുക.
17. ബോർഡിംഗ് സ്കൂൾ സ്ഥാപിക്കുക.

18. ബാങ്ക്, പി.എസ്സ്.സി. ടെസ്റ്റ് എഴുതുന്നതിന് പട്ടിക ജാതി— ദുർബല വിഭാഗം കുട്ടികൾക്ക് തലൂക്ക് തലത്തിൽ കോച്ചിംഗ് സെൻറർ ആരംഭിക്കുക.

19. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക

20. പട്ടികജാതി കോളനി — ലക്ഷം വീട് കോളനി എന്നിവയക്ക് വേണ്ടി വായന ശാലകൾ സ്ഥാപിക്കുക.

21. കുടുംബബാദ്ധ്യത ഏറ്റെടുത്ത് പഠനം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടങ്ങുന്നതിന് ആവശ്യമായ സംവിധാനമേർപ്പെത്തുക

22. അഭ്യസ്ത വിദ്യരായവരുടെ സേവനം കോളനികളിലെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

23. ബോധവൽക്കരണത്തിൻെറ ഭാഗമായി കോളനികളിൽ ടി. വി. സെൻററുകൾ സ്ഥാപിക്കുക.

24. പഞ്ചായത്തിലെ ഭൂരഹിത— ഭവനരഹിത പട്ടികജാതിക്കാർക്കും ദുർബല ജനവിഭാ ഗങ്ങൾ ഭൂമിയും പാർപ്പിടവും ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുക.

25. പട്ടികജാതി — പട്ടിക വർഗ്ഗജനവിഭാഗങ്ങളക്ക് നൽകുന്ന ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണ ഭോക്താവിന് തന്നെയാണോ ലഭിച്ചിരിക്കുന്നത് എന്ന് പരിശോധിക്കാൻ ഗ്രാമപഞ്ചായത്ത് പ്രസിഡൻറിൻെറ തേതൃത്വത്തിൽ പട്ടിക ജാതി പ്രതിനിധികൾ ഉൾപ്പെട്ട ഒരു വിജിലൻസ് കമ്മറ്റി രൂപീകരിക്കുക.

26. കോളനികളിൽ കമ്മുണറ്റിഹാൾ നിർമ്മിക്കുക.

27. പട്ടികജാതി — പട്ടികവർഗ്ഗകോളനികളക്ക് അംഗീകാരം ലഭിക്കുന്നതിന് മിനിമം 10 വീട് എന്നത് 5 ആയി അംഗീകരിക്കുക.

28. പത്താംതരത്തിൽ തോറ്റ പട്ടികജാതി പട്ടിക വർഗ്ഗകുട്ടികൾക്ക് തുടർപഠനത്തിനും പരീക്ഷ എഴുതുന്നതിനും ഗ്രാൻറ് അനുവധിക്കുക.

29. കർഷകതൊളിലാളികളായ ദുർബല വിഭാഗത്തിൻെറ കുട്ടികൾക്ക് വേണ്ടി ശിശു സംരക്ഷണ കേന്ദ്രം സ്ഥാപിക്കുക.

30. ഹരിജനങ്ങൾക്ക് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

6. സ്ത്രീകളുടെ സാമ്പത്തിക പദവി.

പിണ്ടിമന ഗ്രാമപഞ്ചായത്ത് ഹിന്ദു — മുസ്ലീം ക്രൈസ്തവ മതവിഭാഗങ്ങൾ ഇടകലർന്ന ജീവിക്കുന്ന സാംസ്കാ രികത്തനിമയുടെ പാരമ്പര്യം നിലനിർത്തുന്ന ഗ്രാമപ്രദേശങ്ങളാണ് ., ആർഷ ദാരത സംസ്കാ രത്തിൻെറ ഓർമ്മകൾ അയവിറക്കുന്ന ഗ്രാമീണ സ്ത്രീകളുടെ ജീവിത ശൈലി ഈ പ്രദേശങ്ങളിൽ ഉടനീളം കാണാം. ഈശ്വരചിന്തയിലും അദ്ധ്യാനരംഗങ്ങലിലും അന്നും ഇന്നും ഇ പ്രദേശങ്ങളിലെ സ്ത്രീകൾ പുരുഷനോടെപ്പം നിൽക്കുന്നു.

സ്ത്രീ — പുരഷ— അനുപാതം എകദേശം തുല്യമായ പിണ്ടിമന പഞ്ചായത്തിന് സാമൂഹ്യരംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം ഉറപ്പ് വരുത്തോണ്ടതും നിലനിർത്തേണ്ടതും സാമൂഹത്തിൻെറ വളർച്ചയക്ക് അത്യന്താപേക്ഷിതമാണ്.

വനിത വിമോചന പ്രസ്ഥാനങ്ങളും സ്ത്രീപുരുഷ സമത്വവാദങ്ങളും കൊട്ടിഘോഷിക്കുമ്പോഴും പിണ്ടിമന ഗ്രാമത്തിലെ വനിതകൾ ക്ഷമാശീലത്തോടും ശാലീനതയോടും കൂടി കഴിഞ്ഞു വരുന്നു. ഭർത്തവിനും അതിഥികൾക്കും വളരെ സൂഷ്മതയോടെ ഭക്ഷണ പദാർത്ഥങ്ങൾ വിളമ്പുന്ന ഗൃഹനായികമാർ ഈ പഞ്ചായത്തിൻെറ സംസ്ക്കാര ചൈതന്യത്തിന് ഉത്തമോദാഹരണങ്ങളാണ്

വിദ്യാഭ്യാസമേഖലയിൽ ഈ പഞ്ചായത്തിലെ സ്ത്രീകൾ മുൻപന്തിയിലുണ്ട്. പഞ്ചായത്തിലെ സ്ത്രീകൾ മുൻ പന്തിയിലുണ്ട് പഞ്ചായത്തിലെ സ്ക്കൂളുകളിൽ പെൺ കുട്ടികളും ആൺ കുട്ടികളും പഠനകായിക രംഗങ്ങളിൽ ഒപ്പമാണെന്നുകാണാം. രോഗതുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ അവസ്ഥ പൊതുവെ മോശമാണെന്ന് അരോഗ്യവകുപ്പിൻെറ റിപ്പോർട്ടുകൾ സൂചിപ്പി ിയ്ക്കുന്നു. പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 7438 (ഏഴായിരത്തി നാനൂറ്റി മുപ്പത്തിയെട്ട്) ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിൻെറ അടിസഥാനത്തിൽ അമ്മമാരുടെ ആകെ എണ്ണം 1869 (ആയിരത്തി എണ്ണൂറ്റി ആറുപത്തി ഒൻപത്) (അവലംബം P.H.C. പിണ്ടിമന)

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്ക് വളരെയേറെ പ്രാധാന്യമുള്ളതാണ്

പഞ്ചായത്തിലെ ആകെ സ്ത്രീ തൊഴിലാളികളുടെ

പട്ടിക	എണ്ണം
കാർഷിക മേഖല	641
ചെറുകിട വ്യവസായ മേഖല	18
വൻകിട വ്യവസായ മേഖല	33
മറ്റുള്ളവ	29

1991— ലെ സെൻസസ്സ് പ്രകാരം.

സാങ്കേതികരംഗങ്ങളിലും കലാകായിക രംഗങ്ങളിലെ വനിതകൾ വളരെയധികം മുന്നിലാണെന്ന് കാണാം വ്യവസായ സംരംഭകരുടെ പട്ടികയിൽ സ്ത്രീകൾ മുൻനിരയിലേക്ക് പ്രവേശിക്കുന്നതേയുള്ളൂ ചെറുകിട യൂണിറ്റുകളിലായി പഞ്ചായത്ത് മേഖലയിൽ ഏതാനും മാത്രമേ പ്രവർത്തനം ആരംഭിച്ചിട്ടുള്ളൂ.

പ്രശ്നങ്ങൾ

* സ്ത്രീകളുടെ സാമൂഹ്യ അന്തസ്സ് നിലനിർത്തുന്നതിന് ആവശ്യമാ.യ സാമൂഹ്യവ്യവസ്ഥിതികളിലെ പാളിച്ചകൾ
* തൊഴിൽ മേഖലകളിൽ സ്ത്രീ വേതന രംഗങ്ങളിലെ ഏറ്റ കുറച്ചിലുകൾ.
* സംഘടനകളിൽ നേതൃത്വരംഗങ്ങളിൽ അനുഭവപ്പെടുന അവഗണന.
* മഹിളാസമാജങ്ങളുടെയും അംഗൻവാടികളുടെയും പ്രവർത്തനങ്ങളിലെ പോരായ്മകൾ.
* സ്ത്രീകളുടെ സാമൂഹ്യനിലവാരത്തകർച്ചക്ക് ഇടവരുത്തുന്ന ചിത്രീകരണങ്ങളും സിനിമകളും.
* അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും.
* വനിതാക്ഷേമപദ്ധതികളേക്കുറിച്ചുള്ള അറിവില്ലായ്മ.
* സമൂഹത്തിൽ സ്ത്രീകളുടെ പ്രാധാന്യം ഉറപ്പ് വരുത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകളുടെ അഭാവം.
* പൊതു സ്ഥലങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യമില്ലായ്മ

നിർദ്ദേശങ്ങൾ

* വനിതാ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക
* പരമ്പരാഗത വ്യവസായങ്ങൾ പുനർജ്ജീവിപ്പിക്കുന്നതിന്നും നിലനിർത്തുന്നതിനും സ്ത്രീകൾക്ക് മുൻഗണന നൽകുക.
* സംപൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.
* വനിതാക്ഷേമ പദ്ധികളെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ പ്രോത്സാഹിപ്പിക്കുക.
* മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.
* സ്ത്രീകൾക്കായി പ്രത്യേക നേതൃത്വ പരിശീലനം ഏർപ്പെടുത്തുക.
* അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരേയുള്ള ക്ലാസ്സുകൾ സംഘടിപ്പിക്കുക.
* പൊതു സ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
* സ്ത്രീ — പുരുഷ സമത്വ ബോധം വളർത്താൻ ഉപകരിക്കുന്ന വിദ്യാഭ്യാസ നവീകരണങ്ങൾ .
* വാർദ്ധക്യ — വിധവാ — വികലാം — കർഷക — പെൻഷൻ വിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കുക.
* വനിതാ വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും വിറ്റഴിക്കുന്നതിനും പഞ്ചായത്തും മഹിളാസമാജങ്ങളും അപ്പെക്സ് യൂണിറ്റായി പ്രവർത്തിക്കുക.
* വനിതാ ക്ഷേമത്തിന് ഉപകരിക്കുന്ന ഉപഭോക്തൃ കോടതികൾ രൂപീകരിക്കുക.
* വനിതകൾക്ക് സാമൂഹ്യവും സാംസ്ക്കാരികവും തൊഴിൽ പരവും കുടുംബപരവുമായ പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും പാലിക്കുവാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ഒന്നിച്ചുകൂടുന്നതിന് കമ്മ്യൂണിറ്റി ഹാളുകളും റീഡിംഗ്റൂമുകളും നിർമ്മിയ്ക്കുക.
* വനിതകൾക്ക് കുടുംബങ്ങളിൽ ആരംഭിക്കുവൻ സാധിക്കുന്ന കോഴി, ആട്, തേനീച്ച, കന്നുകാലി, മത്സ്യം , ചിപ്പ്സ്സ്, കറിപൗഡർ അച്ചാർ, മെഴുകുതിരി, സോപ്പ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, പനമ്പ് നെയ്ത്തു—
* മുതലായ യൂണിറ്റുകൾ ആരംഭിയക്കുന്നതിന് പ്രോത്സാഹനം നൽകുക.
* സ്ത്രീധനമെന്ന സാമൂഹ്യവിപത്തിൽനിന്നും പൂർണ്ണ സുരക്ഷിതത്വം നടപ്പിൽ ആക്കുക.
* നിരാലംബരായ വനിതകൾ വൃദ്ധകൾ വീധവകൾ, മുതലായവർക്ക് പ്രത്യേകം ആതുരാലയങ്ങൾ സ്ഥാപിക്കുക.

* ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, തയ്യൽ എംബ്രോയിഡറി, ടെലഫോൺ ബൂത്ത് മുതലായവ ആരംഭിക്കുന്നതിന്ന പ്രോത്സാഹിപ്പിക്കുക.
* സാമൂഹ്യനിലവാരതകർച്ചയ്ക്ക് ഹാനികരമാകുന്ന പോസ്റ്ററുകൾ നിരോധിക്കുക
* 8,9,10 എന്നീക്ലാസുകളിൽ പഠിച്ച് പരജയപ്പെടുന്നവർക്ക് തുടർന്നു പഠിക്കുന്നതിവ് ആവശ്യമായ കണ്ടൻസ്ഡ് കോഴ്സുകൾ ആരംഭിയ്ക്കുക
* ആരോഗ്യപരിപാലന സെമിനാറുകൾ ഏർപ്പെടുത്തുക മാതൃസംഗമം, മഹിളാ സമാജങ്ങൾ, പബ്ലിക്ക് ലൈബ്രറികൾ ഇവയുടെ പ്രവർത്തനങ്ങൾ കൂടുതൽ കര്യക്ഷമമാക്കുക.
* അടുക്കുക അടുക്കള തോട്ടങ്ങവ, പ്രോത്സാഹിപ്പിക്കുക. അന്ധ — മുക — ബധിര — വികലാംഗരുടെ വിദ്യാഭ്യാസം കാര്യക്ഷമമാക്കുക
* കാലാകായികരംഗങ്ങളിൽ കൂടുതൽ പ്രോത്സാഹനം നൽക്കുക.
* മാതൃഭാഷയോടൊപ്പം ഹിന്ദിയേയും പ്രോത്സാഹിപ്പിക്കുക.

7— സാമൂഹ്യക്ഷേമം

പിണ്ടിമന പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.

മലയോര കർഷകരും, കാർഷിക, തൊഴിലാളികളുമാണ് ഭൂരിഭാഗവും അതുകൊണ്ട് സർക്കാരും, സാമൂഹ്യക്ഷേമ വകുപ്പും പ്രഖ്യാപിക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് യഥാസമയം അറിവ് ലഭിയ്ക്കാത്തത് കൊണ്ട് വേണ്ട സമയത്ത് അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതാണ് ഒരു കാരണം അതുകൊണ്ട് തന്നെ ക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ കൊണ്ട് വാർദ്ധക്യകാല പെൻഷൻ വിധവാ പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവ അർഹതയുള്ള പലർക്കും ലഭിക്കുന്നില്ല. ആയതിനാൽ ക്ഷേമ പദ്ധതികളെക്കുറിച്ച് കലാകാലങ്ങളിൽ അറിയിപ്പ് നൽകുകയും വേണ്ടത്ര ബോധവൽക്കരണം നടത്തുകയും വേണം.

ഈ പഞ്ചായത്തിലെ അംഗനവാടികൾക്ക് സ്വന്തമായി കെട്ടിടമോ, കളിപ്പാട്ടങ്ങളോ വേണ്ടത്രയില്ല. ഈ പ്രദേശത്ത് 12 ഓളം മഹിളാ സമാജങ്ങളുണ്ട്. അവയുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല. ഈ മേഖലയിൽ 8ൽപ്പരം നേഴ്സറിസ്കൂളുമുണ്ട് .

പ്രശ്നങ്ങൾ

* 10 ഓളം പേർക്ക് ട്രൈസം തൊഴിൽ പരിശീലനം ലഭിച്ചെങ്കിലും സ്വയം ,തൊഴിൽ രംഗത്തേക്ക് കടന്ന് വന്നിട്ടില്ല.
* IRDP ലോൺ എടുത്തു ഉപയോഗത്തിലെ കാര്യക്ഷമതകുറവുമൂലം കടക്കാരായി തീർന്നവർ അനവധിയുണ്ട് എന്നാൽ അപൂർവ്വം ചിലർ വേണ്ട രീതിയിൽ ഉപയോഗിച്ചിട്ടുമുണ്ട് ദാരിദ്ര നിർമ്മാർജ്ജന പദ്ധതികൾ വളരെക്കുറച്ച് കുടുബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.
* മാതൃത്വ സഹായ പദ്ധതി വിധവാപെൻഷൻ വാർദ്ധക്യകാല പെൻഷൻ മുതലായ നിലവിലുള്ള പദ്ധതികളുടെ പോരായ്മകൾ
* IRDP പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വരിൽ അനർഹരായ ധാരാകളം കുടുംബങ്ങളുണ്ട്. ഇത് മൂലം അർഹരായവർക്ക് ആനുകൂല്യം ലഭിക്കാതെ വരുന്നു.
* അഴിമതിയും ഇടത്തട്ടുകാരുടെ ചൂഷണവും ഈ പദ്ധതിയിൽ നിലനിൽക്കുന്നു.
* ക്ഷേമ പദ്ധതി കളുടെ വിവരങ്ങൾ യഥാസമയം ലഭിക്കുന്നില്ല.
* ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങൾ യഥാ സമയം ലഭിക്കുന്നില്ല.
* തൊഴിൽ പരിശീലന പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ല.

പരിഹാരങ്ങൾ

* IRDP സർവ്വേലിസ്റ്റ് പരിശോധിച്ച് അർഹരായ വർക്ക് ആനുകാല്യങ്ങൾ ലഭിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കുക.
* വനിതകൾക്കായി DWCRA യൂണിറ്റുകൾ ആരംഭിച്ച തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുക
* ട്രൈസംതൊഴിൽ പരിശീലനം കാര്യക്ഷമമാക്കുകയും പുതിയ തൊഴിൽ പദധതികൾ നടപ്പാക്കുകയും ചെയ്യുക.
* ധന സഹായ പദ്ധതികൾക്ക് അർഹരായ വരെ കണ്ടെത്തുന്നതിനും . ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ജനകീയ സമിതി രൂപീകരിക്കുക.
* എല്ലാ വർഡുകളിലും മഹിളാസമാജങ്ങൾ രൂപീകരിച്ച് പോഷകാഹാര പ്രതിരോധ ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
* വികലാംഗർക്കുള്ള യാത്രാബത്ത
* വികലാംഗവിദ്യാർത്ഥികൾക്കുള്ള കേന്ദ്ര സ്കോളർഷിപ്പ്.
* ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്
* തൊഴിൽ പരിശീലനത്തിനും വികലാംഗസംരക്ഷണ ഭവനങ്ങൾ പണിയുന്നതിനുള്ള ധനസഹായവും പ്രോത്സാഹനവും പട്ടികജാതി പട്ടികവർഗ്ഗേതര മിശ്രവിവാഹ ദമ്പതികൾക്കുള്ള ധനസഹായ പദ്ധതി.
* വികലാംഗ ക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധ പദ്ധതി.
* വാഹന ഉടമകളായ വികലാംഗങ്ങർക്ക് പെട്രോൾ സബ്സിഡി ലഭിക്കുന്നതിനുള്ള പദ്ധതി
* അന്ധരായ അഭിഭാഷകർക്കുള്ള ധനസഹായ പദ്ധതി.

8. സഹകരണ മേഖല.

1.സർവ്വീസ് സഹകരണ സംഘങ്ങൾ

വ്യക്തി സമൂഹത്തിനും, സമൂഹം വ്യക്തിയ്ക്കും വേണ്ടി നിലകൊള്ളുന്നു. സഹകരണമേഖലയിൽ പിണ്ടിമന പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകളാണ് ഉള്ളത്

1. മാലിപ്പാറ E 18 നമ്പർ സർവ്വീസ് സഹകരണ ബാങ്ക്
2. പിണ്ടിമന E 25 നമ്പർ സർവ്വീസ് സഹകരണ ബാങ്ക്

1960 — ൽ ആണ് രണ്ട് ബാങ്കുകളും രജിസ്റ്റർ ചെയ്തത്. മാലിപ്പാറ E 18 ൽ 3600 ൽ പരം അംഗങ്ങളും പിണ്ടിമന E 25 ൽ 2700ൽ പരം അംഗങ്ങളും ഉണ്ട്. രണ്ട് ബാങ്കുകളിൽ നിന്നും വിവിധയിനം വായ്പകളിലായി 3.75 കോടി രൂപയോളം വിതരണം നടത്തിയിട്ടുണ്ട്. അംഗങ്ങൾക്ക് ആവശ്യമായ എല്ലായിനം വായ്പകളും കൊടുത്തുവരുന്നു. ഹൃസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകളും വിതരണം നടത്തുന്നു. രണ്ട് ബാങ്കുകളും നല്ലനിലയിൽ പ്രവർത്തിച്ചു വരുന്നു. കാർഷകരുടെ 90% ആവശ്യങ്ങളും ഈ രണ്ട് ബാങ്കുകൾ വഴി ലഭ്യമാകുന്നു.

കൂടാതെ രണ്ട് ബാങ്കുകൾക്കും പഞ്ചായത്തിൽ വിവിധ പ്രദേശങ്ങളിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന കൺ സ്യൂമർ സ്റ്റോറുകളും, വളം ഡിപ്പോകളും ഉണ്ട് 30 ലക്ഷം രൂപയുടെ ഓഹരിയുണ്ട്. സഹകാരികളുടെയും, മാനേജ്മോൻറി ന്റെറയും സ്റ്റാഫിന്റെറയും പൂർണ്ണമായ സഹകരണത്തിൽ നല്ലനിലയിൽ ബാങ്കുകൾ പ്രവർത്തിക്കുന്നു.

2. ക്ഷീരോല്പാദക സഹകരണസംഘം

സഹകരണമേഖലയിൽ ഗവ: ആഭിമുഖ്യമുള്ള 3 മിൽമാക്ഷീരോൽ പാദക സഹകരണ സംഘങ്ങളും 5 നിർമ്മൽ ഗ്രാം വനിതാ ഡയറി സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന വർക്കും മിച്ചമുള്ള പാൽ വിറ്റഴിക്കുന്നതിന്നും മേൽപറഞ്ഞ സ്ഥാപനങ്ങൾ നല്ല സേവനങ്ങളാണ് കാഴ്ചവെക്കുന്നത്. എകദേശം 1400 ലിറ്റർ പാൽ ഈ സ്ഥാപനങ്ങൾ വഴി വിൽപന നടത്തുന്നുണ്ട് സംഘങ്ങൾ വഴി കാലിതീറ്റകൾ വിതരണം നടത്തുന്നു. നല്ലയിനം പുൽതൈകളും വിതരണം നടത്തുന്നു. നല്ലയിനം കറവപശുക്കളെ വാങ്ങുന്നതിന് വായ്പ ലഭ്യമാകുന്നുണ്ട്. പഞ്ചായത്തിൽ മൊത്തം നല്ലയിനം പശുക്കളാണ് അധികം ഉള്ളത്.

3.ഹരിജൻ സഹകരണ സംഘം

ചെങ്കരഭാഗത്ത് ഒരു ഹരിജൻ സംഘം പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഈ സംഘം നല്ല രീതിയിൽ പ്രവർത്തിക്കുന്നില്ല. ഈ സംഘത്തിന്റെറ ഉടമസ്ഥതയിൽ തയ്യൽ പരിശീലനം തുടങ്ങിയെങ്കിലും ഇപ്പോൾ വേണ്ടരീതിയിൽ അതും പ്രവർത്തിക്കുന്നില്ല.

4.കൺസ്യൂമർ സഹകരണ സംഘം.

മുത്തംക്കുഴിയിൽ പഞ്ചായത്തിന്റെറ ആസ്ഥാനത്ത് തല്ല രീതിയിൽ പ്രവർത്തിക്കുന്ന കൺസ്യൂമർ സഹകരണ സംഘം ഉണ്ട് സംഘം വഴി ഈ പ്രദേശത്തുള്ള ആളുകൾക്ക് ആവശ്യമായ നിത്യ ഉപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നു. ആയതിനാൽ സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്നും ആളുകൾക്ക് മോചനം ലഭിക്കുന്നു.

5.റബർ ഉൽപാദക സഹകരണ സംഘം.

പഞ്ചായത്തിൽ 4 റബർ ഉൽപാദക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2 റബ്ബർ ഉൽപാദക സംഘങ്ങൾ ലാറ്റക്സ് ശേഖരിക്കുന്നണ്ട് . സംഘങ്ങൾ വഴി റബർ കർഷകന് ആവശ്യമായ വളങ്ങളും, കീടനാശിനികളും, മറ്റു സാധനങ്ങളും വിതരണം നടത്തുന്നു.

6.വനിതാസഹകരണസംഘം

കോതമംഗലം താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഒരു വനിതാ സംഘം പ്രവർത്തിക്കുന്നു. എന്നാൽ പഞ്ചായത്തുതലത്തിൽ വനിതാ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. വനിതകളുടെ ഉന്നമനത്തിനും സമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുന്ന തിന്നും മറ്റും

പഞ്ചായത്തു തലത്തിൽ വനിതാ സഹകരണ സംഘങ്ങൾ ഉടൻ സ്ഥാപിക്കണം

7 മാർക്കറ്റിങ്ങ് സഹകരണ സംഘം

കോതമംഗലം താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന ഒരു റബ്ബർ മാർക്കറ്റിങ്ങ് സഹകരണ സംഘം ആണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ഈ സംഘത്തിൽ പഞ്ചായത്തിലെ ആളുകൾ പലരും അംഗങ്ങളാണ് പഞ്ചായത്തു അടിസ്ഥാനത്തിൽ ഒരു മാർക്കറ്റിങ്ങ് സംഘം എത്രയും വേഗം തുടങ്ങണം, റബ്ബറും തെങ്ങും ഏറ്റവും അധികം വളരുന്ന ഈ പ്രദേശത്ത് മാർക്കറ്റിങ്ങ് സംഘം വളരെ അത്യാവശ്യമാണ്.

8. കേരകർഷകസംഘം

നാളികേരത്തിന്റെ ഉൽപാദന ചിലവും നാളികേരത്തിന്റെ വിലയും ആയി തുലനം ചെയ്യുമ്പോൾ ഇപ്പോൾ ലിഭിക്കുന്ന വില തികച്ചും അപര്യാപ്തമാണ്. പഞ്ചായത്തിലെ തെങ്ങ് കർഷകരെ കോർത്തിണക്കി കൊണ്ട് ഒരു കേരകർഷക സംഘം രൂപീകരിച്ചാൽ അത് മുഖേന ഉൽപാദന ഉപാധികൾ സംഘം വഴി വിതരണം ചെയ്യുന്നതിനും തദ്വാര ചിലവുകൾ കുറക്കുന്നതിന്നും സാധിക്കും കേരഫെഡിന്റെ സഹായത്തോടെ കൊപ്രാ സംഘം വഴി വിറ്റഴിക്കുനതു കൊണ്ട് നാളികേരത്തിനു ന്യായമായ വിലയും ലഭിക്കും.

9.വ്യവസായ സഹകരണ സംഘം

സോപ്പ് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കറിപൗഡറുകൾ, റെഡിമെയ്ഡ് നിർമ്മാണയൂണിറ്റ്, ചെരുപ്പ് നിർമ്മാണം ചകിരി നിർമ്മാണ യൂണിറ്റ്, ചെറുകിട കുടിൽ വ്യവസായങ്ങൾ. റബർ ബാൻറ് നിർമ്മാണം ഇതിനെല്ലാം വേണ്ടി പഞ്ചായത്തു തലത്തിൽ ഒരു മിനി ഇൻഡസ്ട്രീസ് രൂപികരിച്ച്, അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്ക് പ്രോത്സാഹനം നൽക്കുക ഇതുമൂലം പഞ്ചായത്തിലെ രൂക്ഷമായ തൊഴിലില്ലായ്മ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും വനിതാ വ്യവസായ യൂണിറ്റുകൾക്ക് പ്രോത്സാഹനം നൽകണം.

10.മത്സ്യ സഹകരണ സംഘം

പഞ്ചായത്തിന്റെ വിവിധ സ്ഥങ്ങളിൽ ചിറകളും, കുളങ്ങളും നന്നാക്കി എടുത്ത് മത്സ്യകൃഷി നടത്തുവാൻ സാധിക്കും ഈ രംഗത്ത് ഇപ്പോൾ പഞ്ചായത്തു തലത്തിൽ യാതൊരു മുന്നേറ്റവും ഉണ്ടായിട്ടില്ല.

സഹകരണ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ.

1. പലപ്പോഴും മാനേജ് മെൻറിന്റെ കാര്യക്ഷമതയില്ലായ്മ.
2. തൊഴിലാളികളുടെ പങ്കാളിത്തക്കുറവ്.
3. സങ്കുചിതമായ കക്ഷി രാഷ്ട്രീയാടിസ്ഥാനത്തിലുള്ള മത്സരങ്ങൾ
4. അഴിമതി, സ്വജനപക്ഷമാതം
5. ദൂർവ്യയം
6. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നു ചെല്ലാനുള്ള ആത്മ ധൈര്യമില്ലായ്മ
7. അമിതമായ എസ്റ്റാബ്ലിഷ്മെൻറ് ചിലവ്
8. ഡിപ്പാർട്ട് മെൻറൽ മേധാവിത്വം
   സംഘങ്ങളിൽ വായ്പകൾ ലഭിക്കുന്നതിന് വസ്തുരജീസ്ട്രർ ചെയ്യുന്നതു ഒഴിവാക്കുക.
   ആധാരം പണയത്തിന്മേൽ വായ്പകൾ വിതരണം നടത്തുക.
   പാട്ടചീട്ട് വ്യ വസ്ഥയിൽ പണ്ട് ഉണ്ടായിരുന്ന വായ്പ സംവിധാനം തുടർന്നും ഏർപ്പെടുത്തുക.

സബ് രജിസ്ട്രാർ ഓഫീസ്.

പഞ്ചായത്തിലെയും സമീപ പ്രദേശ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി എത്രയും വേഗത്തിൽ പഞ്ചായത്തിന്റെ ചേലാട്ട് കവലയിൽ ഒരു സബ്രജിസ്ട്രർ ഓഫിസ് തുറന്നു പ്രവർത്തിക്കണം . കീരമ്പാറ, കുട്ടമ്പുഴ പിണ്ടിമന ഈ പഞ്ചായത്തുകളിൽ ഉള്ള ജനങ്ങൾ കീലോമീറ്റുകളോളം അകലത്തിൽ സ്ഥിതി ചെയ്യുന്ന കോതമംഗലം രജിസ്ട്രാർ ആഫീസിൽ പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കാം. സഹകരണസംഘങ്ങളിൽ നിന്നും വായ്പ എടുക്കുന്നവർക്ക് ഇപ്പോൾ വളരെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പ്രമാണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന്. ആയതിനാൽ പുതിയ സബ്രജിസ്ട്രാർ ആഫീസ് അനുവദിക്കുക. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ എത്രയും വേഗം നിയന്ത്രിക്കുക അല്ലാത്ത പക്ഷം സഹകരണ സംഘങ്ങൾ ഭാവിയിൽ നിന്നു പോകാൻ തന്നെ സാദ്ധ്യതയുണ്ട്.

സാദ്ധ്യതകൾ

പുതിയ സഹകരണസംഘങ്ങൾ രൂപികരിക്കുക.
പ്രൊഫഷനൽ മാനേജ്മെൻറ് പരിശീലനം, സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കൽ നിലവിലുള്ള ഉദ്പാദന സഹകരണ സംഘങ്ങളുടെ ഉൽപാദനക്ഷമത ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.
ലേബർ കോൺട്രാക്ട് സൊസൈറ്റികൾ പോലുള്ള നൂതനസംരംഭങ്ങൾ.

ക്രഡിറ്റ് സംഘങ്ങളിൽ അംഘങ്ങളുടെ ആവശ്യത്തിന നുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കാൻ ശ്രദ്ധിക്കുക.

നിക്ഷേപങ്ങൾ

ഷെഡ്യൂൾഡ് ബാങ്കുകളെ അപേക്ഷിച്ചു സഹകരണ ബാങ്കുകൾ ഹ്യസ്വകാല, ദീർഘകാല നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശ നൽകുന്നുണ്ടെങ്കിലും, ആനുപാതികമായി നിക്ഷേപ സമാഹരണ രംഗത്ത് പുരോഗതി ആർജ്ജിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സാധിക്കുന്നില്ല. സർക്കാർ തലത്തിൽ നിക്ഷേപങ്ങൾക്ക് പൂർണ്ണമായ ഉറപ്പ് നല്കുക. പണമിടപാടുകാരോടു ബന്ധപ്പെട്ടവരുടെ സമീപനം, നിക്ഷേപങ്ങളെകുറിച്ച് കക്ഷികൾക്ക് ഉണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കണം. കൂടാതെ സംഘങ്ങളിൽ ചിട്ടികൾ നടത്തുന്നതിന് ഇപ്പോൾ 25000 രൂപ സലയുള്ളതിന് അനുവാദം ഉള്ളൂ ഇത് ഒരു ലക്ഷം രുപ വരെ സലയുള്ള ചിട്ടികൾ ആക്കി ഉയർത്തണം. സ്വകാര്യ പണമിടപാടുകാരുമായി ഇപ്പോൾ സഹകരണ സംഘങ്ങൾ മത്സരിക്കേണ്ടതായിവന്നിരിക്കുന്നു.

പഞ്ചായത്തിലുള്ള എല്ലാ കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും സംഘത്തിൽ അംഗങ്ങളായി ഉണ്ട് എന്നാലും അംഘങ്ങളല്ലാത്ത ആളുകൾ ഇനിയും ഉണ്ട് .

മോട്ടോർ സഹകരണ സംഘവും, സഹകരണ മോഖലയിൽ ഔഷധചെടിനിർമ്മാണ യുണിറ്റും തുടങ്ങണം


ക്ഷീരോൽപാദക സംഘങ്ങളിലെ പ്രശ്നങ്ങൾ

ഉൽപാദനചിലവ് കുറയ്ക്കുന്നതിന്ന് നികുതി രഹിതമായ കാലിതീറ്റ സബ്സിഡി നിരക്കിൽ ക്ഷിരോൽപാദക സഹകരണ സംഘം വഴികർഷകന് ലഭ്യമാക്കുക. പുൽകൃഷി വികസിപ്പിക്കുന്നതിന്, ആവശ്യമായ പുൽ വിത്ത് വളം എന്നിവ സൗജന്യമായി ക്ഷീരസംഘം മുഖേന നടത്തുക. കുളമ്പുരോഗവും , മറ്റുരോഗങ്ങളും വരാതിരിക്കുന്നതിന് സൗജന്യ മായി പ്രതിരോധ കുത്തിവയ്പ്പ് നടത്തുക. കറവമാടുകളെ ഇൻഷൂർ ചെയ്യുന്നതിന്റെ 50% എങ്കിലും സർക്കാർ സബ്സിഡിയായി നൽകുക. അത്യുൽപാദനശേഷിയുള്ള കാലിസമ്പത്തു ഉണ്ടാക്കിയെടുക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുക.

I C. D. P. Subcentre കൾ എല്ലാ പ്രദേശങ്ങളിലും തുറന്നു പ്രവർത്തിക്കണം. സഹകരണ രംഗത്ത് കൂടതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ പല സംഘങ്ങളും കാഴ്ച വയ്ക്കുന്നുണ്ടെങ്കിലും, ഇന്നും സഹകരണ മേഖലയിലൂടെ ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കുവാൻ പലപദ്ധതികളും സംഘടിപ്പിക്കുവാൻ സാധിക്കും. ഇങ്ങനെയുള്ള നേട്ടങ്ങൾ ഉണ്ടാക്കുന്നതിന് വിപുലവും കാര്യക്ഷമവും ഭാവനാപൂർണ്ണവും ആയിട്ടുള്ള പ്രചരണ പ്രവർത്തന പരിപാടികൾ സഹകരണ പ്രസ്ഥാനവും സഹകരണ യുണിയനും നടപ്പാക്കേണ്ടതാണ് ഇതോടൊപ്പം തന്നെ സഹകരണ പ്രസ്ഥാനത്തിനും ഇപ്പോഴത്തെ സാമ്പത്തിക വ്യവസ്ഥ അനുകരിച്ചുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട്. വളരെ കാര്യക്ഷമമായ തോതിൽ പ്രവർത്തിക്കുവാനും സാധിക്കേണ്ടതാണ്. ഇങ്ങനെയുള്ള പരിപാടികൾ വിജയിപ്പിക്കുവാനും ഇതിനേപ്പറ്റിയുള്ള കാര്യങ്ങളിൽ വെളിച്ചം വീശുവാനും സഹകരണ പ്രസ്ഥാനത്തിനു സാധിക്കും

9— വിഭവസമാഹരണം.

പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വിഭവസമാഹരണം ,തൊഴിൽ നികുതി, കൊട്ടിടനികുതി, വീനോദനികുതി തുടങ്ങിയവയാണ് കുടൂതെ ഗവ: ൽനിന്നും ലഭിക്കുന്ന നികുതി വിഹിതവും ഗ്രാൻറും ഉണ്ട്. തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ മറ്റുവരുമാനമാർഗങ്ങൾ ഒന്നുംതന്നെയില്ല. പുതിയ വ്യവസായങ്ങൾ ഉണ്ടാവുന്നത് വഴി പഞ്ചായത്തിന് നികുതി ഇനത്തിലും മറ്റും വരുമാനം കൂടും ഇപ്പോഴുള്ള വരുമാനം പ്രധാനമായും എസ്റ്റാബ്ലിഷ് മെൻറ് ഇനങ്ങളിൽ ചിലവാക്കുകയാണ് കുടാതെ സ്ട്രീറ്റ് ലൈറ്റുകളുടെ കറൻറ് ചാരജ്ജ് വാട്ടർസപ്ലയുടെ ചിലവിന്റെ വിഹീതം തുടങ്ങിയ കഴിച്ചാൽ വികസനപ്രവർത്തനത്തിന് പണമില്ലാത്ത സ്ഥിതി വിശേഷമാണ് നിലവിലുള്ളത്. പഞ്ചായത്ത് ആസ്ഥാനമായ മുത്തംകുഴിയിൽ ഒരു മിനിമാർക്കറ്റ്കം Shopping complex സ്ഥാപിച്ചാൽ കർഷകർക്ക് ഉത്പന്നങ്ങൾ വിറ്റയിക്കുന്നതിന്നും പഞ്ചായത്തിന് നികുതിയും ലഭിക്കും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വികസനരൂപരേക തയ്യാറാക്കിയാൽ വരുമാനം വർദ്ധിക്കും ഉദാഹരണം ഭൂതഃത്താൻ കെട്ട് ടൂറിസ്റ്റ് കേന്ദ്രമാകുമ്പോൾ അവിടെ ഒരു ഷോപ്പിഗ് കോംപ്ലക്സ് നിർമ്മിക്കുകയും ചെയ്താൽ പഞ്ചായത്തിന് സ്ഥിരമായ വരുമാനം ലഭിക്കും. ഇരപ്പുങ്കൽകവലയിൽ പഞ്ചായത്തിന് സ്വന്തമായിട്ടുള്ള സഥലത്തും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചിൽ നിലവിലുള്ളതും ഭാവിയിൽ വരാവുന്നതുമായ സക്കാർ ഓഫീസുകൾ പിണ്ടിമന പഞ്ചായത്തിൽ നിലനിൽക്കുന്നതും വരുമാനം കുടുതൽ ലഭിക്കുന്നതുമാണ് അയയ്ക്കാട്ട് തൈക്കാവും പടിയിൽ പഞ്ചായത്ത് വകം ഷോപ്പിംഗ് കം കോംപ്ലക്സ്സ്ഥാപിക്കാവുന്നതാണ്. കുളങ്ങാട്ടുകുഴി ബസ്റ്റാൻഡിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കാവുന്നതാണ്. ഭൂതത്താൻ കെട്ട് ടൂറിസ്റ്റ് കേന്ദ്രമായി മാറുമ്പോൾ പെരിയാർ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ കൃാച്ച്മെൻറ് ഏരിയായിൽ വെള്ളം വളരെ കുറ്ച്ച് മാത്രം വരുന്ന ഭഗങ്ങൾ വലതുകരകനാലിൽനിന്നും എടുക്കുന്ന മണ്ണിട്ട് നികത്തി എടുത്തൽ ടൂറിസം വിസനത്തിന് ഉപയോഗിക്കാവുന്നതും അതുവഴി പഞ്ചായത്തിന് വരുമാനം ലഭിക്കാവുന്നതുമാണ്. ആമല, ഇരപ്പുകൽ പാലയ്ക്കാട്ടുതോട്, ഭൂതത്താൻ കെട്ട് എന്നീ ജലവൈദ്യുത പദ്ധതികളിലൂടെ പഞ്ചയത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ് കെട്ടിടനികുതികൾക്ക് വെണ്ടിയും മൂല്യനിർണ്ണയം നടത്തുമ്പോഴുള്ള അപാതകൾ പരിഹരിക്കേണ്ടതാണ്. ഇതു മൂലം പഞ്ചായത്തിലെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും കുടിവെള്ളം റോഡുനിർമ്മാണം തുടങ്ങിയ മേഖലകളിൽ മാനുഷിക വിഭവം സന്നദ്ധസേവനത്തിലൂടെ ഫലപ്രദമായി വിനിയോഗിക്കാവുന്നതാണ് ഭൂതത്താൻ കെട്ട് ടൂറിസം പദ്ധതിയിൽ സ്വകാര്യസംരംഭകരെ കൂടി പങ്കാളികളാക്കുന്നതിൽ കാര്യക്ഷമമാക്കാവുന്നതാണ്.



ടൂറിസം

ടൂറിസം വികസനത്തിന് അനന്തമായ സാധ്യതകളാണ് പിണ്ടിമന ഗ്രാമപഞ്ചായത്തിനുള്ളത്. പ്രസിദ്ധമായ ഭൂതത്താൻകെട്ട് ടൂറിസ്റ്റ് കേന്ദ്രം ഈ ഗ്രാമ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഭൂതത്താൻകെട്ടിൽ നിന്നും നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് 30 കിലോമീറ്റർ ദൂരമാണ് ഉള്ളത്. കൊച്ചി–മധുര ഹൈവേയിലുള്ള കോതമംഗലം 10 കിലോമീറ്ററിലാണ് സ്ഥിതിചെയ്യുന്നത്. ഇടമലയാർ ജലവൈദ്യുത പദ്ധതി തട്ടേക്കാട് പക്ഷി സങ്കേതം, ചേലമലകോട്ട ആദിശങ്കരന്റെ ജന്മസ്ഥലമായ കാലടി, തീർത്ഥാടന കേന്ദ്രമായ മലയാറ്റൂർ, ടൂറിസ്റ്റ് കേന്ദ്രമായ അതിരപ്പിള്ളി നിർദ്ദിഷ്ട പൂയം കൂട്ടി ജലവൈദ്യുതി പദ്ധതി പ്രദേശങ്ങൾ ഇവയെല്ലാം തന്നെ ഭൂതത്താൻകെട്ടിന് അടുത്തുള്ള പ്രദേശങ്ങളാണ്. ഇപ്പോൾ വിദേശികൾ അടക്കം ധാരാളം ടൂറിസ്റ്റുകൾ ഭൂതത്താൻകെട്ട് സന്ദർശിക്കുന്നതിനായി നിത്യേന വന്നുപോകുന്നുണ്ട്. എന്നാൽ ഇങ്ങനെ വരുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പോലും ലഭ്യമല്ല.

പ്രശ്നങ്ങളും സാധ്യതകളും

ഭൂതത്താൻകെട്ട് ജലാശയവും തൊട്ടടുത്തുള്ള സ്വാഭാവിക വനങ്ങളും ബന്ധപ്പെടുത്തി "കിഡ്കോ" ഒരു വികസന രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇത് എത്രയും പെട്ടെന്ന് നടപ്പാക്കുകയും അതോടൊപ്പം തന്നെ സ്വകാര്യ സംരംഭകരെ കൂടി ഇതിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഭൂതത്താൻകെട്ട് ജലാശയം തട്ടേക്കാട്, കുട്ടമ്പുഴ, നേര്യമംഗലം മുതലായ പ്രദേശങ്ങളിലേക്ക് വ്യാപിച്ച് കിടപ്പുണ്ട്. ഈ ജലാശയത്തിൽ ഹൗസ് ബോട്ടുകൾ, സ്പീഡ് ബോട്ടുകൾ, പെഡൽ ബോട്ടുകൾ എന്നിവ പൊതുമേഖലയിലും സ്വകാര്യ മേഖലയിലും വാടകക്ക് ലഭ്യമാക്കണം.

ഇത്തരം ബോട്ടുകൾക്ക് ഇപ്പോൾ മണ്ണിട്ട് നികത്തിക്കൊണ്ടിരിക്കുന്ന ഈറ്റ കനാലിന്റെ ബാക്കി ഭാഗം നികത്തിയെടുത്താൽ ജെട്ടികളും പാർക്കുകളും നിർമ്മിക്കാവുന്നതാണ്. ഇതിനുള്ള മണ്ണ് ഇടമലയാർ ഇറിഗേഷൻ പ്രോജക്ട് കനാൽ സൈറ്റിൽ നിന്നും എടുക്കാവുന്നതാണ്.

കെട്ട് വാതിൽ എന്നറിയപ്പെടുന്ന പഴയ ഭൂതത്താൻകെട്ട് ഐതിഹ്യങ്ങളും കെട്ട് കഥകളും നിറഞ്ഞ പ്രകൃതിരമണീയമായ ഒരു സ്ഥലമാണ്. സ്വാഭാവികവനത്തിന്റെ സാമീപ്യവും പ്രകൃതി സൗന്ദര്യം നിറഞ്ഞൊഴുകുന്ന ഭൂപ്രകൃതിയും ഉപദ്രവകാരികളല്ലാത്ത വന്യമൃഗങ്ങളുടെ സാന്നിദ്ധ്യവും ഈ സ്ഥലത്തിന്റെ മാത്രം പ്രത്യേകതയാണ്. എന്നാൽ ഇപ്പോൾ ഈ സ്ഥലത്ത് എത്തണമെങ്കിൽ കാട്ടിനുള്ളിൽ കൂടി ബഹുദൂരം കാൽനടയായി സഞ്ചരിക്കേണ്ടതുണ്ട്. എന്നാൽ പെരിയാറിന്റെ ഇടതുകരയിൽ കൂടി നിലവിലുള്ള റോ. വികസിപ്പിച്ച് എടുക്കാവുന്നതേയുള്ളൂ. കൂടാതെ പഴയ ഭൂതത്താൻകെട്ടിന് സമീപത്തായി പുഴയരികിൽ പിക്നിക് സ്പോട്ടുകളും പിക്നിക് ഷെൽട്ടറുകളും നിർമ്മിക്കേണ്ടതാണ്.

പഴയ ഭൂതത്താൻകെട്ട് ഭാഗത്തു പുഴക്ക് വീതി വളരെ കുറവായതിനാൽ അവിടെ ഒരു തൂക്കുപാലം നിർമ്മിച്ചാൽ വനത്തിൽ കൂടി നടന്നു വരുന്ന ടൂറിസ്റ്റുകൾക്ക് ഇടതുകരയിൽ നിർമ്മിക്കുന്ന പിക്നിക് ഷെൽട്ടറുകളിൽ എത്താൻ കഴിയും.

ഭൂതത്താൻ കെട്ട് ഡാമിന് താഴെയുള്ള പെരിയാർ തീരം ശക്തിയായ മണ്ണിടിച്ചിലിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ടി ഭാഗം കരിങ്കൽ കെട്ടി സംരക്ഷിക്കണം.

ഭൂതത്താൻകെട്ട് ടൂറിസ്റ്റ് മേഖലയിൽ എത്തുന്ന സന്ദർശകരുടെയും പ്രാദേശിക നിവാസികളുടെയും സാമൂഹ്യ അന്തസ്സ് നിലനിറുത്തുന്നതിന് ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്. ടൂറിസ്റ്റുകളുടെ സഹായത്തിനായി ഗൈഡൻസ് സെൽ സ്ഥാപിക്കുകയും അതോടൊപ്പം തന്നെ ടെലിഫോൺ മുതലായ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

ഭൂതത്താൻകെട്ട് ടൂറിസ്റ്റ് കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി ചെറുതും വലുതുമായ ഷെയറുകൾ തദ്ദേശീയരുടെയും വിദേശ മലയാളികളുടെയും സഹകരണത്തോടെ സമാഹരിച്ച് നെടുമ്പാശ്ശേരി, ഗോശ്രീ പദ്ധതികൾ പോലുള്ള സൊസൈറ്റികളുടെ മാതൃകയിൽ ഭൂതത്താൻകെട്ട് വികസന സൊസൈറ്റിക്ക് രൂപം നൽകേണ്ടതാണ്.

സംസ്ഥാന ടൂറിസം വാരാചരണത്തോടനുബന്ധിച്ച് ഭൂതത്താൻകെട്ട് ഫെസ്റ്റ് സംഘടിപ്പിക്കേണ്ടതാണ്.

ഉപസംഹാരം

നമ്മുടെ രാജ്യത്ത് ഇദം പ്രഥമായിട്ടാണ് ജനപങ്കാളിത്ത ആസൂത്രണം ഒരു യാഥാർത്ഥ്യമായിതീരാൻ പോകുന്നത്. ഇത്രചുരുങ്ങിയ സമയം കൊണ്ട്, സമയബന്ധിതമായിതന്നെ, താഴെത്തട്ടിൽ നിന്നുള്ള ഈ ആസൂത്രണ പ്രക്രിയ വിജയകരമായി പൂർത്തിയാക്കാനാവും എന്ന ആത്മവിശ്വാസം നാം നേടിയിരിക്കുന്നു.

പിണ്ടിമന ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് രൂപീകരണത്തിനായി നടത്തപ്പെട്ട ഒമ്പത് വിശേഷാൽ ഗ്രാമസഭകൾ, ദ്വിതീയ സ്ഥിതിവിവരശേഖരണങ്ങൾ, പഠനപര്യടനം, വകുപ്പ് മേധാവികളുടെ നടപ്പു പദ്ധതികളെക്കുറിച്ചുള്ള അവലോകനം നാട്ടറിവു ശേഖരണം എന്നീ കാര്യങ്ങളിലെല്ലാം പ്രകടമായിക്കണ്ട താല്പര്യം, സഹകരണം പുത്തൻ രാഷ്ട്രീയ വികസന സംസ്കാരം ജനഹൃദയങ്ങളിൽ എത്തി എന്നതിന്റെ പ്രത്യക്ഷമായ തെളിവുകളാണ്. ജനകീയ ആസൂത്രണത്തിന്റെ അടുത്ത ഘട്ടങ്ങളായ പഞ്ചായത്ത് വികസനസെമിനാർ, കർമ്മസമിതികളുടെ രൂപീകരണം, വികസന സ്കീമുകൾ തയ്യാറാക്കൽ എന്നീ രംഗങ്ങളിലും ഈ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്.

ജനകീയ ആസൂത്രണ പ്രക്രിയയിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, ജനങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണം ഇത്തരുണത്തിൽ സ്മരിക്കേണ്ടതുണ്ട്. സംസ്ഥാനതല പരിശീലനം ലഭിച്ചവർ, ജില്ലാതല പരിശീലനം ലഭിച്ചവർ, പ്രാദേശികപരിശീലനം ലഭിച്ചവർ, സംസ്ഥാന, ജില്ലാ ആസൂത്രണ സമിതി അംഗങ്ങൾ എന്നിവരെല്ലാം നൽകിവരുന്ന പ്രോൽസാഹനം ഓർക്കപ്പെടേണ്ടതാണ്.

ജന പ്രതിനിധികളുടെ നേതൃത്വത്തിൽ ബഹു ജന സംഘടനകളേയും, വിദഗ്ദ്ധരെയും ഉദ്യോഗസ്ഥരെയും, ജനങ്ങളെയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തന ശൈലി നടപ്പിൽ വരുത്തിക്കൊണ്ട്, ഈ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക പദ്ധതിച്ചെലവുമായി സംയോജിപ്പിച്ച് കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ ഉൽപ്പാദനത്തുറകളുടെ ഉൽപ്പാദനവും, ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും, സ്ത്രീകളുടെയും ദുർബല ജനവിഭാഗങ്ങളുടെയും താല്പര്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള സ്ഥായിയായ ഒരു വികസന പ്രക്രിയയ്ക്ക് 9—ാം പദ്ധതിക്കാലത്ത് നമുക്ക് തുടക്കം കുറിയ്ക്കാം.●



